بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

ലക്കം 1-2

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ജനുവരി 5-12/ഹി:ശം:1396 സ്വുൽഹ് 5-12/ഹി:ഖ: 1438 റ.ആഖിർ 6-13

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ നവംബർ 18 ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

قَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ اِنَّ اللّٰہَ یَبۡعَثُ لِھٰذِہِ الۡاُمَّۃِ عَلٰی رَأۡسِ کُلِّ مِائَۃِ سَنَۃٍ مَنۡ یُّجَدِّدُ لَھَا دِیۡنَھَا

**ഈ സമയമാണ് മസീഹ് മൗഊദിന്റെ വെളിപ്പെടലിനുള്ള സമയം. ഈ നൂറ്റാണ്ട് ആരംഭിക്കുന്നതിനുമുമ്പേ വാദിച്ചിട്ടുള്ള ആ ഒരേയൊരു വ്യക്തി ഞാൻ തന്നെയാണ്. ക്രിസ്ത്യാനികളേയും മറ്റു ജനതകളേയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളോടുകൂടി കുറ്റക്കാരാക്കിയിട്ടുള്ള ആ വ്യക്തിയും ഞാൻ തന്നെയാണ്. അതുകൊണ്ട് എന്റെ ഈ വാദത്തിന്നെതിരിൽ ഈ സവിശേഷ ഗുണങ്ങളോടുകൂടി മറ്റൊരു വാദിയെ സമർപ്പിക്കാത്തിടത്തോളം അവസാന കാലത്തെ മുജദ്ദിദായ ആ മസീഹ് മൗഊദ് ഞാൻ തന്നെയാണെന്നുള്ള എന്റെ വാദം സ്ഥാപിതമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

(1)ആദ്യദൃഷ്ടാന്തം

(۱) پہلانشان -- قَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ اِنَّ اللّٰہَ یَبۡعَثُ لِھٰذِہِ الۡاُمَّۃِ عَلٰی رَأۡسِ کُلِّ مِائَۃِ سَنَۃٍ مَنۡ یُّجَدِّدُ لَھَا دِیۡنَھَا ۔ رواہ ابوداؤد یعنی

അതായത് അല്ലാഹു ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ ഈ ഉമ്മത്തിന് ഒരാളെ അയക്കുന്നതാണ്. അയാൾ അവരുടെ ദീനിനെ ചൈതന്യവത്താക്കുന്നതാണ്. ഇപ്പോൾ ഈ നൂറ്റാണ്ടിന്റെ 24-ാമത്തെ വർഷവും പോകുകയാണ്. നബി(സ)തിരുമേനി പറഞ്ഞത് പിന്നിലാകാൻ സധ്യതയൊന്നുമില്ല. ആ ഹദീഥ് സ്വഹീഹാണെങ്കിൽ കഴിഞ്ഞ 12 നൂറ്റാണ്ടിലെ മുജദ്ദിദുമാരുടെ പേരു പറയാൻ ആരെങ്കിലും പറഞ്ഞാൽ അതിനുള്ള മറുപടി ഇതാണ്:ഈ ഹദീഥ് ഉമ്മത്തിന്റെ ഉലമായിൽ അംഗീകരിക്കപ്പെട്ടു വന്നിട്ടുള്ളതാണ്. എന്റെ വാദത്തിന്റെ ഈ നേരത്ത് ഈ ഹദീഥിനെ കല്പിതമെന്നു പറയുകയാണെങ്കിൽ ഈ മൗലവി സാഹിബുമാരോടു(പറയട്ടെ), ചില വലിയ മുഹദ്ദിഥീംകൾ അവരവരുടെ കാലത്ത് സ്വയം മുജദ്ദിദീംകളാണെന്ന് വാദിച്ചിട്ടുണ്ടെന്നതും സത്യമാണ്. ചിലർ മറ്റു ചലരെ മുജദ്ദിദാക്കാൻ ശ്രമവും നടത്തിയിട്ടുണ്ട്. ഇനി ഈ ഹദീഥ് ശരിയല്ലെങ്കിൽ അതിനർഥം അവർ സത്യസന്ധമായി പ്രവർത്തിച്ചില്ല എന്നാണ്. എല്ലാ മുജദ്ദിദീംകളുടേയും പേരുകൾ ഓർമവെക്കേണ്ട ആവശ്യം നമുക്കില്ല. എല്ലാത്തിനേയും വലയം ചെയ്തുള്ള അറിവ് അല്ലാഹുവിന്റെ മാത്രം പ്രത്യേകതയാണ്. അല്ലാഹു പറയന്നത്ര അല്ലാതെ സർവവും അറിയുന്നവനാണെന്ന വാദം നമുക്കില്ല. ഇതിനു പുറമെ ഈ ഉമ്മത്ത് ലോകത്തിലെ വലിയ ഭാഗത്ത് വ്യാപിച്ചിട്ടുള്ളതാണ്. അല്ലാഹുവിന്റെ ഇച്ഛ ചിലപ്പോൾ ചില രാജ്യത്ത് മുജദ്ദിദിനെ സൃഷ്ടിക്കുന്നു; ചിലപ്പോൾ ചില രാജ്യത്ത്. അല്ലാഹുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആർക്കാണ് പൂർണമായ അറിവുണ്ടാകുക. അവന്റെ അദൃശ്യകാര്യങ്ങളെ ആർക്കാണ് വലയം ചെയ്യാൻ കഴിയുക. അതിരിക്കട്ടെ. ഹദ്റത്ത് ആദം മുതൽ നബി(സ)തിരുമേനിവരെ ഓരോ ജനതയിലും എത്ര നബിമാർ വന്നിട്ടുണ്ടെന്ന് ഒന്നു പറഞ്ഞു തരിക. നിങ്ങൾ ഇതു പറഞ്ഞു തരികയാണെങ്കിൽ നാം മുജദ്ദിദുമാരേയും പറഞ്ഞുതരാം. അറിവില്ലാത്തതുകൊണ്ട് വസ്തു ഇല്ലാതെവരുന്നില്ല എന്നത് പ്രകടമാണ്. ഈ ഉമ്മത്തിലെ അവസാന മുജദ്ദിദ് മസീഹ് മൗഊദാണെന്നതും അഹ്ലെ സുന്നത്തിന്റെ ഐകകണ്ഠ്യേനയുള്ള കാര്യമാണ്; അദ്ദേഹം അവസാനകാലത്ത് വെളിപ്പെടും. ഇനി പരിശോധിക്കേണ്ടത് അവസാനകാലം ഉണ്ടോ ഇല്ലേ എന്നതാണ്. യഹൂദികളും ക്രിസ്ത്യാനികളും ഇരു ജനതകളും ഇത് അവസാന കാലമാണെന്നുള്ളതിൽ യോജിക്കുന്നവരാണ്. വേണമെങ്കിൽ അവരോടു ചോദിച്ചുനോക്കിക്കൊള്ളുക. പകർച്ചവ്യാധികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭുകമ്പങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എല്ലാ ഓരോ തരത്തിലുള്ള അമാനുഷികമായ വിപത്തുകളും ഉണ്ടാകാൻ തുടങ്ങിയിരിക്കുന്നു. അപ്പോൾ ഇത് അവസാന കാലമല്ലേ? ഇസ്ലാമിലെ സ്വാലിഹീംകളും ഇക്കാലം അവസാന കാലമാണെന്ന് പറഞ്ഞിരിക്കുന്നു. 14-ാം നൂറ്റാണ്ടിലേയും 23 വർഷം കഴിഞ്ഞു കടന്നിരിക്കുന്നു. ഈ സമയമാണ് മസീഹ് മൗഊദിന്റെ വെളിപ്പെടലിനുള്ള സമയമെന്നതിന് ശക്തമായ തെളിവാണിത്. ഈ നൂറ്റാണ്ട് ആരംഭിക്കുന്നതിനുമുമ്പേ വാദിച്ചിട്ടുള്ള ആ ഒരേയൊരു വ്യക്തി ഞാൻ തന്നെയാണ്. വാദിച്ചതിനുശേഷം 25 വർഷം കഴിഞ്ഞു കടക്കുകയും ഇപ്പോഴും ജീവിച്ചിരിക്കുകയും ചെയ്യുന്ന ആ വ്യക്തിയും ഞാൻ തന്നെയാണ്. ക്രിസ്ത്യാനികളേയും മറ്റു ജനതകളേയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളോടുകൂടി കുറ്റക്കാരാക്കിയിട്ടുള്ള ആ വ്യക്തിയും ഞാൻ തന്നെയാണ്. അതുകൊണ്ട് എന്റെ ഈ വാദത്തിന്നെതിരിൽ ഈ സവിശേഷ ഗുണങ്ങളോടുകൂടി മറ്റൊരു വാദിയെ സമർപ്പിക്കാത്തിടത്തോളം അവസാന കാലത്തെ മുജദ്ദിദായ ആ മസീഹ് മൗഊദ് ഞാൻ തന്നെയാണെന്നുള്ള എന്റെ വാദം സ്ഥാപിതമാണ്. കാലത്തിൽ അല്ലാഹു ഊഴങ്ങൾ വച്ചിരിക്കുന്നു. കുരിശ് അല്ലാഹുവിന്റെ സത്യവാനായ മസീഹിനെ ഉടച്ച ഒരു കാലമുണ്ടായിരുന്നു. അദ്ദേഹത്തെ പരിക്കേല്പിച്ചു. അവസാന കാലത്ത് മസീഹ് കുരിശിനെ ഉടയ്ക്കണമെന്നത് വിധിക്കപ്പട്ടതായിരുന്നു. അതായത് ദൈവദൃഷ്ടാന്തങ്ങളാൽ പാപപരിഹാര സിദ്ധാന്തത്തെ ലോകത്ത് നിന്ന് ഉയർത്തിക്കളയുന്നതാണ്. ഇവസെ മുആവിസ ഗല നിദാരിദ്. പകരത്തിനു പകരം വീട്ടുക.(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 200-202)

## മനുഷ്യനു മാത്രമേ നന്മ സ്വീകരിക്കാൻ കഴിയുകയുള്ളു:

പശു, കാള തുടങ്ങിയ മൃഗങ്ങളെ പോലെ തന്നയാണ് മനുഷ്യനും ജനിച്ചിട്ടുള്ളത്. കുട്ടിക്കാലത്തെ അവസ്ഥ അങ്ങനെതന്നെയാണ്. മനുഷ്യ പ്രകൃതിയിൽ ഒരു നല്ല കാര്യമുണ്ട്. അത് തിന്മയെ ഉപേക്ഷിച്ച് നന്മയെ സ്വീകരിക്കുക എന്നതാണ്. ഈ ഗുണം മനുഷ്യരിൽ മാത്രമേയുള്ളൂ. കാരണം മൃഗങ്ങളിൽ വിദ്യ അഭ്യസിക്കാനുള്ള കഴിവില്ല. സഅ്ദി ഒരു സംഭവം തന്റെ കവിതയിൽ എഴുതിയിട്ടുണ്ട്. ഒരു വിഡ്ഢി ഒരു കഴുതയെ വിദ്യ അഭ്യസിപ്പിക്കുകയായിരുന്നു. രാപകൽ അയാൾ കഠിനാധ്വാനം ചെയ്തു. ഏ വിഡ്ഢി നീ ഇതെന്താണ് ചെയ്യുന്നതെന്ന് ഒരു ഹക്കീം അവനോടു ചോദിച്ചു. നിന്റെ സമയവും കഴിവും പാഴാക്കിക്കളയുന്നതെന്തിനാണ്? അതായത് കഴുതയൊരിക്കലും മനുഷ്യനാകുകയില്ല. നീ എങ്ങാനും കഴുതയായിത്തീരുമോ?

(മൽഫൂദാത്ത് വാല്യം 5 പേജ് 266)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് മയ്മൂന(റ)

പ്രവാചകത്വ വാദത്തിനുശേഷം മക്കക്കാരിൽനിന്ന് നബി(സ)തിരുമേനിക്ക് അസഹ്യമായ എതിർപ്പുകളാണ് നേരിടേണ്ടിവന്നത്. എതിരാളികൾ നബി(സ)യേയും തിരുസ്വഹാബാക്കളേയും വല്ലാതെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. അതിൽ ഏറ്റവും വലിയ ബുദ്ധിമുട്ട്, അവർക്കു അല്ലാഹുവിന്റെ സന്ദേശം എത്തിക്കാൻ സാധിച്ചില്ല എന്നതാണ്. അതുകൊണ്ട് നബി(സ) തിരുമേനി മദീനയിലേക്ക് ഹിജ്റ പോയി. ആ മഹാത്മാവിന് ഏറ്റവും പ്രിയങ്കരിയായിരുന്നു തന്റെ ജന്മനാടായ മക്ക. നബി(സ)യും സ്വഹാബാക്കളും തങ്ങളുടെ ജന്മനാടിന്റെ ഓർമകൾ അയവിറക്കിക്കൊണ്ട് ദിനങ്ങൾ തള്ളി നീക്കിക്കൊണ്ടിരുന്നു.

ഹിജ്റത്തിനു ആറു വർഷത്തിനുശേഷം താൻ സ്വഹാബാക്കളുമൊത്ത് കഅ്ബ ദേവാലയത്തിനു പ്രദക്ഷണം ചെയ്തുകൊണ്ടിരിക്കുന്നതായി നബി(സ) സ്വപ്നം കണ്ടു. അങ്ങനെയാണ് ആ വർഷം ഉമറ ചെയ്യുക എന്നുദ്ദേശ്യത്തോടുകൂടി നബി(സ) 1400 സ്വഹാബാക്കളോടൊപ്പം മദീനയിലേക്കു പുറപ്പെട്ടത്.

നബി(സ)തിരുമേനിയും സംഘവും മക്കയിൽനിന്ന് 9 മൈൽദൂരം ഇപ്പുറത്ത് ഹുദയ്ബിയ്യഃ എന്ന സ്ഥലത്തെത്തിയപ്പോൾ ഖുറയ്ശികൾ അവരെ തടഞ്ഞു. മക്കയിൽ കടക്കാൻ അനുവദിച്ചില്ല. അവിടെവച്ച് ഒരു സന്ധി ചെയ്യപ്പെട്ടു. 'ഈ വർഷം നബി(സ)തിരുമേനിയും സ്വഹാബാക്കളും മടങ്ങിപ്പോകണമെന്നും അടുത്ത വർഷം വന്ന് പ്രദക്ഷണം ചെയ്യാവുന്നതാണ്' എന്നുമായിരുന്നു ആ സന്ധി. 'ഹുദയ്ബിയ്യസന്ധി' എന്ന പേരിൽ ഇതറിയപ്പെടുന്നു.

മക്കയിലേക്കു പോകാനുള്ള തയ്യാറെടുപ്പുകൾ നടത്താൻ നബി(സ) അടുത്തവർഷം വിളംബരം ചെയ്തു. കഴിഞ്ഞ വർഷം ഹുദയ്ബിയ്യഃവരെ പോയി മടങ്ങിവന്നവർ ഇതിലെന്തായാലും ഉണ്ടാകണമെന്നും നിർദേശിച്ചു.

അന്നു ബുദ്ധിമുട്ടു സഹിച്ചവർ ഇന്ന് സന്തോഷം കാണണമെന്ന് നബി(സ) ആഗ്രഹിച്ചിരുന്നു. ആ യാത്രയിൽ ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുസൽമ(റ)യും നബി(സ)യോടൊപ്പം പോയിരുന്നു. ഒരു തമ്പിൽ നബി(സ) മൂന്നു ദിവസം താമസിച്ചു. ഒരു ദിവസം നബി(സ)തിരുമേനിയുടെ പിതൃസഹോദരൻ ഹദ്റത്ത് അബ്ബാസ് (റ), നബി(സ)യെ കാണാൻ വന്നു. അദ്ദേഹം പറഞ്ഞു: 'എന്റെ ഭാര്യ ഉമ്മുൽ ഫദ്ലിന്റെ സഹോദരി വിധവയാണ്. അങ്ങ് ഇഷ്ടപ്പെടുന്നെങ്കിൽ അവളെ വിവാഹം കഴിക്കാവുന്നതാണ്.' നബി(സ) തിരുമേനി ആ അഭ്യർഥന സ്വീകരിച്ചു. ഹദ്റത്ത് ജഅ്ഫർ(റ)നെ വിവാഹ സന്ദേശവുമായി ഹദ്റത്ത് മയ്മൂനയുടെ അടുക്കൽ അയച്ചു. ഹദ്റത്ത മയ്മൂന അഭിപ്രായം ആരായുന്നതിനുവേണ്ടി തന്റെ സഹോദരി ഭർത്താവ് ഹദ്റത്ത് അബ്ബാസ്(റ)ന്റെ അടുക്കൽ വന്നു. ഹദ്റത്ത് അബ്ബാസ്(റ)ഉടനെ അതു സമ്മതിച്ചു. ഹിജറ 7-ാം വർഷം ശവ്വാൽമാസം 7 ന് 'സരിഫ്' എന്ന സ്ഥലത്തുവച്ച് 400 ദർഹം ഹഖ് മഹ്റായിക്കൊണ്ട് ഹദ്റത്ത് അബ്ബാസ്(റ) ഹദ്റത്ത് മയ്മൂനയെ, നബി(സ)തിരുമേനിക്കു നിക്കാഹ് ചെയ്തു കൊടുത്തു.

നിക്കാഹ് നേരത്ത് ഹദ്റത്ത് മയ്മൂനയുടെ പ്രാ യം 26 വയസ്സായിരുന്നു. ഹദ്റത്ത് മയ്മൂന(റ)യുടെ സഹോദരി ലുബാബത്തുസ്സ്വുഗ്റാ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)ന്റെ മാതാവാണ്.

വിവാഹം കഴിക്കണമെന്ന ഉദ്ദേശ്യമോ എന്തെങ്കിലും ആഗ്രഹമോ നബി(സ)യ്ക്കുണ്ടായിരുന്നില്ല. അതിനായിട്ടല്ല മക്കയിൽ പോയതും. അതെല്ലാം അല്ലാഹുവിന്റെ പ്രവർത്തിയായിരുന്നു. അതെല്ലാം ചില പ്രത്യേക ഉദ്ദേശ്യത്തോടെ നബി(സ)യെക്കൊണ്ടു അവൻ ചെയ്യിക്കുകയായിരുന്നു. ചില വിവാഹങ്ങൾ ഗോത്രങ്ങൾ തമ്മിൽ സൗഹൃദമുണ്ടാക്കുന്നതിനായിരുന്നെങ്കിൽ ചിലത് പരസ്പര സ്പർധ തുടച്ചു നീക്കുന്നതിനും ചിലത് ഗോത്രങ്ങളെ തമ്മിൽ അടുപ്പിക്കുന്നതിനു വേണ്ടിയുമായിരുന്നു. അല്ലാഹുവിന്റെ യുക്തികളാണ് നബി(സ)യുടെ മനസ്സിൽ ഭരണം നടത്തിയിരുന്നത്.

നജ്ദുകാരുമായിട്ടാണ് ഹദ്റത്ത് മയ്മൂന(റ)യുടെ ബന്ധം. അവരാണെങ്കിൽ ഇസ്ലാമിന്റെ കഠിന വിരോധികളായിരുന്നു. വിശുദ്ധ ഖുർആൻ മനഃപാഠമാക്കിയവരും(ഹാഫിദുമാർ) ഖാരികളുമായ 70 സ്വഹാബാക്കളെ വഞ്ചനയിലൂടെ വധിച്ചവരാണവർ. ഹദ്റത്ത് മയ്മൂനാ(റ)യുടെ സഹോദരി നജ്ദ് ഭരണാധികാരിയുടെ ഭാര്യയായിരുന്നു. ഈ വിവാഹ ബന്ധത്തിലൂടെ നജ്ദുകാരുമായി ഐക്യത്തിന്റേയും സൗഹൃദത്തിന്റേയും കൈകൾ നീളുകയും സമാധാനത്തിന്റെ ഒരു കവാടം തുറക്കുകയും ചെയ്തു.

മക്കയിൽ താമസത്തിന്നിടെ മുസ്ലീംകൾ പ്രദക്ഷണം ചെയ്യുന്നതിലും ആരാധനാ കർമങ്ങളിലും മുഴുകി. എന്നാൽ, എതിരാളികൾ കഠിനമായ ദുഃഖത്തിന്റേയും വിദ്വേഷത്തിന്റേയും ലോകത്തായിരുന്നു. മൂന്നു ദിവസം പൂർത്തിയായതോടെ മക്കക്കാർ ഒരു സംഘത്തെ അയച്ചു. അവർ വന്ന് ഹദ്റത്ത് അലി(റ)യോടു പറഞ്ഞു: 'താങ്കൾ താങ്കളുടെ നേതാവിനോട് ഇവിടെ നിന്ന് തിരിച്ചുപോകാൻ പറയുക. ഇവിടെ താമസിക്കാൻ നിങ്ങൾക്കു അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണ്.'

നബി(സ) ഒരു വിധത്തിലും സന്ധി ലംഘിക്കുമെന്ന് പ്രതീക്ഷിക്കാവതല്ല. തനിക്കു അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണെന്ന് നബി(സ)യ്ക്ക് അറിയാമായിരുന്നു. അതുകൊണ്ട് മടങ്ങിപ്പോകാനുള്ള ഒരുക്കവും തുടങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ, ഹദ്റത്ത് മയ്മൂനായുടെ വീടുകൂടൽ മക്കയിൽവച്ച് നടന്നാൽ കൊള്ളാമെന്ന് നബി(സ) ആഗ്രഹിച്ചിരുന്നു. അങ്ങനെ മക്കക്കാരുമായിട്ടും ഐക്യത്തിന്റേയും സൗഹൃദത്തിന്റേയും നല്ലൊരുബന്ധം ഉണ്ടാകട്ടെ എന്ന് കരുതിയായിരുന്നു അത്. സമാധാനശ്രമംകൊണ്ടു പുതിയ വഴികൾ തുറക്കപ്പെടാവുന്നതാണല്ലോ? അവിടെ ശത്രുത കുറയുകയും ചെയ്തു കൂടായ്കയില്ല. നബി(സ) ആ സംഘത്തോടു പറഞ്ഞു: ' നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ ഇവിടെ വിവാഹത്തിനുള്ള ഏർപ്പാട് ചെയ്ത് സൽക്കാരത്തിൽ നിങ്ങളെയെല്ലാവരേയും പങ്കെടുപ്പിക്കുന്നതാണ്.' എന്നാൽ, ഈ അനുഗൃഹീതമായ സൽക്കാരത്തെ ആ ദൗർഭാഗ്യർ കഠിനഹൃദയത്തോടെ നിഷേധിച്ചു. അതിനുകാരണം നബി(സ)തിരുമേനിയുടേയും സ്വഹാബാക്കളുടേയും ഉന്നതമായ പെരുമാറ്റം ആളുകളുടെ ഹൃദയം വശീകരിച്ചു കളയുമോ എന്നതായിരുന്നു.

നബി(സ)തിരുമേനി താൻ ചെയ്ത സന്ധിയും മക്കക്കാരുടെ ആഗ്രഹവും ഓർത്തു. അതുകൊണ്ടു നിർബന്ധമൊന്നും പിടിച്ചില്ല. എന്നല്ല, പോകുകയാണെന്ന കാര്യം വിളംബരം ചെയ്യാൻ ഹദ്റത്ത് അബൂറാഫിഅ്(റ)നോടു പറയുകയും ചെയ്തു. ഇനി വൈകുന്നേരംവരെ ഇവിടെ ആരും നില്ക്കാൻ പാടില്ല. നബി(സ)മടങ്ങിപ്പോകാൻ തയ്യാറെടുത്തു കഴിഞ്ഞിരുന്നു. ആ നേരത്ത് ഹദ്റത്ത് മയ്മൂന(റ)യെ കൂടെക്കൊണ്ടുപോകാൻ പറ്റുമായിരുന്നില്ല. അതുകൊണ്ട് തങ്ങൾ പുറപ്പെട്ടതിനുശേഷം ഹദ്റത്ത് മയ്മൂനയെ കൂട്ടിക്കൊണ്ടു വരുന്നതിനായി ഹദ്റത്ത് അബൂറാഫിഅ്നെ അവരുടെ അടുക്കൽ അയച്ചു. അങ്ങനെ നബി(സ)തിരുമേനിയും തിരുസ്വഹാബാക്കളും മക്കയിൽനിന്ന് മടങ്ങി. മക്കയിൽനിന്ന് ഏകദേശം ഏഴു മൈൽ അകലെയുള്ള 'തൻയീം'ന് അടുത്ത് 'സറഫ്' എന്ന സ്ഥലത്ത് താമസിച്ചു.

ഹ്ദറത്ത് അബൂറാഫിഅ്(റ) ഹദ്റത്ത് മയ്മൂന(റ)യേയും കൊണ്ട് മദീനയിലേക്ക് പോകാൻ ഒരുങ്ങിയപ്പോൾ ദ്വേഷംകൊണ്ടും കോപംകൊണ്ടും ജ്വലിച്ചിരുന്ന മക്കക്കാർ അദ്ദേഹത്തെ ചീത്തവിളിക്കാൻ തുടങ്ങി. അബൂറാഫിഅ്(റ) ഭയം ജനിപ്പിക്കുംവിധം അവർക്കു മറുപടി നല്കി: 'ഇപ്പോൾ ഞങ്ങളുടെ യാത്രാവാഹനങ്ങളും ആയുധങ്ങളും ദൂരത്തല്ല ഉള്ളത്. അതുകൊണ്ട് നിങ്ങൾ ഉടമ്പടി ലംഘിക്കരുത്.' ഇതു കേട്ടപാടെ ജനക്കൂട്ടം അങ്ങോട്ടും ഇങ്ങോട്ടും നീങ്ങിപ്പോകാൻ തുടങ്ങി. ഹദ്റത്ത് അബൂറാഫിഅ്(റ) ഹദ്റത്ത് മയ്മൂനയേയും(റ)കൂട്ടി സരിഫിൽ എത്തി. ഇവിടെവച്ചാണ് നബി(സ)യുമായി അവരുടെ ആദ്യത്തെ കൂടിക്കാഴ്ച നടക്കുന്നത്. സരിഫിൽ ഒരു ദിവസം താമസിച്ചശേഷം നബി(സ) മദീനയിലേക്കു പുറപ്പെട്ടു.

ഈ അനുഗൃഹീത വധുവിനെ മദീനവാസികൾ അതീവസന്തോഷത്തോടെ വരവേറ്റു. ഹദ്റത്ത് മയ്മൂന(റ) മസ്ജിദുന്നബ്വിയുടെ ഒരു മുറിയിൽ താമസം തുടങ്ങി. അവിടെയാണ് ഇന്ന് നബി(സ)യുടെ അനുഗൃഹീത ഖബ്ർ(റൗദശരീഫ്) സ്ഥിതിചെയ്യുന്നത്. അത് ഹദ്റത്ത് ആയിശ(റ)യുടെ മുറിയായിരുന്നു. അതിന്റെ വാതിൽ വടക്കു ഭാഗത്തായിരുന്നു. അതിനോട് ചേർന്ന് മസ്ജിദിന്റെ തെക്കു വശത്ത്- ഖിബ്ലയുടെ ഭിത്തിയോടു ചേർന്ന് ഹദ്റത്ത് സൗദ, ഹദ്റത്ത് സ്വഫിയ്യ എന്നിവരുടെ മുറികളായിരുന്നു. വടക്കു വശത്ത് ഹദ്റത്ത് ഉമ്മുസൽമ, ഹദ്റത്ത് ഉമ്മു ഹബീബ, ഹദ്റത്ത് സയ്നബ് ബിൻത് ഖുസയ്മഃ, ഹദ്റത്ത് ജുവയ്രിയ്യഃ, ഹദ്റത്ത് മയ്മൂനഃ, ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശ് എന്നിവരുടെ മുറികളായിരുന്നു. ഈ മുറികളിൽ നബി(സ)തിരുമേനിയും അങ്ങേയറ്റം ലളിതമായി ജീവിച്ചു.

ഒരു ദിവസം ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയുടെ വീട്ടിൽപോയി. വീട്ടിൽ സാധനങ്ങളൊന്നും ഉണ്ടായിരുന്നില്ല. നബി(സ)പായയിൽ കിടക്കുകയായിരുന്നു. നബി(സ)യുടെ പുറത്ത് പായയുടെ അടയാളം കണ്ട് ഹദ്റത്ത് ഉമർ(റ)പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. ഉമറേ! എന്തിനാണ് താങ്കൾ കരയുന്നത്? നബി(സ) ചോദിച്ചു. ഗദ്ഗദത്തോടെ ഉമർ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങയുടെ ബുദ്ധിമുട്ട് കണ്ടപ്പോൾ കരച്ചിൽ അടക്കാൻ കഴിഞ്ഞില്ല. അവിശ്വാസികളായ ഖയ്സറും കിസ്റായും എത്ര സുഖകരമായിട്ടാണ് ജീവിക്കുന്നത്; അങ്ങ് ഈ ബുദ്ധിമുട്ടിലും.' ഇതുകേട്ടപ്പോൾ നബി(സ)പറഞ്ഞു: 'ദുൻയാവിനെക്കൊണ്ട് എനിക്കെന്ത് നേട്ടമാണുള്ളത്? അതികഠിനമായ ചൂടത്ത് ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്നവനെപ്പോലെയാണു ഞാൻ. നട്ടുച്ച നേരത്ത് ചൂട് അസഹ്യമായപ്പോൾ അയാൾ ഒരു മരത്തിനു കീഴിൽ വിശ്രമിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ആ ചൂടത്ത് അയാൾ വീണ്ടും യാത്ര തുടർന്നു.'

നബി(സ)തിരുമേനിയുടെ ഭാര്യമാരിൽ ഹദ്റത്ത് ആയിശ(റ)യെക്കൂടാതെയുള്ള എല്ലാവരും പ്രായമുള്ളവരായിരുന്നു. ചിലർ 60 വയസ്സുവരെ എത്തിയിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് നബി(സ) കൂടുതൽ വിവാഹം കഴിക്കാനുള്ള പ്രധാനകാരണം, സ്ത്രീകളിൽ മതപരമായ അധ്യാപനങ്ങൾ പ്രചരിപ്പിക്കുക എന്നതായിരുന്നു. ഭാര്യമാർക്ക് മതവിദ്യാഭ്യാസം നല്കുക, അവർ തങ്ങളുടെ മാതൃകാജീവിതവും മതപരമായ അറിവുംകൊണ്ട് മറ്റു സ്ത്രീകളെ മതബോധമുള്ളവരാക്കിത്തീർക്കുക. അവർക്കു നേർമാർഗം കാണിച്ചുകൊടുക്കുക.

നബി(സ)തിരുമേനിയുടെ ഭാര്യമാർക്ക് ആഭരണങ്ങൾ ഇല്ലാത്തതിനു സമമായിരുന്നു. സ്ത്രീസ്വഹാബാക്കളും നബി(സ)യുടെ അധ്യാപനമനുസരിച്ച് ആഭരണങ്ങൾ ഉണ്ടാക്കിയിരുന്നില്ല. വിശുദ്ധഖുർആനിന്റെ പാഠമനുസരിച്ച് നബ(സ)പറഞ്ഞു: 'ധനം കൂട്ടിവയ്ക്കുക എന്നതിന്റെ അർഥം ദരിദ്രരുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യുക എന്നാണ്.'

താമസിക്കുന്ന വീടിന്റെ കാര്യത്തിലും നബി(സ) ലാളിത്യപ്രേമിയായിരുന്നു. നബി(സ)യുടെ വീടുകളിൽ ഓരോവീട്ടിലും ഓരോ മുറിയാണുണ്ടായിരുന്നത്; ചെറിയ മുറ്റവും. ആ മുറിയ്ക്കുള്ളിൽ ഒരു കയർ വലിച്ചു കെട്ടിയിട്ടുണ്ടാകും. അത് കർട്ടൺ തൂക്കാനുള്ളതാണ്. ആളുകളാരെങ്കിലും വരുമ്പോൾ ആ കർട്ടൺ വലിച്ചിടും. എന്നിട്ട് അവരുമായി സംസാരിക്കും. വീട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തിരുന്നത്. കട്ടിൽ ഉപയോഗിച്ചിരുന്നില്ല. തറയിൽ ബിസ്തർ വിരിച്ചാണ് ഉറങ്ങിയിരുന്നത്. നബി(സ)യുടെ താമസം എത്രമാത്രം ലളിതമായിരുന്നുവെന്നാൽ, ആ ധന്യാത്മാവിന്റെ വേർപാടിനുശേഷം ഹദ്റത്ത് ആയിശ(റ) പറഞ്ഞു: 'നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ പലപ്പോഴും ഈത്തപ്പഴംതിന്നും പച്ചവെള്ളം കുടിച്ചും ഞങ്ങൾക്കു കഴിയേണ്ടി വന്നിട്ടുണ്ട്. നബി(സ) വഫാത്തായ ദിവസവും ഈത്തപ്പഴവും വെള്ളവുമല്ലാതെ ഞങ്ങളുടെ വീട്ടിൽ ഒന്നുമുണ്ടായിരുന്നില്ല.'

നബി(സ)യുടെ ഭാര്യമാരിൽ രണ്ടുപേരൊഴികെ എല്ലാവരും പലഗോത്രങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നു. ആ രണ്ടുപേർ ഹദ്റത്ത് സയ്നബ് ബിൻത് ഖുസയ്മയും, ഹദ്റത്ത് മയ്മൂനയുമായിരുന്നു. ഈ ഗോത്രങ്ങൾ തമ്മിൽ സുഹൃത്ബന്ധമൊന്നും ഉണ്ടായിരുന്നില്ല. നബി(സ)യുടെ വിവാഹത്തിലൂടെ പുതിയൊരു സുഹൃത്ബന്ധം അവർക്കിടയിലുണ്ടായി. അല്ലാഹുവിന്റെ ഉറ്റമിത്രത്തിന്റെ സ്നേഹമായിരുന്നു അതിന്റെ അടിത്തറ. ഭാര്യമാരിൽ ചിലരുടെ ബന്ധം അറേബ്യയിൽ വസിച്ചിരുന്ന മറ്റു മതക്കാരുമായിട്ടായിരുന്നു.

(തുടരും)

# ഖുത്ബ ജുമുഅ

**കഴിഞ്ഞ ദിനങ്ങളിൽ ഞാൻ കനഡ പര്യടനത്തിലായിരുന്നുവെന്ന് എല്ലാവർക്കും അറിയുന്നതാണ്. ഏകദേശം ആറ് ആഴ്ചത്തെ പരിപാടിയായിരുന്നു. ജമാഅത്തുപരമായ പരിപാടികളുടേയും മറ്റുള്ളവരുമായുള്ള പരിപാടികളുടേയും അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ കൃപയാൽ എല്ലാ രീതിയിലും ഈ പര്യടനം അനുഗൃഹീതമായിരുന്നു.**

**അല്ലാഹുവിന്റെ കൃപയാൽ കനഡയിലെ ജമാഅത്തും ലോകത്തെ ധാരാളം മറ്റു ജമാഅത്തുകളെപ്പോലെ ആത്മാർഥതയിലും കൂറിലും മുന്നോട്ടു ചുവടു വയ്ക്കുന്ന ജമാഅത്തുകളിൽപ്പെട്ടതാണ്. അല്ലാഹുവിന്റെ കൃപയാൽ യുവാക്കളും യുവതികളും ജമാഅത്തിന്റെ പ്രവർത്തനത്തിനായി മുന്നോട്ടു കുതിക്കുന്നതിനുള്ള ചൈതന്യം ഉൾക്കൊള്ളുന്നവരാണ്. പ്രത്യേകിച്ചും പ്രസ്സിന്റേയും മീഡിയകളുടേയും രംഗത്ത് യുവാക്കൾ ധാരാളം പ്രവർത്തിച്ചു. വിശാലമായ രീതിയിൽ ജമാഅത്തിനെ പരിചയപ്പെടുത്താൻ ശ്രമിച്ചു. അല്ലാഹു അവരുടെ ഈ ശ്രമങ്ങൾക്ക് ഫലവും നല്കി. യഥാർഥ കാര്യമെന്താണെന്നുവച്ചാൽ ഇത് അല്ലാഹുവിന്റെ മാത്രം അനുഗ്രഹമുണ്ടായതാണ്. അവർ വിരൽ തൊട്ടു. അല്ലാഹു അതിൽ അതിരറ്റ അനുഗ്രഹം ചൊരിഞ്ഞു. തങ്ങളുടെ പ്രതീക്ഷയെക്കാളധികം പരിഗണന തങ്ങൾക്കു കിട്ടിയെന്ന് ഈ യുവാക്കൾ, ഈ ജോലിയെടുത്ത ചെറുപ്പക്കാർ തന്നെ സമ്മതിക്കുന്നു.**

**അല്ലാഹുവിന്റെ കൃപയാൽ അവിടെ മൂന്നു പുതിയ മസ്ജിദുകൾ നിർമിച്ചു. പക്ഷേ, രണ്ടെണ്ണത്തിന്റെ ഫംഗ്ഷൻ മറ്റുള്ളവരെ ക്ഷണിച്ചു കൊണ്ടുള്ളതായിരുന്നു. പാർലമെന്റിലും ഒരു ഫംഗ്ഷൻ നടന്നു. York യൂണിവേഴ്സിറ്റിയിലും പ്രസംഗിച്ചു. ടൊറോൻഡോ (Toronto)യിൽ പീസ് സിംപോസിയം ഉണ്ടായി. കാൽഗരിയിലും പീസ് സിംപോസിയം നടന്നു. മറ്റുള്ളവരുടെ മുമ്പിൽ ഇസ്‌ലാമികാധ്യാപനങ്ങൾ സമർപിക്കാനുള്ള അവസരം ഇതിലും കിട്ടി. അല്ലാഹുവിന്റെ കൃപയാൽ എല്ലായിടത്തും ഇസ്‌ലാമികാധ്യാപനങ്ങളുടെ മനോഹാരിത ആളുകൾ അംഗീകരിച്ചു.**

**ടൊറോൻഡോ (Toronto)യിൽ മൂന്നു ഇന്റർവ്യൂകൾ നടന്നു.അതിൽ ഒന്ന് Global News Toronto യുമായിട്ടായിരുന്നു. രണ്ടാമത്തെ ഇന്റർവ്യൂ CBC യുടേതായിരുന്നു. ഇത് അവിടത്തെ നാഷണൽ ന്യൂസ് ചാനലാണ്. ഇപ്രകാരം നാഷണൽ പത്രമായ ഗ്ലോബൽ & മെയിലും ഇന്റർവ്യൂ എടുത്തു.**

**ഹിൽപാർലമെന്റിലേയും മറ്റു വിവിധ പരിപാടികളുടേയും വിശദമായ റിപ്പോർട്ട്. അവയിൽ പങ്കെടുത്ത ആദരണീയരായ അതിഥികളുടെ പ്രതികരണങ്ങളുടെ രസകരവും സന്തോഷകരവുമായ ചർച്ച**

**കനഡ പര്യടനത്തിന്നിടയിൽ മാധ്യമങ്ങളുടെ കവറേജുണ്ടായി. ഇതിൽ 32 ടി.വി.ചാനലുകൾ അഞ്ചുഭാഷകളിൽ വാർത്തകൾ സംപ്രേഷണം ചെയ്തു. ഇതുമുഖേന 40 മില്യൺ ആളുകൾവരെ സന്ദേശമെത്തി. 6 ഭാഷകളിൽ വിവിധ റേഡിയോ സ്റ്റേഷനുകളിൽ 30 വാർത്തകൾ പ്രക്ഷേപണം ചെയ്തു. അതുമുഖേന എട്ടു ലക്ഷമാളുകൾവരെ സന്ദേശമെത്തി. 227 പത്രങ്ങളിൽ 12 വിവിധ ഭാഷകളിൽ വാർത്തകളും അഭിമുഖങ്ങളും പ്രസിദ്ധീകരിച്ചു. ഇതു മുഖേന 4.8 മില്യൺ ആളുകൾക്ക് സന്ദേശമെത്തി. സോഷ്യൽ മീഡിയായിൽ, ഇലക്ട്രോണിക് മീഡിയാ തുടങ്ങിയവ മുഖേന 14.6 മില്യൺ ആളുകൾവരെ സന്ദേശമെത്തി. ഇങ്ങനെ എല്ലാ മാർഗങ്ങളേയും കൂട്ടിച്ചേർത്താൽ മൊത്തത്തിൽ 60 മില്യണിലധികം ആളുകൾവരെ സന്ദേശമെത്തുകയുണ്ടായി എന്നാണ് അവിടത്തെ ആളുകൾ കണക്കുകൂട്ടുന്നത്. അൽഹംദുലില്ലാഹ്.**

**ഇത് അല്ലാഹുവിന്റെ കൃപയാണ്. ഇതിനെ നമ്മൾ വലിമതിക്കേണ്ടതാണ്. ഇതിനെ കാത്തുസൂക്ഷിക്കുകയും വേണം. പ്രത്യേകിച്ചും കനഡയിലെ അഹ്മദികൾ അല്ലാഹുവിന്റെ കൃപ വർധിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ എല്ലാ ജോലിയിലും അഹ്മദിയ്യത്തിന്റേയും ഇസ്‌ലാമിന്റേയും സന്ദേശമെത്തിക്കണമെന്നുള്ള നിയ്യത്ത് അഥവാ മനോഭവം ഉണ്ടാകേണ്ടതാണെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. തൗഹീദ് ലോകത്ത് സ്ഥാപിക്കുന്നതിനുള്ള നിയ്യത്തുണ്ടായിരിക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെ പതാക ലോകത്ത് പറത്തണമെന്ന നിയ്യത്തുണ്ടായിരിക്കേണ്ടതാണ്. ഇതുണ്ടെങ്കിൽ അല്ലാഹു നമ്മുടെ ജോലികളിൽ അനുഗ്രഹവും ഇടുന്നതാണ്.**

**പീസ് വില്ലേജ് (Peace Village)കാരും എബോഡ് ഓഫ് പീസിൽ (Abode of peace)വസിക്കുന്നവരുമായ അഹ്മദികൾക്കുള്ള ഉപദേശം. അഹ്മദിയ്യാ അന്തരീക്ഷം നിങ്ങൾ അവിടെ ഉണ്ടാക്കുക. സ്ഥാപിക്കുക. ശരിയായ ഇസ്‌ലാമിക മാതൃക സ്ഥാപിക്കുന്നതിന് കഴിവിന്റെ പരമാവധി ശ്രമിക്കുക. എന്റെ സാന്നിധ്യത്തിൽ നിങ്ങൾ ഖിലാഫത്തിനോടു എത്തരത്തിലുള്ള സ്നേഹവും ആത്മാർഥതയുമാണോ പ്രകടിപ്പിച്ചിരുന്നത് ഇനിയും അത് വർധിപ്പിക്കുന്നവരാകുക. വർധിപ്പിച്ചുകൊണ്ടേ പോകുക. നിങ്ങളുടെ യഥാർഥ ഉദ്ദേശ്യം മറക്കാതിരിക്കുക. നമ്മൾ അല്ലാഹുവുമായുള്ള ബന്ധമുണ്ടാക്കണം. അവനെ ആരാധിക്കുന്നതിൽ നമ്മളൊരിക്കലും മടി കാണിക്കരുത്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 18-11-2016/ഹിജരി ശംസി 1395 നുബുവ്വത്ത് 18**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

കഴിഞ്ഞ ദിനങ്ങളിൽ ഞാൻ കനഡ പര്യടനത്തിലായിരുന്നുവെന്ന് എല്ലാവർക്കും അറിയുന്നതാണ്. ഏകദേശം ആറ് ആഴ്ചത്തെ പരിപാടിയായിരുന്നു. ജമാഅത്തുപരമായ പരിപാടികളുടേയും മറ്റുള്ളവരുമായുള്ള പരിപാടികളുടേയും അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ കൃപയാൽ എല്ലാ രീതിയിലും ഈ പര്യടനം അനുഗൃഹീതമായിരുന്നു. കനഡ ജൽസസാലാനയ്ക്കുശേഷം അവിടത്തെ ജൽസയെ സംബന്ധിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും സംഘടനാപരമായ കാര്യങ്ങളും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കുള്ള നന്ദിയും ഞാൻ അവിടെ നല്കിയ ജൽസ കഴിഞ്ഞുള്ള അടുത്ത ഖുത്ബയിൽ പറഞ്ഞിരുന്നു. ബാക്കിയുള്ള തിരക്കുകളേയും പരിപാടികളേയും കുറിച്ച് ഇന്ന് പറയുന്നതാണ്.

അല്ലാഹുവിന്റെ കൃപയാൽ കനഡയിലെ ജമാഅത്തും ലോകത്തെ ധാരാളം മറ്റു ജമാഅത്തുകളെപ്പോലെ ആത്മാർഥതയിലും കൂറിലും മുന്നോട്ടു ചുവടു വയ്ക്കുന്ന ജമാഅത്തുകളിൽപ്പെട്ടതാണ്. അല്ലാഹുവിന്റെ കൃപയാൽ യുവാക്കളും യുവതികളും ജമാഅത്തിന്റെ പ്രവർത്തനത്തിനായി മുന്നോട്ടു കുതിക്കുന്നതിനുള്ള ചൈതന്യം ഉൾക്കൊള്ളുന്നവരാണ്. പ്രത്യേകിച്ചും പ്രസ്സിന്റേയും മീഡിയകളുടേയും രംഗത്ത് യുവാക്കൾ ധാരാളം പ്രവർത്തിച്ചു. വിശാലമായ രീതിയിൽ ജമാഅത്തിനെ പരിചയപ്പെടുത്താൻ ശ്രമിച്ചു. അല്ലാഹു അവരുടെ ഈ ശ്രമങ്ങൾക്ക് ഫലവും നല്കി. രാഷ്ട്രീയക്കാരും സർക്കാരുദ്യോഗസ്ഥരുമായി മുമ്പേതന്നെ പരിചയമുണ്ടായിരുന്നു. അവരുമായി നല്ല ബന്ധങ്ങളുമായിരുന്നു. അതിലും അവർ വർധനയുണ്ടാക്കി. പക്ഷേ, ഇപ്രാവശ്യം മാധ്യമങ്ങളുമായുള്ള ബന്ധങ്ങളിൽ വ്യക്തമായ വ്യത്യാസം കാണാമായിരുന്നു. യഥാർഥ കാര്യമെന്താണെന്നുവച്ചാൽ ഇത് അല്ലാഹുവിന്റെ മാത്രം അനുഗ്രഹമുണ്ടായതാണ്. അവർ വിരൽ തൊട്ടു. അല്ലാഹു അതിൽ അതിരറ്റ അനുഗ്രഹം ചൊരിഞ്ഞു. തങ്ങളുടെ പ്രതീക്ഷയെക്കാളധികം പരിഗണന തങ്ങൾക്കു കിട്ടിയെന്ന് ഈ യുവാക്കൾ, ഈ ജോലിയെടുത്ത ചെറുപ്പക്കാർ തന്നെ സമ്മതിക്കുന്നു. ജമാഅത്തിനേയും ഇസ്‌ലാമിനേയും പരിചയപ്പെടുത്തുന്നതിന് മാധ്യമങ്ങളിൽ നമ്മുടെ എന്തെങ്കിലും വാർത്ത വരാൻവേണ്ടിയുള്ള ശ്രമമായിരുന്നു മുമ്പേ നടന്നിരുന്നത്. പക്ഷേ, അപ്പോഴൊക്കെ പ്രസ്സ് & മീഡിയ വലിയ ഹാവഭാവം കാണിക്കാറായിരുന്നു പതിവ്. എന്നാൽ, ഇപ്രാവശ്യം തങ്ങൾക്ക് സമയം തരിക, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായി തങ്ങൾക്ക് അഭിമുഖം നടത്തണം, അദ്ദഹവുമായി സംസാരിക്കണം എന്നൊക്കെ പറഞ്ഞ് മാധ്യമപ്രവർത്തകർ നമ്മുടെ പിന്നാലെ കൂടുകയായിരുന്നു. പക്ഷേ, സമയക്കുറവു കാരണത്താൽ നമ്മൾ നിർബന്ധിതരായിപ്പോയി. അതുകൊണ്ട് എത്രമാത്രം മാധ്യമങ്ങളുമായി ഇന്റർവ്യൂകളും ബന്ധവുമാണോ നടത്താൻ കഴിഞ്ഞത് അത്രമാത്രമേ നടത്താൻ കഴിഞ്ഞുള്ളു. മറ്റുള്ളവരോടു ഖേദം പ്രകടിപ്പിക്കേണ്ടി വന്നു. നമ്മുടെ അവിടത്തെ മാധ്യമ ടീമുകൾ നമ്മൾ ഖേദം പ്രകടിപ്പിച്ച മാധ്യമപ്രവർത്തകരുമായി ഇനി ബന്ധം വെച്ചുകൊണ്ടിരിക്കേണ്ടതാണ്. അവരെ നേരിട്ട് കണ്ടോ എഴുത്തിലൂടേയോ ഖേദം പ്രകടിപ്പിക്കേണ്ടതുമാണ്. ഇത് അടുത്ത ബന്ധങ്ങൾക്ക് അനിവാര്യമായ കാര്യമാണ്.

എന്തായാലും ഇനി ഞാൻ ചുരുങ്ങിയനിലയിൽ വിവിധ പരിപാടികളുടെ ചില പ്രതികരണങ്ങൾ അവതരിപ്പിക്കുകയാണ്.

അല്ലാഹുവിന്റെ കൃപയാൽ അവിടെ മൂന്നു പുതിയ മസ്ജിദുകൾ നിർമിച്ചു. പക്ഷേ, രണ്ടെണ്ണത്തിന്റെ ഫംഗ്ഷൻ മറ്റുള്ളവരെ ക്ഷണിച്ചുകൊണ്ടുള്ളതായിരുന്നു. പാർലമെന്റിലും ഒരു ഫംഗ്ഷൻ നടന്നു. York യൂണിവേഴ്സിറ്റിയിലും പ്രസംഗിച്ചു. ടൊറോൻഡോ (Toronto)യിൽ പീസ് സിംപോസിയം ഉണ്ടായി. കാൽഗരിയിലും പീസ് സിംപോസിയം നടന്നു. മറ്റുള്ളവരുടെ മുമ്പിൽ ഇസ്‌ലാമികാധ്യാപനങ്ങൾ സമർപ്പിക്കാനുള്ള അവസരം ഇതിലും കിട്ടി. അല്ലാഹുവിന്റെ കൃപയാൽ എല്ലായിടത്തും ഇസ്‌ലാമികാധ്യാപനങ്ങളുടെ മനോഹാരിത ആളുകൾ അംഗീകരിച്ചു.

ആദ്യം ഞാൻ ഹ്രസ്വമായി ടൊറോൻഡോ (Toronto)യിലെ മാധ്യമ കവറേജിനെക്കുറിച്ച് പറയുകയാണ്. ടൊറോൻഡോ(Toronto)യിൽ മൂന്നു ഇന്റർവ്യൂകൾക്ക് പുറമെ പ്രത്യേകമായ പരിപാടി യൂണിവേഴ്സിറ്റിയിലെ പ്രഭാഷണമായിരുന്നു. അതിനെക്കുറിച്ച് പിന്നീട് പറയുന്നതാണ്. മൂന്നു ഇന്റർവ്യൂകൾ നടന്നതിൽ ഒന്ന് Global News Toronto യുമായിട്ടായിരുന്നു. ഇത് കനഡയിലെ പ്രസിദ്ധമായൊരു ന്യൂസ് നെറ്റ് വർക്കാണ്. ഈ ഇന്റർവ്യൂ സംപ്രേഷണം ചെയ്യപ്പെട്ടു. ഏകദേശം മൂന്നു ലക്ഷം ആളുകൾ ഇതുകണ്ടു. ഈ റിപ്പോർട്ട് വന്നപ്പോൾ ഒരു ലക്ഷമാളുകൾ ഇത് ഓൺലൈനിൽ കണ്ടു കഴിഞ്ഞിരുന്നു.

ഇപ്രകാരം രണ്ടാമത്തെ ഇന്റർവ്യൂ CBC യുടേതായിരുന്നു. ഇത് അവിടത്തെ നാഷണൽ ന്യൂസ് ചാനലാണ്. ഇതിന്റെ വളരെ പ്രശസ്തനായൊരു ജേർണലിസ്റ്റ്, ചീഫ് കരസ്പോണ്ടന്റാണ് പീറ്റേഴ്സ് മൻ ബ്രഡ്ജ്. അദ്ദേഹമാണ് ഇന്റർവ്യൂ എടുത്തത്. ഇന്റർവ്യൂ ആദ്യമേതന്നെ എടുത്തിരുന്നു. പക്ഷേ, രണ്ടാഴ്ച കഴിഞ്ഞ് അദ്ദേഹം തന്റെ പരിപാടിയിൽ ഇത് കൊടുത്തു. ഏകദേശം അരമണിക്കൂർ നേരത്തെ പരിപാടിയായിരുന്നു ഇത്. അത് നാഷണൽ ടെലിവിഷനിൽ കാണിക്കപ്പെട്ടു. ഞാൻ പറഞ്ഞതുപോലെ ഇദ്ദേഹം അവിടത്തെ ഏറ്റവും ഉയർന്ന സീനിയർ ജേർണലിസ്റ്റാണ്. വളരെ പ്രധാനപ്പെട്ട ആളായി മനസ്സിലാക്കപ്പെടുന്നു. ഇസ്‌ലാമിനെക്കുറിച്ചും ലോകത്തിന്റെ അവസ്ഥയെ കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തെ കുറിച്ചും ഭീകരവാദികൾ ഇക്കാലത്ത് ഇസ്‌ലാമിനുണ്ടാക്കുന്ന ദുഷ്പേരിനെക്കുറിച്ചും ഒരുപാട് കാര്യങ്ങൾ സംസാരിക്കുകയുണ്ടായി. അതിലെ കുറച്ചുകാര്യങ്ങൾ അദ്ദേഹം കൊടുത്തു. കുറച്ചു കൊടുത്തില്ല. എന്തായാലും വളരെ നല്ല കവറേജാണുണ്ടായത്. ഇതുമുഖേന 10 മില്യൺ കനഡക്കാർവരെ സന്ദേശമെത്തിയതായി അവർ കണക്കുകൂട്ടുന്നു. യൂട്യൂബ് ചാനലിലും ഈ പ്രോഗ്രാം വന്നിരുന്നു. ഇതുമുഖേനയൊരു ലക്ഷം ആളുകൾവരെ വാർത്തയെത്തി. പത്രങ്ങൾ മുഖേന വിശദമായ റിപ്പോർട്ടുകളാണ് വന്നത്. പിന്നീട് യൂണിവേഴ്സിറ്റിയിൽ പ്രഭാഷണമുണ്ടായിരുന്നു. ഇതിനെ സംബന്ധിച്ചും പത്രങ്ങളും മറ്റു മാധ്യമങ്ങളും വാർത്തകൾ നല്കി. ഏകദേശം 5 ലക്ഷമാളുകൾവരെ ഇതിന് കവറേജുണ്ടായി.

ഇനി ഞാൻ അടുത്ത പരിപാടിയെക്കുറിച്ച് പറയുകയാണ്. ജൽസയ്ക്കുശേഷം ആദ്യത്തെ പരിപാടി ഓട്ടവയിൽ നടന്നു. ഇത് അവരുടെ തലസ്ഥാനമാണ്. അവിടെ പാർലമെന്റിലൽ ഈ പരിപാടി ഏകദേശം ദിവസം മുഴുവൻ നടന്നിരുന്നു. വിവിധ ജോലിത്തിരക്കുകളുമുണ്ടായിരുന്നു. ആളുകളുമായി കൂടിക്കാഴ്ചകൾ നടന്നു. പ്രധാനമന്ത്രിയുമായി പ്രത്യേകം കൂടിക്കാഴ്ചയും നടന്നു. പിന്നീട് അദ്ദേഹത്തിന്റെ കുറച്ചു മന്ത്രിമാരുമായി ഇരുന്ന് കൂടിക്കാഴ്ച നടത്തി. വളരെ നല്ല അന്തരീക്ഷമായിരുന്നു. അവരുടെ സഹകരണം എപ്പോഴും ജമാഅത്തിനുണ്ടായിട്ടുണ്ട്. അതിന് ഞാൻ അവർക്ക് നന്ദിയും പറഞ്ഞു.

അവിടെ പാർലമെന്റ് ഹൗസിന്റെ ഒരു ഹാളിലാണ് പരിപാടി നടന്നത്. അതിൽ കനഡിയൻ സർക്കാറിന്റെ 6 മന്ത്രിമാരും 57 നാഷണൽ പാർലമെന്റംഗങ്ങളും വിവിധ രാജ്യങ്ങളിലെ 11 അംബാസിഡർമാരും അമേരിക്കൻ എമ്പസിയുടെ ഫസ്റ്റ് സെക്രട്ടറിയും ലിബിയൻ എമ്പസിയുടെ പ്രതിനിധികളും പങ്കെടുത്തു. ഒന്റാറിയോ സംസ്ഥാനത്തെ മന്ത്രിയും പങ്കെടുത്തിരുന്നു. 30ൽ അധികം പ്രധാനപ്പെട്ട വ്യക്തികളും പരിപാടിയിൽ പങ്കെടുത്തു. ഇവരിൽ ചീഫ് ഓഫ് സ്റ്റാഫും മന്ത്രിമാരും ഉൾപ്പെടുന്നു. evangelical fellowshipന്റെ ഡയറക്ടർ ഉണ്ടായിരുന്നു. കനഡിയൻ റെഡ്ക്രോസിന്റെ ചീഫ് കമ്മ്യൂണിക്കേഷൻ ആഫീസറുമുണ്ടായിരുന്നു. RCMPയുടെ അസിസ്റ്റന്റ് കമ്മീഷണറുണ്ടായിരുന്നു. ഓട്ടവ യൂണിവേഴ്സിറ്റി, കാൾട്ടൺ യൂണിവേഴ്സിറ്റി എന്നിവയുടെ പ്രൊഫസർമാരും ഉൾപ്പെടുന്നു. ചില deanനും വൈസ് പ്രസിഡന്റുമാരുമുണ്ടായിരുന്നു. കനഡിയൻ കൗൺസിൽ ഫോർ മുസ്‌ലിമിന്റെ ഡയറക്ടറും പങ്കെടുത്തിരുന്നു. യു.എസ്സ്. സർക്കാറിന്റെ പ്രതിനിധികളും think tankന്റെ അംഗവും പങ്കെടുത്തിരുന്നു. ലോകകാര്യങ്ങൾ തങ്ങളാണ് നടത്തുന്നതെന്ന് മനസ്സിലാക്കുന്ന ചിലയാളുകളും ഉൾപ്പെടുന്ന നല്ലൊരു gathering ആയിരുന്നു. അവിടെ ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ കാര്യങ്ങൾ വിവരിക്കാൻ അവസരം കിട്ടി. ഇപ്രകാരം അവരുടെ ഇരട്ടത്താപ്പ് നയങ്ങളും ഞാൻ വ്യക്തമാക്കുകയുണ്ടായി. മുസ്‌ലീംകളെ മാത്രം അടച്ചാക്ഷേപിക്കാതെ സ്വന്തം പ്രവർത്തനങ്ങളിലേക്കും നോക്കാനും നിങ്ങൾ കാരണത്താൽ ചിലഘട്ടങ്ങളിൽ ലോകത്ത് കലഹങ്ങളുണ്ടാകുന്നുവെന്നും പറഞ്ഞു.

ഈ പ്രസംഗത്തിന്റെ പ്രതികരണങ്ങൾ ഞാൻ സമർപ്പിക്കുകയാണ്.

ജോഡി സ്ഗറോ(Judi Sgro), പാർലമെന്റംഗമാണ്. അവർ പറഞ്ഞു: 'ജമാഅത്തിന്റെ ഇമാമിന്റെ ഈ പ്രസംഗം നമുക്കെങ്ങനെ മൂന്നാം ലോക മഹായുദ്ധത്തിൽനിന്ന് രക്ഷപ്പെടാമെന്ന ഉപദേശങ്ങളാൽ നിർഭരമായിരുന്നു. നമുക്ക് ഈ വിപത്തിൽനിന്ന് രക്ഷപ്പെടുന്നതിന് പരസ്പര സഹകരണത്തിന്റേയും അധ്വാനത്തിന്റേയും ആവശ്യമുണ്ടെന്നത് വളരെ വ്യക്തമാണ്.' അവർ പറയുന്നു:'ഇപ്പോൾ നല്കപ്പെട്ടിരിക്കുന്ന ഈ സന്ദേശം മുഴുലോകത്തും എത്തിക്കേണ്ട ആവശ്യമാണുള്ളത്.'

ഒരു പാർലമെന്റംഗമാണ് കിയൂൺവാൺ (Kevin Waug). അദ്ദേഹം പറഞ്ഞു:'ചുരുങ്ങിയ വാക്കുകളിൽ ഒരുപാട് വിഷയങ്ങളിൽ വെളിച്ചം വീശി. ജമാഅത്തിന്റെ ഇമാം തന്റെ പ്രസംഗത്തിൽ വിശുദ്ധ ഖുർആനിലെ ധാരാളം ഉദ്ധരണികൾ സമർപ്പിച്ചതിൽ ഞാൻ പ്രത്യേകിച്ചും ആകർഷിതനാണ്. ഇക്കാര്യം മതപരമായ അറിവുകൾ വളരെ കുറഞ്ഞ എന്നെപ്പോലുള്ളവർക്ക് അങ്ങേയറ്റം സന്തോഷകരമാണ്. ഇതുമുഖേന എന്റെ അറിവിൽ വർധന ഉണ്ടായി.'

എല്ലാവരും അവരവരുടെ ചിന്താഗതിക്കനുസരിച്ച് പ്രഭാഷണത്തിന്റെ ഇടയിൽനിന്ന് പോയന്റുകളെടുക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

ഇപ്രകാരംതന്നെ ഇസ്റായേൽ അംബാസിഡറും അവിടെ ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'അത് സമാധാനത്തിനുള്ള സുപ്രധാനമായ സന്ദേശമായിരുന്നു. അതായത് എല്ലാ മതങ്ങളും എങ്ങനെയാണ് പരസ്പരം ആദരിക്കേണ്ടത്.' പറയുന്നു: 'ഇന്ന് ഇസ്‌ലാമിനെക്കുറിച്ചുള്ള എന്റെ ചിന്താഗതികൾ മാറിപ്പോയി. അതിനോടുള്ള ആദരവും കൂടി. ഈ പ്രസംഗം പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടുതൽക്കൂടുതൽ ആളുകൾവരെ എത്തിക്കേണ്ടതാണ്. ജനങ്ങൾ ഈ സന്ദേശത്തെ അനുധാവനം ചെയ്താൽ ലോകത്തെ ഏതു കാഠിന്യമേറിയ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്നതാണ്. ഈ പ്രസംഗത്തിലെ സഹിഷ്ണുതയുടെ ഭാഗം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. മുസ്‌ലീംകളാവട്ടെ യഹൂദികളാവട്ടെ എല്ലാവരോടുമുള്ള കടമകൾ നിറവേറ്റേണ്ടതാണ്.'

അവിടെ നല്കപ്പെടുന്ന സർ സഫ്റുല്ലാഹ് ഖാൻ അവാർഡ് ഈ വർഷം കരസ്ഥമാക്കിയ സീനിയർ ഇമിഗ്രേഷൻ ജഡ്ജ് ലൂയിസ് ആർബർ(Louise Arbour) തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'അങ്ങേയറ്റം തെളിമയാർന്ന ഭാഷയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം നമ്മുടെ ബലഹീനതകളേയും കുറവുകളേയും കുറിച്ചു പറഞ്ഞു. അതിനോടൊപ്പം പാശ്ചാത്യ സമൂഹങ്ങളിലെ പ്രശ്നങ്ങളിലും വെളിച്ചം വാശി. ചില ഘട്ടങ്ങളിൽ അവരുടെ പ്രവർത്തകരിൽ കപടത കാണാൻ കഴിയുന്നുവെന്നും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നല്കുന്നില്ലെന്നും പറഞ്ഞു.'

പാർലമെന്റംഗം മാജിദ് ജ്വാഹരിയും പങ്കെടുത്തിരുന്നു. ഇദ്ദേഹം ഏതോ അറബ് രാജ്യവുമായി ബന്ധപ്പെട്ടയാളാണെന്നാണ് തോന്നുന്നത്. ഇദ്ദേഹം പറയുന്നു: 'ലോകത്ത് എങ്ങനെയാണ് സമാധാനം സ്ഥാപിക്കാൻ കഴിയുന്നതെന്ന് ഞങ്ങൾ ഇന്ന് സന്ദേശത്തിൽ കേട്ടു. ഇത് വളരെ വലിയൊരു ചാലഞ്ചാണ്. ഇതു നമ്മൾ പരസ്പരം കൂടിച്ചേർന്ന് പരിഹരിക്കേണ്ടതാണ്. സാമ്പത്തിക പ്രതിസന്ധിയും ഭീകരവാദവും പോലെ വേറേയും ഒരുപാട് വെല്ലുവിളികളുണ്ട്. അതിനെല്ലാം വേണ്ടി നമ്മൾ കഠിന പ്രയത്നവും കൂട്ടായ പ്രവൃത്തികളും ചെയ്യേണ്ട ആവശ്യമാണുള്ളത്.'

കേർസ്റ്റി ഡൺഗൺ സാഹിബ (Kirsty Duncan) പാർലമെന്റംഗമാണ്. ശാസ്ത്ര മന്ത്രിയുമാണ്. ഇവർ പറയുന്നു:'എന്റെ മനസ്സിനെ പ്രത്യേകമായി സ്പർശിച്ച ഒരു കാര്യം(അവരോടു അല്ലാതെയും സംസാരിച്ചിരുന്നു. ഇത് അവർ വ്യക്തിപരമായി നടത്തിയ അഭിപ്രായമാണ്)ഒരിക്കൽ സുഹൃത്തായിക്കഴിഞ്ഞാൽ അയാൾ എന്നെന്നേക്കുമുള്ള സുഹൃത്തായിത്തീരുന്നു. പ്രഭാഷണത്തിൽ ഒരുപാട് വശങ്ങൾ വിവരിച്ചിരുന്നു. ഉദാഹരണത്തിന് ന്യായം, നീതി, സമാധാനം, യുവാക്കൾ, ഐക്യരാഷ്ട്ര സഭ തുടങ്ങിയവ. നമ്മളെല്ലാവരും മനുഷ്യകുലത്തിന്റെ ഉന്നമനത്തിനായി പരിശ്രമിക്കേണ്ടതാണ്.' പറയുന്നു:'അഹ്മദിയ്യാ ജമാഅത്ത് എനിക്ക് വാത്സല്യനിധിയായ ഒരു കുടുംബംപോലെയാണ്.'

പാർലമെന്റംഗമായ നെക്കോളോ ഡി ലോറിയോ (Nicola Di Lorio) തന്റെ അഭിപ്രായം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു: 'വളരെ നല്ല പ്രസംഗമായിരുന്നു. ഇതിൽ എല്ലാ ലോകപ്രശ്നങ്ങളേയും ഹ്രസ്വമായി അവതരിപ്പിച്ചു. അവിടന്ന് മതത്തിന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെ പ്രശ്നങ്ങളിലും വെളിച്ചം വീശി. അഹ്മദിയ്യാ ജമാഅത്ത് വളരെ ശക്തമായ ഒരു ജമാഅത്താണ്. മതസംഘടനകൾക്ക് ഒരു മാതൃകയാണ്. അദ്ദേഹം മതപരമായ കാര്യങ്ങളിൽ സഹിഷ്ണുത പാലിക്കേണ്ടതാണെന്നതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. കൈയ്യേറ്റങ്ങളുടെ ഫലം കൂടുതൽ കൈയ്യേറ്റമായിരിക്കുമെന്ന് അവിടന്ന് പറഞ്ഞു. നമ്മൾ സഹിഷ്ണുത പോലുള്ള ഒരു ഗുണവിശേഷം സ്വീകരിക്കുകയാണെങ്കിൽ വളരെ വലിയ മാറ്റം കൊണ്ടുവരാൻ കഴിയുന്നതാണ്.' പറയുന്നു:'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഇവിടെ വരികയും ആചാരപരമായ നിലയിൽ എന്തെങ്കിലും വാക്കുകൾ പറഞ്ഞ് നന്ദി രേഖപ്പെടുത്തി ഇരിക്കുകയും ചെയ്യുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ, ഇവിടെ നടത്തിയ പ്രസംഗം തന്നെ പറയുന്നു: 'ഇതിനെക്കാൾ നല്ലൊരു പ്രസംഗം ഞാൻ കേട്ടതായി എനിക്ക് തോന്നുന്നില്ല. ലോകത്തിലെ എല്ലാവരും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങളിലും അദ്ദേഹം വെളിച്ചം വീശി. ഉദാഹരണത്തിന് കാലാവസ്ഥയിലെ വ്യതിയാനം, സാമ്പത്തികപ്രശ്നങ്ങൾ, ആഭ്യന്തര യുദ്ധങ്ങൾ, അടിസ്ഥാന കാരണമായ അനീതിയും വിവരിക്കുകയുണ്ടായി. വർത്തമാനകാലത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരവും വിശദീകരിച്ചു. മതപരമായ കാര്യങ്ങളിൽ കൈകടത്തരുതെന്നും പറഞ്ഞു. പാശ്ചാത്യർ നടത്തിക്കൊണ്ടിരിക്കുന്ന ആയുധക്കച്ചവടം പാടില്ലെന്നും പറഞ്ഞു.' അദ്ദേഹം പറഞ്ഞു: 'എനിക്ക് ഈ പരിപാടിയിൽ പങ്കെടുത്ത് സമാധാനത്തിനു വേണ്ടി സംസാരിക്കുന്ന ആളുടെ ശബ്ദംകേട്ട് അതിരറ്റ സന്തോഷമുണ്ടായി.' പറയുന്നു:'ഇസ്‌ലാമിനെക്കുറിച്ച് ലോകത്തിന് പരിചയപ്പെടുത്താനുള്ള യഥാർഥ മാർഗം ഇതുതന്നെയാണ്.'

ജർമൻ അംബാസിഡറായ വർണർ വിന്റ് (Werner Wnendt) പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഭാവിയുടെ രേഖാചിത്രം വരച്ചിരിക്കുകയാണ്. നമ്മളെല്ലാവരും അത്തരം സമാധാനപൂർണമായ ഭാവിയാണ് ആഗ്രഹിക്കുന്നത്. ഇസ്‌ലാം സമാധാനപൂർണമായ മതമാണെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്ന് നമുക്ക് അറിയാൻ കഴിഞ്ഞു. യൂറോപ്പിൽ വരുന്നവരുമായി ചേർന്ന് നമുക്കെല്ലാവർക്കും താമസിക്കാൻ കഴിയും. ഈ പ്രസംഗത്തിന്റെ സുപ്രധാന സന്ദേശം ലോകത്തിന്റെ ഉന്നമനത്തിനായി നമ്മളെല്ലാവരുംശ്രമിക്കേണ്ടിവരും എന്നതാണ്. പൊതുജനങ്ങൾക്ക് വ്യക്തിപരമായ നിലയിൽ തങ്ങളുടെ ജീവിതം നയിക്കാൻ അനുവാദമുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്.'

സർക്കാർ മതപരമായ കാര്യങ്ങളിൽ ഇടപെടരുതെന്നും ഞാൻ പറഞ്ഞിരുന്നു. മറ്റു ചില പ്രശ്നങ്ങളുമുണ്ട്. പർദയേയും മസ്ജിദുകളേയും ഇത്തരത്തിലുള്ള മറ്റു കാര്യങ്ങളേയും കുറിച്ച് യൂറോപ്പിൽ ചോദ്യങ്ങൾ ഉയർന്നുകൊണ്ടിരിക്കുന്നു. ഇത് ഫിത്നകൾ സൃഷ്ടിക്കുന്ന ചോദ്യങ്ങളാണ്.

ഇതുപോലെതന്നെ ഒരു ചീഫ് ഇമാമും സ്കോളറുമായ മുഹമ്മദ് ജബ്ബാർ-ഇദ്ദേഹം ഏതോ അറബ് രാജ്യത്തിൽനിന്ന് വന്നതാണെന്നാണ് തോന്നുന്നത് അവിടെത്തെ ഒരു മസ്ജിദിലെ ഇമാമാണ്-പറയുന്നു: 'ഞാനൊരു സുന്നി ഇമാമാണ്. ഈ പ്രസംഗം ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് അസ്തിവാരമിട്ടു എന്നു പറയുന്നതിൽ എനിക്കൊരു മടിയുമില്ല. ഈ പ്രസംഗം ഇന്ന് ലോകത്തിന് അത്യാവശ്യമാണ്. ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം യുക്തി നിർഭരമായിരുന്നു. കാരണം അവിടന്ന് ഏതെങ്കിലും ഒരു കക്ഷിയെ കുറ്റപ്പെടുത്തിയില്ല. മറിച്ച് എല്ലാ ഗ്രൂപ്പുകളുടേയും ബലഹീനതയാണ് ലോകത്തിന്റെ അസ്വസ്ഥതയ്ക്ക് കാരണമെന്നാണ് പറഞ്ഞത്. നമുക്ക് നമ്മുടെ ബലഹീനതകളും കുറവുകളും അംഗീകരിക്കേണ്ടതാ

ണ്. എന്നിട്ട് ഉയർച്ചയിലേക്ക് ചുവടു വെക്കേണ്ടതാണ്. ഇവിടെ ഒരു മനുഷ്യനും തെറ്റുകളിൽനിന്ന് മുക്തനല്ലെന്ന ഇസ്ലാമികാധ്യാപനം അദ്ദേഹം പറയുകയുണ്ടായി.' പറയുന്നു:'വളരെ നല്ല പ്രസംഗമായിരുന്നു. ആവശ്യമുള്ള എല്ലാ വിഷയങ്ങളും പ്രതിപാദിക്കപ്പെട്ടു. നിയമജ്ഞരായവരോടു പകരമുള്ള പരിഹാരവും പറഞ്ഞു.' പിന്നീട് ഇദ്ദേഹം പറയുന്നു: 'ഇസ്ലാമിക വീക്ഷണങ്ങളെ വളരെ മനോഹരമായ നിലയിൽ അവതരിപ്പിച്ചു. വളരെ ദുഷ്കരമായ വശങ്ങളെ ആരുടേയും വികാരങ്ങളെ വ്രണപ്പെടുത്താതെ മനോഹരമായ രീതിയിൽ അവതരിപ്പിക്കുകയുണ്ടായി.'

വേറൊരു അതിഥി ഗാർനെറ്റ് ജീനിയുസ് (Garnett Genuis)പറയുന്നു: 'എങ്ങനെ മതത്തിനും മതനേതാക്കന്മാർക്കും സമൂഹത്തിൽ സമാധാനം സ്ഥാപിക്കാനും വർത്തമാന കാലത്തെ പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയുമെന്നുള്ള സന്ദേശം വളരെ നല്ലതായിരുന്നു. എങ്ങനെ ആയുധങ്ങളുടെ കച്ചവടം കൺട്രോൾ ചെയ്ത് നമുക്ക് പരസ്പരം സമാധാനത്തോടെ ജീവിക്കാൻ സാധിക്കുമെന്ന കാര്യവും വെളിപ്പെടുത്തി.' പറയുന്നു:'പൊതുവെ നമ്മൾ ഒരാൾ മറ്റൊരാളുടെ മേൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, എങ്ങനെ പാശ്ചാത്യർക്കും മറ്റു രാജ്യക്കാർക്കും അവരവരുടെ പങ്കുവഹിച്ചുകൊണ്ട് ലോകത്തിന്റെ അവസ്ഥ നന്നാക്കാൻ കഴിയുമെന്നാണ് ജമാഅത്തിന്റെ ഇമാം വ്യക്തമാക്കിയത്.'

ഒരു സിക്ക് അതിഥി പറഞ്ഞു:'ലോകത്തിന്റെ അസ്വസ്ഥതയ്ക്ക് പാശ്ചാത്യ രാജ്യങ്ങൾക്കും കൈയുണ്ടെന്നാണ് ഒരു പാശ്ചാത്യപാർലമെന്റിൽവന്ന് പറഞ്ഞത്. ഉദാഹരണത്തിന് പാശ്ചാത്യ രാജ്യങ്ങൾ വില്ക്കുന്ന ആയുധങ്ങൾ ഭീകരവാദികളുടെ കൈയിൽ എങ്ങനെ എത്തുന്നുവെന്ന കാര്യത്തിലും അദ്ദേഹം വെളിച്ചം വീശി. ഭീകരപ്രവർത്തനങ്ങൾക്കായി പോകുന്ന കനഡക്കാരിൽ ഇരുപത് ശതമാനം സ്ത്രീകളാണെന്ന കാര്യവും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. അവർ വരും തലമുറയേയും ഈ വർണത്തിലാക്കിത്തീർക്കുന്നതാണ്.' പറയുന്നു:'ഞാൻ ഇക്കാര്യത്തെ കുറിച്ച് ഒരിക്കലും ചിന്തിച്ചിട്ടില്ല.' പറയുന്നു:'നമുക്ക് നമ്മുടെ പ്രതിജ്ഞയും അമാനത്തുകളും പൂർത്തിയാക്കേണ്ട ആവശ്യമുണ്ടെന്ന കാര്യം അദ്ദേഹം ഖുർആൻ ഉദ്ധരിച്ച് സംസാരിച്ചത് എനിക്ക് നന്നായി തോന്നി. ഭരണകൂടവും ഒരു അമാനത്താണെന്നും സർക്കാറിന്റെ ഉദ്യോഗസ്ഥന്മാരും തങ്ങളുടെ പ്രതിജ്ഞകൾ കഴിവിന്റെ പരമാവധി നിർവഹിക്കേണ്ടതാണെന്നും വളരെ മനോഹരമായ രീതിയിൽ അദ്ദേഹം പറഞ്ഞു.' പിന്നീട് അവലോകനം ചെയ്തുകൊണ്ടു പറയുന്നു:'മുസ്ലിം ഉലമയാണ് പൊതുജനങ്ങളെ വഴിപിഴപ്പിച്ചതെന്നും ഇക്കാരണത്താലാണ് കലഹങ്ങളിൽ വർധനയുണ്ടായിക്കൊണ്ടിരിക്കുന്നതെന്നും ജമാഅത്തിന്റെ ഇമാം പറഞ്ഞു. ആവിഷ്കാര സ്വാതന്ത്ര്യവുംഅവകാശ സ്വാതന്ത്ര്യവും സ്ഥാപിക്കുന്നവരാണെന്ന പാശ്ചാത്യരാജ്യങ്ങളുടെ വാദത്തേയും അദ്ദേഹം ചാലഞ്ച് ചെയ്തു. അതുകൊണ്ട് തങ്ങളുടെ വാദങ്ങളനുസരിച്ച് പ്രവർത്തിച്ചു കാണിക്കേണ്ടത് അവരുടെ ഉത്തരവാദിത്വമാണ്. പർദയിലുള്ള നിയന്ത്രണം ആരാധനാലയങ്ങളിലുള്ള നിയന്ത്രണം തുടങ്ങിയവ പോലെ മതപരമായ കാര്യങ്ങളിൽ കൈകടത്തുരത്. വളരെ നല്ല രീതിയിലാണ് പാശ്ചാത്യരുടെ ശ്രദ്ധ ക്ഷണിച്ചത്.'

ചില ഉദാഹരണങ്ങളാണ് ഞാൻ നല്കിയത്. ഇത്തരത്തിലുള്ള നിരവധി അവലോകനങ്ങൾ മന്ത്രിമാരുടേയും മറ്റുള്ളവരുടേയുമുണ്ട്.

ഹിൽ പാർലമെന്റ് പരിപാടിയുടെ മീഡിയാ കവറേജ് ഉണ്ടായി. ഒന്ന് ആദ്യം പ്രധാനമന്ത്രി സാഹിബ് തന്നെ തന്റെ ടീറ്റ് അക്കൗണ്ടിലെഴുതി: 'എനിക്കിന്ന് ഒട്ടാവയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മിർസാ മസ്റൂർ അഹ്മദിനെ കണ്ട് സന്തോഷമായി. അദ്ദേഹം കൂടെനിന്നുള്ള ഫോട്ടോയും തന്നു.' ഈ ടീറ്റ് ജനങ്ങൾക്കിടയിൽ കറങ്ങിക്കൊണ്ടിരുന്നു. പത്രങ്ങൾ മുഖേനയും വിവിധമാർഗങ്ങൾ മുഖേനയും ഫംഗ്ഷന്റെ വാർത്ത ഏകദേശം നാലര മില്യൺ ജനങ്ങൾവരെ എത്തി.

ഇപ്രകാരം ടൊറൊണ്ടോയിൽ ഐവാനെ ത്വാഹിറിൽ ഒരു പീസ് സിംപോസിയം നടന്നു. ഇതിൽ അനഹ്മദികളും അമുസ്ലീംകളും ഉൾപ്പെടെ 614 അതിഥികൾ പങ്കെടുത്തു. ഇവരിൽ വിവിധ പ്രദേശങ്ങളിലെ മേയർമാരും കൗൺസിലർമാരും പത്രപ്രതിനിധികളും ഡോക്ടർമാരും പ്രഫസർമാരും അധ്യാപകരും വക്കീൽമാരും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടവരും പങ്കെടുത്തു.

presbyterian church ന്റെ പാതിരി പറയുന്നു: 'ഇന്ന് ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം എന്നെ വല്ലാതെ ആകർഷിച്ചു. കാരണം ഈ സന്ദേശം ശാന്തിയുടേയും സ്നേഹത്തിന്റേയും പ്രതീക്ഷയുടേയും സന്ദേശമായിരുന്നു. ഇതിന് വർണമോ വർഗമോ പാശ്ചാത്യമോ പൗരസ്ത്യമോ ഏതെങ്കിലും പ്രത്യേക കാലമോ സ്ഥലമോ ആയിട്ട് ബന്ധമൊന്നുമില്ല. പ്രത്യുത മുഴുവൻ ലോകത്തിനും വേണ്ടിയായിരുന്നു. ഈ പ്രഭാഷണത്തിന് മറ്റൊരു പ്രാധാന്യവുമുണ്ട്. ലോകത്ത് ധാരാളം തെറ്റായധാരണകളും ഭയവും പേടിയും വ്യാപിച്ചിരിക്കുകയാണ്. പക്ഷേ, ഇന്നത്തെ സന്ദേശത്തിൽ ഇക്കാര്യം വ്യക്തമായിരുന്നു; നമ്മുടെ ഇടയിൽ യോജിപ്പുള്ള കാര്യങ്ങളാണ് ഏറെയുള്ളത്. ഭിന്നതയുള്ള കാര്യങ്ങൾ കുറവും. ഇത് വളരെ വലിയൊരു സന്തോഷവാർത്തയാണ്. ഇത് ജനങ്ങൾ കേൾക്കേണ്ട ആവശ്യമാണുള്ളത്.'

ഒരു അതിഥി ഗ്രേഗ് കെന്നഡി (Greg Kennedy)-ഇദ്ദേഹത്തിന്റെ സഹോദരി ഈയടുത്ത് ഇസ്ലാം സ്വീകരിച്ചിരുന്നു-പറയുന്നു:'ഞാനെന്റെ സഹോദരിയോടൊപ്പമാണ് വന്നിട്ടുള്ളത്. കാരണം അവൾ ഈ അടുത്ത് ഇസ്ലാം സ്വീകരിക്കുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങളെന്താണെന്ന് ഞങ്ങൾ കാണാനാഗ്രഹിച്ചിരുന്നു. ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം കേട്ട് എന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. എന്റെ സഹോദരി ഇത്രമാത്രം സ്നേഹിക്കുകയും സഹായിക്കുകയും ജനങ്ങൾക്ക് സേവനം ചെയ്യുകയും ചെയ്യുന്ന ആളുകളിൽ ചേർന്നിരിക്കുന്നു. ഇന്ന് പഠിച്ച കാര്യങ്ങളിൽ ഞാൻ അതീവ സന്തുഷ്ടനാണ്.' ഈ പീസ് സിംപോസിയത്തിലും ജമാഅത്തിന്റെ ലോകസമാധാനത്തിനുവേണ്ടിയുള്ള സേവനങ്ങളെ കുറിച്ച് ഞാൻ പറഞ്ഞിരുന്നു.

ഇപ്രകാരംതന്നെ പാർലമെന്റിലുണ്ടായിരുന്ന ഒരു വ്യക്തിയാണ് മുഹമ്മദു അൽ ഹാലാവാജി (Muhammed al halawaji). അദ്ദേഹം നൈൽ അസോസിയേഷന്റെ പ്രസിഡന്റാണ്. അദ്ദേഹം പറയുന്നു:'ഇന്നത്തെ സന്ദേശം വളരെ വ്യക്തമായിരുന്നു. നമ്മളെല്ലാവരും സ്നേഹത്തോടുകൂടി ജീവിക്കേണ്ടതാണ്. ആരോടും വെറുപ്പ് വെച്ചുനടക്കേണ്ട ആവശ്യമില്ല. നമ്മൾ പസ്പരം വെറുപ്പുംകൊണ്ട് നടക്കുകയാണെങ്കിൽ സമാധാനമുണ്ടാകുകയില്ല.' പറയുന്നു:'ഞാൻ പാർലമെന്റിൽ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേട്ടപ്പോൾ പാർലമെന്റിൽ ഈ രീതിയിൽ ഒരു മുസ്ലിം നേതാവിന് പ്രഭാഷണം നടത്താൻ കഴിയുമോ എന്നത് എനിക്ക് വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. ഭയത്തിന്റെ ഒരു ലാഞ്ചനപോലും കാണാൻ കഴിഞ്ഞിരുന്നില്ല. അങ്ങേയറ്റം നിർഭയമായ രീതിയിൽ തന്റെ പ്രഭാഷണം നടത്തി. ഇതുതന്നെയാണ് ഇസ്ലാമിന്റെ ശരിയും സത്യസന്ധവുമായ സന്ദേശമെന്ന് ജനങ്ങൾക്ക് ദൃഢവിശ്വാസമായി. നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾക്കു പിന്നിൽ കുറച്ചാളുകളുണ്ട്. അവരാണ് അതിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നത്.' പറയുന്നു: "ഇന്നത്തെ പ്രാഭാഷണത്തിലും 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന വിഷയത്തിലാണ് സംസാരിച്ചത്. ഇതായിരിക്കേണ്ടതാണ് നമ്മുടെ പ്രവർത്തന രൂപരേഖ. ഇതുതന്നെയാണ് സത്യവും."

സുമിട്ട(Zumita)കമ്മിറ്റിയിലെ അംഗം അബൂയൂസുഫ് സാഹിബ് പറയുന്നു: 'ഇന്നു ഞാൻ കണ്ടതിലും കേട്ടതിലും വളരെ ആകർഷിതനാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ പ്രസംഗത്തിൽ നബി(സ) തിരുമേനിയുടെ ഒരുപാട് മാതൃകകൾ അവതരിപ്പിക്കുകയുണ്ടായി. നമ്മൾ അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കണമെന്ന് നമ്മളോടു പറയുകയും ചെയ്തു. നബി(സ)തിരുമേനി ഒരിക്കലും ആരേയും ബലാൽക്കാരമായി ഇസ്ലാമിൽ ചേർത്തിട്ടില്ലെന്നും എങ്ങനെയാണ് അവിടന്ന് മനുഷ്യകുലത്തിനു സേവനം ചെയ്തതെന്നും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സ്ഥാപിക്കുകയുണ്ടായി. വിശുദ്ധ ഖുർആൻ ഉദ്ധരിച്ചും ഇസ്ലാമികാധ്യാപനങ്ങളിൽ വെളിച്ചം വീശി. *ലാ ഇക്റാഹ ഫിദ്ദീനി* എന്ന് വിശുദ്ധ ഖുർആൻ പറഞ്ഞതുപോലെ. എങ്ങനെയാണ് നബി(സ)തിരുമേനി ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും ഹിന്ദുക്കൾക്കും അല്ലെങ്കിൽ മറ്റേത് മതത്തിൽപ്പെട്ട ആളുകൾക്കും അവരുടെ അവകാശങ്ങൾ നല്കിയത്. മനുഷ്യരെന്ന നിലയിൽ നമ്മളെല്ലാവരും ഒന്നാണെന്നും പറഞ്ഞു.

മൂന്നാമത്തെ ഫംഗ്ഷൻ യാറിക് യൂണിവേഴ്സിറ്റിയിലാണ് നടന്നത്. കനഡയിലെ വലിയ യൂണിവേഴ്സിറ്റികളിൽപെട്ടതാണ് യാറിക് യൂണിവേഴ്സിറ്റി. അതിൽ 11 ഫാക്കൽറ്റീസു(Faculties)കളുണ്ട്. അതിലെ മെയിൻ കാമ്പസിൽ 53000ലധികം വിദ്യാർഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. ഈ യൂണിവേഴ്സിറ്റിയിലെ അധ്യാപകരുടെ എണ്ണം ഏഴായിരത്തിന്നടുത്താണ്. ഈ യൂണിവേഴ്സിറ്റിയിൽനിന്ന് ഇതുവരെ മൂന്നുലക്ഷത്തോളം വിദ്യാർഥികൾ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഞാൻ ചാൻസിലറോടു ചോദിച്ചപ്പോൾ കനഡയിലെ മൂന്നാമത്തെ വലിയ യൂണിവേഴ്സിറ്റിയാണിതെന്ന് അദ്ദേഹം പറഞ്ഞു.

ഈ പരിപാടിയിൽ യൂണിവേഴ്സിറ്റി ഓഫ് ടൊറോൻഡോ (Toronto)യിലെ Indigenous എൽഡ് അംഗം കാറ്റ് കൊരിയർ (Cat Courier) എന്ന സുഹൃത്തും പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഇന്നത്തെ ദിവസം ഒരു സമ്മാനമായിരുന്നു. നമ്മളെല്ലാവരും കൂടിച്ചേർന്ന് ലോകസമാധാനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കണമെന്നു തുടങ്ങിയുള്ള കാര്യങ്ങൾകേട്ട് വളരെ നിർവൃതിയുണ്ടായി. പണ്ടേയുള്ള തദ്ദേശവാസികളുടെ അവകാശങ്ങളും നിഷേധിക്കപ്പെട്ടു. കുറഞ്ഞ പക്ഷം തങ്ങളോടൊപ്പം നില്ക്കേണ്ട ഭരണകൂടവും തങ്ങളോടൊപ്പം നില്ക്കുന്നില്ലെന്ന ധാരണയാണ് അവർക്കുണ്ടായിട്ടുള്ളത്.' പറയുന്നു, എനിക്ക് പ്രത്യേകമായും ഇഷ്ടപ്പെട്ടത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം എന്തൊന്ന് പറഞ്ഞുവോ അത് ഹൃദയത്തിന്റെ അഗാധതയിൽനിന്നാണ് പറഞ്ഞത് എന്നുള്ളതാണ്. ആരെങ്കിലും സത്യമായ കാര്യം മനസ്സിന്റെ അഗാധതയിൽനിന്നും ഹൃദയംങ്ഗമമായും പറയുമ്പോൾ അതെപ്പോഴും ഒരു സ്മാരകമെന്നപോലെ ഓർയിൽ നില്ക്കുന്നു. അദ്ദേഹം ലോകത്തിന്റെ മറ്റൊരുഭാഗത്തുനിന്ന് വന്നുകൊണ്ട് നമ്മളിഷ്ടപ്പെടുന്ന കാര്യങ്ങളാണ് പറയുന്നത്.

ഒരു വിദ്യാർഥിനി ശേരിൽ ക്രെസ് (Sheryl Cress)പറയുന്നു: 'വളരെ നല്ല അവസരമായിരുന്നു. ഇതിൽ ഞങ്ങൾക്കെല്ലാവർക്കും ഇസ്ലാമിന്റെ ചില യഥാർഥ അധ്യാപനങ്ങളെ കുറിച്ച് അറിയാൻ കഴിഞ്ഞു. ഇപ്പോൾ എനിക്ക് ഇസ്ലാമിന്റെ കുറച്ചു അറിവ് കരസ്ഥമായി. ഇപ്പോൾ ഞാൻ കേവലം നിഗമനത്തിലല്ല നടക്കുന്നത്. പ്രത്യുത അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സമാധാനം എന്ന വിഷയത്തിൽ വളരെ നല്ല കാര്യങ്ങൾ പറഞ്ഞു. ഇക്കാര്യങ്ങൾ പ്രത്യേകിച്ചും ഏറെ സ്തുത്യർഹാണ്. നമ്മളിലുള്ള ഒരുപാട് കാര്യങ്ങൾ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ വളരെ സാദൃശ്യമുള്ളതാണെന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പറഞ്ഞു. ഞങ്ങളുടേയും നിങ്ങളുടേയും അതായത് അഹ്മദിയ്യാ ജമാഅത്തിന്റേയും അടിസ്ഥാനപരമായ മൂല്യങ്ങൾ ഒന്നുതന്നെയാണെന്ന് പറഞ്ഞത് എനിക്ക് വളരെ നന്നായി തോന്നി.'

മറ്റൊരു യൂണിവേഴ്സിറ്റിയിലെ ജേർണലിസം ഡിപ്പാർട്ടുമെണ്ടിന്റെ പ്രൊഫസറേയും അദ്ദേഹത്തിന്റെ എല്ലാ വിദ്യാർഥികളേയും അവിടെ പ്രസംഗം കേൾക്കുന്നതിനുവേണ്ടി അയച്ചിരുന്നു. ഒരു പത്രാധിപ യൂസർ അൽബറാനീ(Yousar Albrani)പറയുന്നു:'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പരസ്പരം ഐക്യത്തോടെ ജീവിക്കേണ്ടതിനെക്കുറിച്ച് പറഞ്ഞത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഒരു ജേർണലിസ്റ്റ് എന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ അധികവും സമാധാനത്തെ കുറിച്ചും സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചും എഴുതാറുണ്ട്. പക്ഷേ, ഒരു മതനേതാവ് ഇതിനെക്കുറിച്ച് സംസാരിക്കുമ്പോൾ അതിനൊരു പ്രത്യേക പ്രാധാന്യമുണ്ട്. ജമാഅത്തിന്റെ ഇമാം വളരെ വ്യക്തമായി ഇസ്ലാമിക ലോകത്തെ പ്രശ്നങ്ങൾ വിവരിച്ചു; അതിന്റെ പിന്നിൽ മറ്റു സർക്കാറുകളുടെ കൈയാണെന്ന്! ജമാഅത്തിന്റെ ഇമാം ലോകത്തെ അവസ്ഥകളെ കുറിച്ച് പഠിക്കുമ്പോൾ അദ്ദേഹത്തിന് ദുഃഖമുണ്ടാകുന്നുവെന്ന് പറഞ്ഞത് കേട്ട് വളരെ നന്നായി തോന്നി.'

ഒരു പാതിരിസാഹിബ് പറയുന്നു: 'വിശുദ്ധ ഖുർആനിൽനിന്ന് ലളിതമായ ഭാഷയിൽ ഉദ്ധരിച്ച കാര്യങ്ങൾ നല്ലവണ്ണം മനസ്സിലായി. ലോകത്തുണ്ടായിരിക്കുന്ന വിവിധ യുദ്ധങ്ങൾ പ്രത്യേക ശക്തിയുടെ സഹായത്താലും അവരുടെ മേൽനോട്ടത്തിലുമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് പറഞ്ഞത് എനിക്കിഷ്പ്പെട്ടു. വൻ ഭരണകൂടങ്ങൾ സഹായങ്ങൾ നല്കുന്നത് ഉപേക്ഷിക്കുകയാണെങ്കിൽ ഇതെല്ലാം അവസാനിക്കാൻ സാധ്യതയുണ്ട്.'

പിന്നീട് ഞങ്ങൾ സസ്ക്കാടോണിൽ(Saskatchewn) പോയിരുന്നു. അവിടേയും കുറച്ചു പ്രസ്സ്കോൺഫ്രൻസുകൾ നടന്നു. ജമാഅത്തിന്റെ പരിപാടികളുമുണ്ടായിരുന്നു. മറ്റുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടി ഉണ്ടായിരുന്നില്ല. പക്ഷേ, അവിടേയും വിവിധ റേഡിയോകളും പ്രസ്സും മുഖേന മൊത്തത്തിൽ 1.78 മില്യൺ ജനങ്ങൾവരെ സന്ദേശമെത്തി.

പിന്നീട് നടന്നത് റജായിനായിലെ മസ്ജിദ് മഹ്മൂദിന്റെ ഉൽഘാടനമായിരുന്നു. അവിടേയും ജുമുഅയ്ക്കുശേഷം വൈകുന്നേരം മസ്ജിദിനെ ഉദ്ധരിച്ച് ഒരു ഹോട്ടലിൽ റിസപ്ഷൻ നടന്നിരുന്നു. ഇതിൽ 200 അതിഥികൾ പങ്കെടുത്തു. ഇതിൽ സസ്കാടോൺ (Saskatchewn) സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയും സഹമുഖ്യമന്ത്രിയും റജായിനാ സിറ്റിയുടെ മേയറും പൊതുസുരക്ഷാ മിനിസ്റ്ററും, ഓപ്പോസിഷന്റെ ഡപ്യൂട്ടി ഹൗസ് ലീഡറും സമീപ നഗരങ്ങളിലെ ഇപ്പോഴത്തേയും മുമ്പത്തേയും മേയർമാരും സസ്കാടോൺ യൂണിവേഴ്സിറ്റിയുടെ പ്രസിഡന്റും വൈസ് പ്രസിഡന്റും റജായിനാ യൂണിവേഴ്സിറ്റിയിലെ റിലീജിയസ്സ് സ്റ്റഡീസ് ഡിപ്പാർട്ടുമെന്റിന്റെ ഹെഡ് പ്രൊഫസർമാരും പാതിരിമാർ, പോലീസ് ചീഫുമാർ, മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട അതിഥികളെല്ലാം പങ്കെടുത്തിരുന്നു.

ആഗോളമതങ്ങളുടെ ഒരു പ്രൊഫസർ സാഹിബ് റജായിനായിലെ മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ പ്രഭാഷണം കേട്ടതിനുശേഷം പറഞ്ഞു:'അങ്ങേയറ്റം ഈശ്വരീയ ജ്ഞാനങ്ങൾ നിറഞ്ഞതും ഹൃദയഹാരിയുമായ പ്രഭാഷണമായിരുന്നു. ആഗോളമതങ്ങളുടെ ഒരു പ്രൊഫസർ എന്ന നിലയിൽ ഞാൻ കേട്ടിട്ടുള്ള പ്രഭാഷണങ്ങളെക്കാളൊക്കെ സുവ്യക്തമായിരുന്നു. ജമാഅത്തിന്റെ ഇമാം പറഞ്ഞ കാര്യങ്ങളിൽ എനിക്ക് ഏറ്റവും നന്നായിതോന്നിയത് അത് അദ്ദേഹത്തിന്റെ സുവ്യക്തവും പ്രവർത്തനാർഹവുമായ സന്ദേശമായിരുന്നു. അതായത് ലോകത്തുള്ളവരെല്ലാം സമാധാനമാഗ്രഹിക്കുന്നെങ്കിൽ ബുദ്ധിമുട്ടിൽ അകപ്പെട്ടിരിക്കുന്ന ആ പാവത്തുങ്ങളെ അവഗണിച്ചുകൊണ്ട് കരസ്ഥമാക്കാൻ സാധിക്കുകയില്ല. എന്റെ അഭിപ്രായത്തിൽ ഈ സന്ദേശം വളരെ വ്യക്തമായിരുന്നു.' തുടർന്നു പറയുന്നു:'എന്റെ അഭിപ്രായത്തിൽ ഇന്നത്തെ പരിതഃസ്ഥിതികളനുസരിച്ച് ലോകത്തെ പ്രശ്നങ്ങൾക്ക് ഇസ്ലാമികമായ പരിഹാരത്തിൽ ജനങ്ങൾ തെറ്റുധാരണകളിൽ അകപ്പെട്ടു കിടക്കുമ്പോൾ അദ്ദേഹത്തിന്റെ സന്ദേശത്തിന് വളരെ ആവശ്യമാണുള്ളത്.' അതായത് ഞാൻ പറഞ്ഞത്. പറയുന്നു:'അദ്ദേഹം ഈ ഭയാശങ്കകൾ അകറ്റുമെന്ന ഉത്തരവാദിത്വം എറ്റെടുത്തിരിക്കുന്നു. അദ്ദേഹത്തിന്റെ സന്ദേശം നമ്മുടെ ഈ മൾട്ടി കൽച്ചറും മൾട്ടി റിലീജ്യസുമായ സൊസൈറ്റിയിൽ പരസ്പര സഹകരണവും ഐക്യവും ആദരവും നടപ്പിൽ വരുത്തുന്നതിന് വളരെ പ്രധാനപ്പെട്ടതാണ്.'

സസ്കാടോണിലെ (Saskatchewn) ലജിസ്ലേറ്റീവ് അസംബ്ലി അംഗം പോൾമെരിമൻ (Paul Merryman)പറയുന്നു:'രാഷ്ട്രീയവും ഭൗതികവുമായ പരിപാടികൾ വിഭിന്നമായിരിക്കും. അവിടെ ആളുകൾ സമ്മർദ്ദം ചെലുത്തിയാണ് തങ്ങളുടെ ചിന്താഗതികൾ പ്രകടിപ്പിക്കുന്നത്. ജനങ്ങളെ സ്വാധീനിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിൽ അത്തരത്തിലുള്ള ഒരു കാര്യവും കാണാൻ കഴിഞ്ഞില്ല. അദ്ദേഹം തന്നിലേക്ക് വളരെ സ്നേഹത്തോടെ ക്ഷണിക്കുന്നതായിട്ടാണ് എനിക്കു തോന്നിയത്. എല്ലാവരേയും സ്നേഹിക്കാൻ തയ്യാറും സന്നദ്ധനുമായിരിക്കുന്നു. മതവും ആത്മീയതയും യഥാർഥത്തിൽ ഇതേകാര്യത്തിന്റെ പേരാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതായത് തങ്ങളുടെ അയൽവാസികളെ സ്നേഹിക്കുകയും മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുക.'(അയൽവാസികളോടുള്ള പെരുമാറ്റത്തെ സംബന്ധിച്ച ഇസ്ലാമികാധ്യാപനവും ഞാൻ അവിടെ പറഞ്ഞിരുന്നു. അതിനെ കുറിച്ചാണ് ഇദ്ദേഹം പറയുന്നത്).വീണ്ടും പറയുന്നു: 'ഇസ്ലാമിന്റെ യഥാർഥ അധ്യാപനം പ്രചരിപ്പിക്കുന്ന അത്തരം ഒരു ജമാഅത്ത് മസ്ജീദ് ഉണ്ടാക്കേണ്ടതും അങ്ങേയറ്റം നിർബന്ധമാണ്. കാരണം സസ്കാടോണിലെ (Saskatchewn) ലെ എല്ലാവരും വിവിധമതങ്ങളുമായി ബന്ധം വെക്കുന്നവരാണ്. എല്ലാവരും പരസ്പരം ആദരിക്കുകയും സഹിഷ്ണുതയോടുകൂടി പെരുമാറുകയും ചെയ്യേണ്ടതാണ്.

സസ്കാടോണിലെ (Saskatchewn) പ്രതിപക്ഷ നേതാവ് Trent Weatherspoon പറയുന്നു: 'ഇന്ന് വളരെ മനോഹരമായൊരു സമ്മേളനമാണ് നടന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം ശക്തവും അത്യാവശ്യവുമായ സന്ദേശമായിരുന്നു. ഇത് നമ്മുടെ മതങ്ങളിലെ യോജിപ്പുള്ള കാര്യങ്ങൾ അടയാളപ്പെടുത്തി. കനഡയിലെ അഹ്മദികൾ മനുഷ്യത്വത്തെ മുന്തിക്കുക എന്ന വിശ്വാസത്തിന് മുൻഗണന നല്കുന്നുവെന്ന് അദ്ദേഹം നമ്മളോടു പറഞ്ഞു. നമ്മൾ നമുക്കുവേണ്ടി ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം നമുക്കെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. ജമാഅത്തിന്റെ ഇമാം മൂല്യങ്ങൾ അടയാളപ്പെടുത്തി. അതിലൂടെ നമ്മളെല്ലാവരും നടക്കാൻ ശ്രമിക്കേണ്ടതാണ്. ഈ മൂല്യങ്ങൾ നമ്മുടെ നഗരമായ റജായിനായേയോ നമ്മുടെ സംസ്ഥാനമായ സസ്കാടോണിനേയോ (Saskatchewn) ശക്തപ്പെടുത്താൻ മാത്രമല്ല മറിച്ച് നമ്മുടെ രാജ്യത്തേയും നമ്മുടെ ലോകത്തേയും ശക്തിപ്പെടുത്തുന്നതിനുള്ളതാണ്.'

റജായിനായിൽ റജായിനാ മസ്ജിദ് ഉദ്ഘാടനത്തിനുശേഷം മീഡിയാ കവറേജുണ്ടായി. വിവിധ ടി.വി. ചാനലുകളും പത്രപ്രതിനിധികളുമായി പത്രസമ്മേളനങ്ങളും വ്യക്തിഗതമായ അഭിമുഖങ്ങളും നടന്നു. ടി.വി, റേഡിയോ, പത്രങ്ങളുടെ ഏകദേശം ആറേഴ് പ്രസ്സിന്റെ വിവിധ മാധ്യമങ്ങളുടെ ആളുകളുണ്ടായിരുന്നു. ഇപ്രകാരംതന്നെ റജായിനായിലെ മസ്ജിദിന്റെ ഉദ്ഘാടനം കാരണത്താലും പത്രസമ്മേളനും കാരണത്താലും 1.97 മില്യൺ ജനങ്ങൾവരെ ഇസ്ലാമിന്റെ സന്ദേശമെത്തി.

ഇപ്രകാരംതന്നെ അവിടെ റജായിനായ്ക്കുശേഷം ലായിഡ് മിനിസ്റ്ററിൽ 'ബയ്ത്തുൽഅമാൻ മസ്ജിദി'ന്റെ ഉദ്ഘാടനം നടന്നു. ഇതൊരു ചെറിയ സ്ഥലമാണ്. അധികവും എണ്ണക്കച്ചവടക്കാരാണ് അവിടെ പോകാറുള്ളത്. അനഹ്മദികളായ 49 അതിഥികൾ പങ്കെടുത്തു. ഇതിൽ സസ്കാടോണിലെ ലെജിസ്ലേറ്റീവ് അസംബ്ലി അംഗവും പാർലമെന്റിലെ മുൻ അംഗങ്ങളും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട മേയറും അടുത്ത പ്രദേശങ്ങളിൽനിന്നുള്ള മേയർമാരും ഡപ്യൂട്ടി മേയർമാരും കൗൺസിലർമാരും പ്രൊഫസർമാരും അധ്യാപകരും പത്രപ്രതിനിധികളും മറ്റു വകുപ്പുകളുമായി ബന്ധം വെക്കുന്നവരും പങ്കെടുക്കുകയുണ്ടായി.

ഇമിഗ്രേഷൻ ആന്റ് ഡിഫൻസ് മുൻ മന്ത്രി Jason Kenney- -ഇദ്ദേഹത്തിന് ജമാഅത്തുമായി മുമ്പേമുതലേ ബന്ധങ്ങളുണ്ട്, ഞാനുമായും വ്യക്തിപരമായ ഒരുപാട് ബന്ധമുണ്ട്-പറയുന്നു:'അഹ്മദിയ്യാ ജമാഅത്ത് ഒരു ചെറിയ ജമാഅത്താണ്. പക്ഷേ, അത്യുത്സാഹത്തോടെ പ്രവർത്തിക്കുന്നു. ഇസ്ലാമിന്റെ തെളിമയാർന്ന മുഖം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴുള്ള ലോകത്തിന്റെ അവസ്ഥകളേയും ഇസ്ലാം ഭീകരപ്രവർത്തനങ്ങൾക്ക് അനുമതി നല്കുന്നുവെന്നുള്ള തെറ്റായ ധാരണകളേയും അകറ്റുന്നതിന് അഹ്മദിയ്യാ ജമാഅത്ത് സിദ്ധൗഷധമെന്ന നില ഉൾക്കൊള്ളുന്നു. തികച്ചും കനഡ സംസ്കാരമനുസരിച്ചും സമാധാനത്തിന് ജാമ്യവുമായിട്ടുള്ള ഇസ്ലാമാണിത്.' പറയുന്നു:'എന്റെ അഭിപ്രായത്തിൽ മസ്ജിദിന്റെ ഉൽഘാടനവും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പര്യടനവും ഈ മുഴുവൻ പ്രദേശത്തിന്റേയും അറിവിൽ വർധനവിന് നിമിത്തമാകുമെന്നാണ്. ലോകത്തിന്റെ മുമ്പിൽ ഇസ്ലാമിന്റെ മനോഹരമായ മുഖം സമർപിക്കപ്പെടുന്നതാണ്.' വീണ്ടും പറയുന്നു: 'ഇന്നത്തെ പ്രഭാഷണത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ജനങ്ങളുടെ മനസ്സുകളിൽ ഇസ്ലാമിനേയും മസ്ജിദിനേയും കുറിച്ചുണ്ടാകാവുന്ന നെഗറ്റീവായ ചിന്തകൾക്കെല്ലാം മറുപടി നല്കിയിരിക്കുന്നു. മസ്ജിദിന്റെ ഉൽഘാടനം അങ്ങേയറ്റം പോസിറ്റീവായിട്ടുള്ള ചുവടുവയ്പാണ്. തികച്ചും നമ്മുടെ മതപരമായ സ്വാതന്ത്ര്യത്തിന്റെ മൂല്യങ്ങളനുസരിച്ചുള്ളതാണ്.

ഇദ്ദേഹത്തിന് നമ്മളുമായി ബന്ധമുണ്ടെന്ന് ഞാൻ പറയുകയുണ്ടായി. ലാഹോറിലെ ദാറുദ്ദിക്റിലും മോഡൽ ടൗണിലും ശഹാദത്ത് ഉണ്ടായപ്പോൾ ഏറ്റവും ആദ്യം എനിക്ക് അനുശോചനമറിയിച്ചുകൊണ്ടുള്ള ഫോൺ വന്നത് ഇദ്ദേഹത്തിന്റേതായിരുന്നു. അന്ന് ഇദ്ദേഹം മിനിസ്റ്ററായിരുന്നു. തങ്ങൾ ശുഹദാക്കളുടെ കുടുംബങ്ങൾക്ക് കനഡയിൽ താമസമൊരുക്കിക്കൊടുക്കാൻ ശ്രമിക്കുമെന്ന് വാഗ്ദാനവും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം വാഗ്ദാനവും പൂർത്തിയാക്കി. അല്ലാഹുവിന്റെ കൃപയാൽ ഏകദേശം എല്ലാ ശുഹദാക്കളുടേയും കുടുംബങ്ങൾ അവിടെ പൊയ്ക്കഴിഞ്ഞിട്ടുണ്ട്.

പരിപാടിയിൽ പങ്കെടുത്ത ഒരു അതിഥി അവർ റേഡിയോവിൽ ഒരുപരിപാടിയുടെ അവതാരകയുമാണ് ജോൺഗോർമിലെ(John Gormley) പറയുന്നു: മസ്ജിദിന്റെ പങ്കിനെക്കുറിച്ച് ധാരാളം സുപ്രധാന പോയന്റുകൾ അവതരിപ്പിക്കുകയുണ്ടായി.' പിന്നീട് എന്നെക്കുറിച്ച് അവർ പറയുന്നു:'മസ്ജിദ് കേവലം ആരാധനയ്ക്കുവേണ്ടിയുള്ളതല്ല. പ്രത്യുത മനുഷ്യത്വം സമ്മേളിക്കുന്ന സ്ഥലവുമാണ്. അഹ്മദിയ്യാ ജമാഅത്ത് ഇതിന്റെ അടിസ്ഥാനത്തിൽ ഒരുപാട് ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. എപ്പോൾ ഭീകരസംഭവങ്ങളുണ്ടായാലും അഹ്മദിയ്യാ ജമാഅത്തുതന്നെയാണ് ഏറ്റവുമാദ്യം പരസ്പരമുള്ള ബന്ധങ്ങൾ വർധിപ്പിക്കുന്നതിനും വിവിധ മതക്കാരെ സംഘടിപ്പിക്കുന്നതിനും ശ്രമിക്കുന്നത്.' വീണ്ടും ഇവർ പയുന്നു: ദേശത്തോടുള്ള സ്നേഹം ഈമാന്റെ ഭാഗമാണെന്നും ഇതാണ് ഇസ്ലാമിന്റെ അധ്യാപനമെന്നുമുള്ള സന്ദേശവും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം നമുക്ക് നല്കുകയുണ്ടായി.' അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ പൂർണമായും സമൂഹത്തിന്റെ ഭാഗമാണ്. അവർ എവിടെ താമസിച്ചാലും പരിപൂർണമായ നിലയിൽ ജനങ്ങളിൽ ഇഴകിച്ചേരുന്നു. ജമാഅത്തിലെ ആളുകൾ എവിടെയൊക്കെ ഉണ്ടോ അവർ അവിടെ കമ്മ്യൂണിറ്റിയെ ശക്തിപ്പെടുത്താനുള്ള ശ്രമത്തിൽ മുഴുകിക്കൊണ്ടിരിക്കുന്നു.'

ഇതിനുശേഷം കൽഗരി വലിയ പട്ടണമാണ്. അവിടെ ജമാഅത്തും വലുതാണ്. നമ്മുടെ മസ്ജിദും വളരെ വലുതും മനോഹരവുമാണ്. നവംബർ 11 ന് ജുമുഅയ്ക്കുശേഷം പീസ് സിംപോസിയമായിരുന്നു. ഇതിൽ 644 അതിഥികൾ പങ്കെടുത്തു. ഈ അതിഥികളിൽ കനഡയുടെ മുൻ പ്രധാനമന്ത്രിയും-അദ്ദേഹം കുറച്ചു മാസങ്ങൾക്കുമുമ്പേയാണ് മാറിയത്-പുതിയ പ്രധാനമന്ത്രിയും വന്നിരുന്നു. അൽബർട്ടായിലെ ഹ്യൂമൺ സർവീസസ് മിനിസ്റ്ററും പങ്കെടുത്തിരുന്നു. കൽഗരിയിലെ ഇപ്പോഴത്തേയും മുമ്പത്തേയും മേയർമാർ പങ്കെടുത്തു. മുൻ മന്ത്രി Jason Kenney -ഇദ്ദേഹത്തെ കുറിച്ച് മുമ്പേ പറഞ്ഞതാണ് ഇവിടേയും വന്നിരുന്നു. കൽഗരി യൂണിവേഴ്സിറ്റിയുടെ ഡീനും വൈസ് ചാൻസലറും വന്നിരുന്നു. ചില അടുത്ത പ്രദേശങ്ങളിലെ മേയർമാരും ഡപ്യൂട്ടിമേയർമാരും പങ്കെടുത്തു. റെഡ്ഡിയർ (Red Dear)കോളേജിന്റെ പ്രസിഡന്റ്, legislative assembly യുടെ അംഗങ്ങളും വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവരും പങ്കെടുത്തു. 600 ലേറെയായിരുന്നു ഹാജർനില. വിദ്യാസമ്പന്നരായ ആളുകളുടെ നല്ല gathering ആയിരുന്നു.

കനഡയുടെ മുൻ പ്രധാനമന്ത്രി Stephen Harper ഇവിടെ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ പല സ്ഥലങ്ങളിലും പ്രസംഗിക്കുന്നതു കേട്ടിട്ടുണ്ട്. അദ്ദേഹം എപ്പോഴും ഇസ്ലാമിന്റെ സമാധാനനിർഭരമായ സന്ദേശം ലോകത്ത് എത്തിച്ചിട്ടുണ്ട്. പിന്നീട് പ്രഭാഷണത്തിനുശേഷം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറയുന്നു:'ഇന്നു വൈകുന്നേരവും ഇതുതന്നെയാണ് ചെയ്തത്. ഇത് ഒരു മഹത്തായ സന്ദേശമാണ്. അത് അദ്ദേഹത്തിന്റെ ജമാഅത്തിലെ എല്ലാ അംഗങ്ങളുടേയും പ്രതിച്ഛായയുമാണ്.' വീണ്ടും പറയുന്നു: 'എന്റെ അഭിപ്രായത്തിൽ ജമാഅത്തിന്റെ ഇമാമിന്റെ റിമാർക്സ് വളരെ ആവശ്യവും പ്രധാനപ്പെട്ടതുമാണ്. എല്ലാവരും അത് കേൾക്കേണ്ട ആവശ്യമുണ്ട്. കാരണം ഇക്കാലത്ത് ഭീകരവാദികൾ ഇസ്ലാമിന് ദുഷ്പേരുണ്ടാക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. സാധാരണക്കാർ മനസ്സിലാക്കുന്നത് അവർ പറയുന്നതാണ് യഥാർഥ ഇസ്ലാം എന്നാണ്.' വീണ്ടും പറയുന്നു: 'ഇസ്ലാമിന്റെ ഉദ്ദേശ്യംതന്നെ സമാധാനമാണെന്ന് ഖലീഫത്തുൽ മസീഹ് പറഞ്ഞു. ഇസ്ലാമിന്റെ ഉദ്ദേശ്യം അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള സ്നേഹമാണ്.' പിന്നീടു പറയുന്നു: 'ജമാഅത്തിന്റെ ഇമാം എല്ലാ പ്രശ്നങ്ങളിലും പ്രത്യേകിച്ചും പശ്ചിമേഷ്യൻ രാജ്യങ്ങൾ എന്ന വിഷയത്തിൽ അങ്ങേയറ്റം യുക്തിനിർഭരമായ വെളിച്ചം വീശി.' പിന്നീടു പറയുന്നു: 'ഇതു വളരെ ദുഷ്കരമായ കാര്യമായിരുന്നു. പക്ഷേ, അദ്ദേഹം വളരെ ബുദ്ധിപരമായ നിലയിൽ അതിൽ ചർച്ച ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേട്ടിട്ടില്ലാത്തവർ തീർച്ചയായും അതു കേൾക്കണമെന്ന് ഞാൻ ഉപദേശിക്കുകയാണ്.'

ഇപ്രകാരംതന്നെ കൽഗരിയുടെ മേയർ നഹീദ് നൻശി (Naheed Nanshi)സാഹിബ് പറയുന്നു:'വളരെ നല്ല പ്രഭാഷണമായിരുന്നു. വലിയ ധൈര്യത്തോടുകൂടി ഇസ്ലാമിന്റെ സമാധാനനിർഭരമായ അധ്യാപനത്തെ അവതരിപ്പിക്കുകയും ഇസ്ലാമിൽ ഒരു തരത്തിലുള്ള ഭീകരതയ്ക്കും ഇടമില്ലെന്ന് പറയുകയും ചെയ്തു. മുസ്ലീംകളുടെ പ്രാതിനിധ്യത്തിൽ അത്തരം കാര്യം കേൾക്കുക എന്നത് സന്തോഷകരമാണ്.' അവിടെത്തെ ഈ മേയർ ആഗാഖാനിയാണ്.

കൽഗരി യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർ തന്റെ ഭാര്യയോടൊപ്പം വന്നിരുന്നു. പറയുന്നു:' ഈ സന്ദേശം വളരെ അത്യാവശ്യമായ സമാധാനത്തിന്റെ സന്ദേശമായിരുന്നു. ഞങ്ങൾ അടിസ്ഥാനപരമായ് ഡച്ചുകാരാണ്. ഞങ്ങളുടെ ഇവിടെ Unknown is unloved എന്നൊരു പഴഞ്ചൊല്ലുണ്ട്. അതായത് ഏതൊന്നിനെ കുറിച്ചാണോ അറിവില്ലാത്തത് അതിനെ എങ്ങനെ സ്നേഹിക്കാനാണ്? ഇതേ അവസ്ഥയാണ്

ഇസ്‌ലാമിന്റേത്. ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ കുറിച്ച് മനസ്സിലാകുമ്പോൾ വളരെ നല്ലതായി തോന്നാൻ തുടങ്ങുന്നു. ഞങ്ങൾക്കിന്ന് ഇമാം ജമാഅത്തിനെ കേൾക്കാൻ അവസരം കിട്ടി. ഇന്നുമുതൽ ഞങ്ങൾ ഇസ്‌ലാമിനെ നല്ലതായി മനസ്സിലാക്കുന്നതാണ്. മുമ്പത്തെക്കാളേറെ ഇസ്‌ലാമിനെ സ്നേഹിക്കുന്നതാണ്.'

ലീഡർ ഓഫ് ദി അൽബർട്ട പാർട്ടിയുടേയും കൽഗരി എൽബോ (Elbow)യുടെ legislative assemblyയിലെ അംഗവുമായ ഗ്രൻക്ലാർക്ക് (Gren Clark) പറഞ്ഞു:'വളരെ ആകർഷണീയമായ സന്ദേശമായിരുന്നു. സമയോചിതവും ലോകത്തിന്റെ നിലവിലെ അവസ്ഥയ്ക്കനുസരിച്ചുള്ളതുമായിരുന്നു. ഇസ്‌ലാം ഒരു സമാധാന നിർഭരമായ മതമാണെന്ന് കൽഗരിയിലേയും കനഡയിലേയും ജനങ്ങൾക്ക് അറിയാൻ കഴിഞ്ഞു. ഇസ്‌ലാം ഒരു സമാധാനനിർഭരമായ മതമാണെന്നും യഥാർഥമിതാണെന്നുമുള്ള കാര്യം നമ്മൾ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്.'

ബ്രയൻ ലിറ്റിൽ ചീഫ് (Brayan Little Chief)തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ജമാഅത്തിന്റെ ഇമാം സമാധാന സ്ഥാപനം തന്റെ പ്രഭാഷണത്തിന്റെ കേന്ദ്രമാക്കി. ഇതു വളരെ നല്ല ശൈലിയായിരുന്നു. ഞാൻ ഇസ്‌ലാമിനെക്കുറിച്ച് വളരെ കുറച്ചേ അറിഞ്ഞിരുന്നുള്ളു. അതിനെ ഭയപ്പെട്ടിരുന്നു. മാധ്യമങ്ങളിൽ നെഗറ്റീവായിട്ടുള്ള കവറേജ് കാരണത്താൽ വിഷമസ്ഥിതിക്ക് ഇരയായിരുന്നു. ഖുർആൻ യഥാർഥത്തിൽ കലഹത്തിന്റെ അധ്യാപനം നല്കുന്നുണ്ടോ എന്ന് ഞാൻ ചിന്തിക്കാറുണ്ടായിരുന്നു. ഇന്ന് എനിക്ക് എന്റെ ചോദ്യങ്ങൾക്ക് മറുപടി കിട്ടിയിരിക്കുന്നു. ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് വിശുദ്ധ ഖുർആന്റെ ഉദ്ധരണികൾ സമർപിച്ച് ഇമാം ജമാഅത്ത് സ്ഥാപിച്ചു. ആദ്യം ഞാൻ യാത്രക്കിടയിൽ മധ്യപൂർവദേശവുമായി ബന്ധമുള്ള ഏതെങ്കിലും വ്യക്തിയെ കണ്ടാൽ ഈ ഭീകരവാദി ആക്രമണം നടത്തുമോ എന്ന് ഭയക്കുമായിരുന്നു. പക്ഷേ, ഇസ്‌ലാമികാധ്യാപനങ്ങളെ ഭയക്കേണ്ട ഒരു ആവശ്യവുമില്ലെന്ന് ഇന്നെനിക്ക് മനസ്സിലായി. ഇമാം ജമാഅത്ത് നല്കിയ സന്ദേശം നമുക്ക് വളരെ ആവശ്യമുണ്ട്. കാരണം ലോകത്ത് ഒരുപാട് കലഹങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. നമുക്ക് വെറുപ്പിനെ സഹതാപവും സ്നേഹവും കൊണ്ട് നേരിടണമെന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം എല്ലാവരോടും പറഞ്ഞു.'

കീലേ സാഹിബ (Kelly)പറയുന്നു: 'ഇത്രമാത്രം വലിയൊരു സമ്മേളനത്തിൽ പങ്കെടുക്കാനാണ് പോകുന്നതെന്ന് എനിക്കൊരിക്കലും ചിന്തിക്കാനെ കഴിഞ്ഞിരുന്നില്ല. തീർച്ചയായും പങ്കെടുക്കണമെന്ന് പറഞ്ഞ് എന്നെ ക്ഷണിച്ച എന്റെ ഒരു സുഹൃത്തിനെ സന്തോഷിപ്പിക്കാൻവേണ്ടി ഞാൻ വന്നതാണ്. (ഇവരും വിദ്യാസമ്പന്നയാണ്.)പക്ഷേ, വന്നതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. എല്ലായിടത്തും പോസിറ്റീവായിട്ടുള്ള ചിന്താഗതികളുള്ള ഇത്തരം പരിപാടി ഞാനൊരിക്കലും കണ്ടിട്ടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം അത്യുന്നതമാണ്. എന്നെപ്പോലുള്ള അറിവു കുറഞ്ഞവർക്കും ഇസ്‌ലാം എല്ലാ ജനതയേയും വംശത്തേയും മതത്തേയും സ്വാഗതം ചെയ്യുന്ന മതമാണെന്ന കാര്യം നല്ലവണ്ണം മനസ്സിലായി. നമ്മളൊരിക്കലും ഇസ്‌ലാമിനെ ഭയപ്പെടേണ്ട ആവശ്യമില്ല. മുസ്‌ലീംകളെ നല്ലവണ്ണം അറിയാൻ ശ്രമിക്കേണ്ട ആവശ്യമാണുള്ളത്.' വീണ്ടും പറയുന്നു: 'അമുസ്‌ലിം സ്കോളർമാരുടെ ഇസ്‌ലാമിനെക്കുറിച്ചുള്ള ഉദ്ധരണികൾ സമർപിക്കുക ഉണ്ടായി.(ഇവിടെ ഞാൻ കുറച്ച് ഓറിയന്റിലിസ്റ്റു(Orientilists)കളുടെ സ്റ്റാൻലി പോൾ (Stanley Pool) തുടങ്ങിയവരുടെ ഉദ്ധരണികൾ കേൾപ്പിച്ചിരുന്നു) അത് നബി(സ)തിരുമേനിയെ കുറിച്ചുള്ളതായിരുന്നു. എങ്ങനെയാണ് അവിടന്ന് സമാധാനം സ്ഥാപിച്ചത്? എങ്ങനെയാണ് എല്ലാം സഹിച്ചത്? തുടങ്ങിയവ. അതിനെക്കുറിച്ചാണ് ഇവർ പറയുന്നത്. 'അമുസ്‌ലിം സ്കോളർമാരുടെ ഇസ്‌ലാമിനെക്കുറിച്ചുള്ള ഉദ്ധരണികൾ സമർപിച്ചത് എനിക്കു വളരെ നന്നായിതോന്നി. ഏതുരീതിയിലാണ് അവർ തങ്ങളുടെ വീക്ഷണം പ്രകടിപ്പിച്ചുകൊണ്ട് ഇസ്‌ലാമിന്റെ പ്രവാചകനെ സമാധാനപ്രേമിയായി സ്ഥാപിച്ചത്.'

പരിചയമൊന്നുമാത്രമാണ് ഒരു പരിപാടിയിൽ ഇവരെ കൊണ്ടുവന്നത്. പക്ഷേ, അഹ്മദികൾ അവർക്ക് പരിചയമുള്ളവരോടു ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം പറയേണ്ടതാണ്. ഇപ്രകാരം പതുക്കെപ്പതുക്കെ സംസാരത്തിലൂടെ തന്നെയാണ് തബ്‌ലീഗിന്റെ വഴികൾ തുറക്കപ്പെടുന്നത്. ഇസ്‌ലാമിനെക്കുറിച്ച് ഒന്നും അറിയിക്കാതെ ഭൗതികമായ സാധാരണ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുക എന്നതല്ല. ഇവർ ഒരു പഴയ സുഹൃത്തായിരുന്നു. അതുകൊണ്ട് സുഹൃത്തിനുവേണ്ടി പരിപാടിയിൽ പങ്കെടുക്കണമെന്ന് അവർക്കു തോന്നി. പക്ഷേ, ആ അഹ്മദീ സുഹൃത്ത് ഒരിക്കലും അവരോടു ഇസ്‌ലാമിനെക്കുറിച്ച് ഒന്നും പറഞ്ഞിരുന്നില്ല. ഇതിലേക്ക് നമ്മുടെ യുവാക്കളും യുവതികളും ശ്രദ്ധിക്കേണ്ടതാണ്.

കൽഗരി പോലീസിലെ ഒരു ഓഫീസർ ബോബ് റിച്ചി (Bob Richie)പറയുന്നു:'അങ്ങേയറ്റം ഹൃദയഹാരിയായ പ്രഭാഷണമായിരുന്നു. മൾട്ടി കൽച്ചറിലിസത്തെ എങ്ങനെയാണ് ഇസ്‌ലാം പ്രകാശിപ്പിക്കുന്നതെന്ന് ജമാഅത്തിന്റെ ഇമാം പറഞ്ഞു.' പറയുന്നു: 'നമ്മുടെ സൊസൈറ്റിയിൽ ഇക്കാര്യം വളരെ ആവശ്യമുണ്ട്. ജമാഅത്തിന്റെ ഇമാം എല്ലാവരേയും ഒന്നാക്കിക്കൊണ്ടിരിക്കുകയാണ്. ആഗോളമതങ്ങളുടെ ഡയലോഗുകളെ തിളക്കമുള്ളതാക്കുകയാണ്. ജമാഅത്തിന്റെ ഇമാമിന്റെ വാക്കുകൾ എന്റെ ഹൃദയത്തിൽച്ചെന്ന് തറച്ചു. പ്രത്യേകിച്ചും അദ്ദേഹം ആഗോള ബന്ധങ്ങളെ ഉദ്ധരിച്ച് പറഞ്ഞ കാര്യങ്ങൾ. അദ്ദേഹം ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാമെന്ന് പറയുകയുണ്ടായി. അദ്ദേഹം വിശുദ്ധ ഖുർആൻ ഉദ്ധരിച്ചുകൊണ്ട് ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നും മറ്റുള്ളവരുടെ ഉദ്ദേശ്യം വൃത്തികെട്ടതാണെങ്കിലും മുസ്‌ലീംകൾക്ക് എല്ലാ അവസ്ഥയിലും ഐക്യത്തിലേക്ക് കൈനീട്ടണമെന്ന അധ്യാപനമാണ് നല്കപ്പെട്ടിട്ടുള്ളതെന്നും സ്ഥാപിച്ചു.'

ഒരു അതിഥി അനില ലീ ഏൻ (Anila lee Yeun) സാഹിബ പറയുന്നു: 'കനഡയിലെ മുൻ പ്രധാനമന്ത്രിയുടെ മുമ്പിൽ പാശ്ചാത്യലോകം നീതിപൂർവം പ്രവർത്തിക്കണമെന്നും ലോകത്തിന്റെ പ്രശ്നങ്ങളിൽ തങ്ങളുടെ പങ്കിനെക്കുറിച്ച് ചിന്തിക്കണമെന്നും ജമാഅത്തിന്റെ ഇമാം പറഞ്ഞത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ലോകത്തിന്റെ പ്രശ്നങ്ങൾക്ക് ഉത്തരവാദികൾ ഏതെങ്കിലും ഒരു കക്ഷിമാത്രമല്ലെന്ന് ജമാഅത്തിന്റെ ഇമാം പറഞ്ഞത് തികച്ചും സത്യമാണ്.

കനഡയിലെ Indigenous community ഉണ്ട്. അവിടെത്തെ പഴയകാല തദ്ദേശവാസികൾ. അവർ അവരവരുടെ ഗോത്രങ്ങളിൽ താമസിച്ചുവരുന്നു. ഭൂരിഭാഗമാളുകളും പട്ടണങ്ങളിലും വരുന്നുണ്ട്. പക്ഷേ, എന്തായാലും ഇവർ ഫസ്റ്റ് നേഷൻ എന്നു പറയപ്പെടുന്നു. അവർ തദ്ദേശീയരാണ്. അവരിലെ ഒരു ലീക്രോചിൽഡ് (Lee Crowchild)പറയുന്നു:'ജമാഅത്തിന്റെ ഇമാം അങ്ങേയറ്റം സത്യസന്ധതയുടേയും ധൈര്യത്തിന്റേയും ദൃശ്യം ആക്ഷേപത്തിന് മറുപടി നല്കിയത് എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. എന്നല്ല അത്തരം ആക്ഷേപങ്ങൾ തെറ്റാണെന്ന് വിശുദ്ധ ഖുർആന്റെ ഏടുകൾ ഉദ്ധരിച്ചുകൊണ്ട് സ്ഥാപിച്ചതും എനിക്ക് നല്ലതായി തോന്നി.'വീണ്ടും പറയുന്നു:' മധ്യപൂർവേഷ്യൻ രാജ്യങ്ങളിൽ ആയുധങ്ങൾ നല്കിക്കൊണ്ടിരിക്കുന്നുവെന്ന് പാശ്ചാത്യൻ രാജ്യങ്ങളോടു ജമാഅത്തിന്റെ ഇമാം പറഞ്ഞത് തികച്ചും സത്യമാണ്. ജമാഅത്തിന്റെ ഇമാം ഇസ്‌ലാമിക യുദ്ധങ്ങളുടെ യുക്തി വിവരിച്ചുകൊണ്ട് to stop hand of oppressor എന്നൊരു വാക്യം പറയുകയുണ്ടായി. ഈ വാക്യം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഞാൻ അത് എപ്പോഴും ഓർമവെക്കുന്നതാണ്. അതായത് ഇസ്‌ലാമിക യുദ്ധങ്ങൾ to stop hand of oppressor എന്ന നിലിയിലാണുണ്ടായത്.' അദ്ദേഹം പറയുന്നു:' നിങ്ങളുടെ ഖലീഫ അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും ഉദ്ദേശ്യം ശരിക്കും മനസ്സിലാക്കുന്നുവെന്ന് എനിക്കറിയാം. അതുകൊണ്ട് ഖലീഫ നമ്മുടെ ബുദ്ധിമുട്ടുകളെ നല്ലവണ്ണം മനസ്സിലാക്കുന്നുണ്ടെന്ന് എനിക്കുതോന്നി.' ഇവരുടെ ഒരുപാട് ഗോത്രങ്ങളുണ്ട്. അവരുടെ പത്തു നേതാക്കന്മാർ അവിടെ വന്നിരുന്നു. അവരുമായും കൂടിക്കാഴ്ച നടന്നു. ഇവിടേയും നമ്മൾ തബ്‌ലീഗ് പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. ഇൻശാ അല്ലാഹ് വഴികൾ തുറക്കുന്നതുമാണ്.

കൽഗരിയിൽ ടിവി റേഡിയോയുടെ വിവിധ ന്യൂസ് ചാനലുകളും മീഡിയകളും മുഖേന ഉണ്ടായ കവറേജിൽ എട്ടു പത്ത് ചാനലുകളും പത്രങ്ങളും വാർത്തകൾ നല്കി. ഇവയിൽ നാഷണൽ ലവലിലുള്ള പത്രങ്ങളുമുണ്ട്. ഇപ്രകാരം കൽഗരിയിൽ നടന്ന ഇന്റർവ്യൂകളുടേയും പത്രസമ്മേളനങ്ങളുടേയും ഫലമായി മൊത്തത്തിൽ 50 ലക്ഷത്തോളമാളുകൾക്ക് സന്ദേശം എത്തി.

കനഡ പര്യടനത്തിന്നിടയിൽ മാധ്യമങ്ങളുടെ കവറേജുണ്ടായി. ഇതിൽ 32 ടി.വി.ചാനലുകൾ അഞ്ചുഭാഷകളിൽ വാർത്തകൾ സംപ്രേഷണം ചെയ്തു. ഇതു മുഖേന 40 മില്യൺ ആളുകൾവരെ സന്ദേശമെത്തി. 6 ഭാഷകളിൽ വിവിധ റേഡിയോ സ്റ്റേഷനുകളിൽ 30 വാർത്തകൾ പ്രക്ഷേപണം ചെയ്തു. അതുമുഖേന എട്ടു ലക്ഷമാളുകൾവരെ സന്ദേശമെത്തി.

227 പത്രങ്ങളിൽ 12 വിവിധ ഭാഷകളിൽ വാർത്തകളും അഭിമുഖങ്ങളും പ്രസിദ്ധീകരിച്ചു. ഇതു മുഖേന 4.8 മില്യൺ ആളുകൾക്ക് സന്ദേശമെത്തി.

സോഷ്യൽ മീഡിയായിൽ, ഇലക്ട്രോണിക് മീഡിയാ തുടങ്ങിയവ മുഖേന 14.6 മില്യൺ ആളുകൾവരെ സന്ദേശമെത്തി. ഇങ്ങനെ എല്ലാ മാർഗങ്ങളേയും കൂട്ടിച്ചേർത്താൽ മൊത്തത്തിൽ 60 മില്യണിലധികം ആളുകൾവരെ സന്ദേശമെത്തുകയുണ്ടായി എന്നാണ് അവിടെത്തെ ആളുകൾ കണക്കുകൂട്ടുന്നത്. അൽഹംദുലില്ലാഹ്.

ഇത് അല്ലാഹുവിന്റെ കൃപയാണ്. ഇതിനെ നമ്മൾ വിലമതിക്കേണ്ടതാണ്. ഇതിനെ കാത്തുസൂക്ഷിക്കുകയും വേണം. പ്രത്യേകിച്ചും കനഡയിലെ അഹ്മദികൾ അല്ലാഹുവിന്റെ കൃപ വർധിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ എല്ലാ ജോലിയിലും അഹ്മദിയ്യത്തിന്റേയും ഇസ്‌ലാമിന്റേയും സന്ദേശമെത്തിക്കണമെന്നുള്ള നിയ്യത്ത് അഥവാ മനോഭവം ഉണ്ടാകേണ്ടതാണെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. തൗഹീദ് ലോകത്ത് സ്ഥാപിക്കുന്നതിനുള്ള നിയ്യത്തുണ്ടായിരിക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെ പതാക ലോകത്ത് പറത്തണമെന്ന നിയ്യത്തുണ്ടായിരിക്കേണ്ടതാണ്. ഇതുണ്ടെങ്കിൽ അല്ലാഹു നമ്മുടെ ജോലികളിൽ അനുഗ്രഹവും ഇടുന്നതാണ്. അല്ലാഹു നമുക്കതിന് തൗഫീഖും നല്കുമാറാകട്ടെ.

ഇനി ഞാൻ പീസ് വില്ലേജ് (Peace Village)കാരോടും എബോഡ് ഓഫ് പീസിൽ (Abode of peace)വസിക്കുന്ന അഹ്മദികളോടും -അവിടെത്തെ ഭൂരിപക്ഷവും ഏകദേശം തൊണ്ണൂറ്റി ഒമ്പത് ശതമാനവും ഇതിൽ കൂടുതലുമാകാം അഹ്മദികളാണ്- പറയുകയാണ്, അഹ്മദിയ്യാ അന്തരീക്ഷം നിങ്ങൾ അവിടെ ഉണ്ടാക്കുക. സ്ഥാപിക്കുക. ശരിയായ ഇസ്‌ലാമിക മാതൃക സ്ഥാപിക്കുന്നതിന് കഴിവിന്റെ പരമാവധി ശ്രമിക്കുക. എന്റെ സാന്നിധ്യത്തിൽ നിങ്ങൾ ഖിലാഫത്തിനോടു എത്തരത്തിലുള്ള സ്നേഹവും ആത്മാർഥതയുമാണോ പ്രകടിപ്പിച്ചിരുന്നത് ഇനിയും അത് വർധിപ്പിക്കുന്നവരാകുക. വർധിപ്പിച്ചുകൊണ്ടേ പോകുക. നിങ്ങളുടെ യഥാർഥ ഉദ്ദേശ്യം മറക്കാതിരിക്കുക. നമ്മൾ അല്ലാഹുവുമായുള്ള ബന്ധമുണ്ടാക്കണം. അവനെ ആരാധിക്കുന്നതിൽ നമ്മളൊരിക്കലും മടി കാണിക്കാതിരിക്കേണ്ടതാണ്. അല്ലാഹു അവർക്കും നിങ്ങൾക്കും എനിക്കും എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

## വാഖ്ഫീനെ നൗ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കുമുള്ള അടിയന്തര വിളംബരം

വാഖ്ഫീനെ നൗ കുട്ടികളെ ജാമിഅ അഹ്മദിയ്യായിൽ ചേർത്ത് ദീനീ വിദ്യാഭ്യാസം നല്കി ജമാഅത്തിന് സേവനം ചെയ്യുന്നവരാക്കാൻ സയ്യിദുനാ അമീറുൽ മുഅ്മിനീൻ വിവിധ സന്ദർഭങ്ങളിൽ പറയുകയുണ്ടായി.

"നിങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യം മതവിദ്യാഭ്യസം കരസ്ഥമാക്കുകയാണെന്ന് ഏറ്റവും കൂടുതലായി കുട്ടികളുടെ മനസ്സിലിട്ടു കൊടുക്കേണ്ടതാണ്. മതവിദ്യാഭ്യാസത്തിന് ജമാഅത്തിന്റെ മതപരമായ സ്ഥാപനങ്ങളിൽ പോകേണ്ടത് നിർബന്ധമാണെന്ന് വാഖ്ഫീനെ നൗ കുട്ടികളുടെ മനസ്സുകളിൽ ഇടേണ്ട ആവശ്യമുണ്ട്. ജാമിഅ അഹ്മദിയ്യായിൽ പോകുന്നവരുടെ എണ്ണം വാഖ്ഫീനെ നൗഇൽനിന്ന് ധാരാളം ഉണ്ടാകേണ്ടതാണ്."(ഖുത്ബ ജുമുഅ 18-1-2013)

അതുകൊണ്ട് പത്താം ക്ലാസ്സുവരെയുള്ള വിദ്യാർഥികൾ തങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനു ശേഷം തുടർ പഠനത്തിന് ഓഫീസുമായി ബന്ധപ്പെടേണ്ടത് എല്ലാ വാഖ്ഫീനെ നൗ വിദ്യാർഥികളുടേയും നിർബന്ധ കടമയാണ്. വഖ്ഫെ നൗ നാഷണൽ കാരിയർ പ്ലാനിംഗ് കമ്മിറ്റി ഇന്ത്യയുടെ അനുവാദത്തോടെ വിവിധ ഫീൽഡുകളിൽ വിദ്യാഭ്യാസം കരസ്ഥമാക്കേണ്ടതാണ്. അതിനാൽഇന്ത്യയിലെ ഈ വർഷം എസ്സ് എസ്സ് എൽ സിയോ പ്ലസ് ടൂവോ അല്ലെങ്കിൽ ഗ്രാജുവേഷന്റെ അവസാന വർഷമോ പഠിക്കുന്ന വഖ്ഫെ നൗ വിദ്യാർഥികൾക്ക് ഭാവിവിദ്യാഭ്യാസത്തിനു മാർഗദർശനം ലഭിക്കാൻ എത്രയുംവേഗം ഇന്ത്യയിലെ വഖ്ഫ് നൗ ഓഫീസുമായി(നിളാറത്ത് തഅ്ലീമുമായി)ബന്ധപ്പെടുക. വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും അനുവാദം വാങ്ങേണ്ടത് വഖ്ഫെ നൗ വിദ്യാർഥികൾക്ക് നിർബന്ധമാണ്.
(ഇൻചാർജ് വഖ്ഫെ നൗ വകുപ്പ് ഭാരത്)

# ഖുത്ബ ജുമുഅ

**നമ്മുടെ ജോലി വൈജ്ഞാനികമായനിലയിൽ മാത്രം മറ്റുള്ളവരെ ആകർഷിക്കുക എന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷനെ മുന്നോട്ടു വളർത്തുന്നതിനുവേണ്ടി നമുക്ക് വിശുദ്ധഖുർആന്റെ കല്പനകളുടെ കർമപരമായ മാതൃകകൾ നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ട് കാണിക്കേണ്ട ആവശ്യമുണ്ട്. ഭരണതലത്തിൽ ഈ കല്പനകളുടെ മാതൃക സ്ഥാപിച്ചു കാണിക്കാൻ നമ്മുടെ പക്കൽ ഭരണമൊന്നുമില്ല. ആ സമയം ഇൻശാ അല്ലാഹ് വരുമ്പോൾ ഉന്നത തലത്തിലും നമ്മൾ ഈ മാതൃകകൾ നമുക്ക് കാണിക്കേണ്ടി വരും. പക്ഷേ, ഈ നേരത്ത് ജമാഅത്തുപരവും സാമൂഹികപരവും തലത്തിൽ ഈ മാതൃകകൾ സ്ഥപിക്കേണ്ട ആവശ്യമാണുള്ളത്.**

**എല്ലാ അഹ്മദികളും പ്രത്യേകിച്ച് ഭാരവാഹികൾ തങ്ങൾ എത്രത്തോളം തങ്ങളുടെ അമാനത്തുകളോടുള്ള കടമ നിറവേറ്റിക്കൊണ്ട് നീതിയുടേയും ന്യായത്തിന്റേയും ഈ നിലവാരത്തിൽ നില്ക്കുന്നുവെന്ന് നോക്കേണ്ട ആവശ്യമുണ്ട്. അവരുടെ ഓരോ വിധിയും നീതിയുടെ ഉന്നത നിലവാരം പുലർത്തുന്നതാകണം. ചില ഭാരവാഹികൾ അല്ലെങ്കിൽ സ്ഥിരമായി ഭാരവാഹിത്വമൊന്നും ഇല്ലെങ്കിലും ചില സേവനങ്ങൾ ഏല്പിച്ചിട്ടുള്ളവരെ കുറിച്ച് നീതിപൂർവ്വം പ്രവർത്തിക്കുന്നവരല്ലെന്ന് ആളുകൾ പരാതിപ്പെട്ടു.**

**ജനറൽ സെക്രട്ടറിയുടേയും അദ്ദേഹത്തിന്റെ ഓഫീസിൽ ജോലി ചെയ്യുന്നവരുടേയും ജോലിയാണ് വരുന്ന ഓരോരുത്തരോടും ബഹുമാനത്തോടും ആദരവോടും കൂടി പെരുമാറുക എന്നത്. ഇഷ്ടപ്പെട്ടവരോടും സുഹൃത്തിനോടും ഒരു രീതിയും പരിചയമില്ലാത്തവരോടും നല്ല ബന്ധമില്ലാത്തവരോടും നെഗറ്റീവായിട്ടുള്ള രീതിയും പാടില്ല. മറ്റു വകുപ്പുകളുടെ ഓഫീസർമാരും ആർക്കൊക്കെയാണോ പൊതുജനങ്ങളുമായി ഇടപെടേണ്ടി വരുന്നത് അവരോടൊപ്പം ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും സഹായിയും നീതിയുടെ തേട്ടം പൂർത്തിയാക്കിക്കൊണ്ടാണോ തങ്ങളുടെ ജോലി ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നോക്കേണ്ടതാണ്.**

**കേവലം കേന്ദ്രഭാരവാഹികളോടല്ല ഞാനിത് പറയുന്നതെന്ന കാര്യം വ്യക്തമാക്കുകയാണ്. പ്രത്യുത എല്ലാ പ്രസിഡണ്ടുമാരും അവരുടെ ആമിലയിലെ അംഗങ്ങളും ഇതിൽ പെടുന്നു. തങ്ങൾ നീതിയുടെ എല്ലാ തേട്ടങ്ങളേയും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നവരാണോ എന്ന് അവർ ആത്മപരിശോധന നടത്തേണ്ടതാണ്.**

---

**എവിടെയാണോ തെറ്റുകളുണ്ടാകുന്നത് അവിടെ തെറ്റുകൾ മറച്ചുവെക്കാൻ ഒഴികഴിവ് അന്വേഷിക്കുന്നതിനുപകരം തെറ്റായ രീതിയിലുള്ള ഒഴികഴിവ് ചെയ്യുന്നതിനുപകരം ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് തങ്ങളെ നന്നാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്.**

**നമ്മുടെ എല്ലാ ഭാരവാഹികളും പ്രത്യേകമായ നിലയിലും അതുപോലെ എല്ലാ അഹ്മദികളും പൊതുവായിട്ടും ലോകത്തിന്റെ മുമ്പിൽ ഒരു റോൾ മോഡൽ ആകേണ്ടതാണ്. ലോകത്ത് എവിടെയെല്ലാം ഫിത്നകളുടേയും ഫസാദുകളുടേയും ഭിന്നിപ്പുകളുടേയും അവകാശ ധ്വംസനത്തിന്റേയും മാതൃകകൾ കാണുന്നുവോ അവിടെയെല്ലാം ജമാഅത്തിൽ നീതിയുടേയും അവകാശം നല്കുന്നതിന്റേയും മാതൃകകൾ കാണേണ്ടതാണ്.**

---

**നമ്മൾ നമ്മുടെ ബയ്അത്തിന്റെ പ്രതിജ്ഞയിൽ എല്ലാ തരത്തിലുള്ള തിന്മകളിൽനിന്നും മാറിനില്ക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുണ്ടെന്ന കാര്യം എല്ലാ ഓരോ അഹ്മദിയും ഓർമവെക്കേണ്ടതാണ്. പ്രതിജ്ഞയിൽ ശ്രദ്ധിക്കാതിരിക്കുന്നതും മനഃപൂർവ്വം അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നതും വിശ്വാസവഞ്ചനയാണ്.**

**ഇക്കാലത്ത് ലോകത്ത് വെറും ഒരു ജമാഅത്തെയുള്ളു. അത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തെന്ന് പറയപ്പെടുന്നു. ഒരേയൊരു നാമത്തിൽ തിരിച്ചറിയപ്പെടുന്ന ജമാഅത്ത് ഇതൊന്ന് മാത്രമാണ്. അതിനാൽ ഇതുമായി ചേർന്നിരിക്കുന്നതും നിളാമെ ജമാഅത്തിന്റെ ഭാഗമായിരിക്കുന്നതുമാണ് നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് യഥാർഥ മുസൽമാനാക്കുന്നത്. ഈ ഭാഗ്യത്തിൽ ഒരു അഹ്മദി എത്ര നന്ദി കാണിച്ചാലും അത് കുറവായിരിക്കും. ജമാഅത്ത് വ്യവസ്ഥിതിയെ പരിപൂർണമായും അനുസരിക്കലും ഖിലാഫത്തിനെ അനുസരിക്കലുമാണ് യഥാർഥമായ നന്ദി പ്രകടനം.**

**അദ്നാൻ മുഹമ്മദ് കുർദിയാ സാഹിബിനേയും ബശീർ ബീഗം സാഹിബയേയും റാണ മുബാറക് സാഹിബിനേയും കുറിച്ചുള്ള അനുസ്മരണവും ജനാസഗായിബ് നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്വബ ജുമുഅ 25-11--2016/1395 നുബുവ്വത്ത 25**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ـ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ـ اَلرَّحْمٰنِ الرَّحِيْمِ ـ مٰلِكِ يَوْمِ الدِّيْنِ ـ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ـ
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ـ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ـ
يٰٓأَيُّهَا الَّذِيْنَ اٰمَنُوْا كُوْنُوْا قَوّٰمِيْنَ بِالْقِسْطِ شُهَدَآءَ لِلّٰهِ وَلَوْ عَلٰٓى أَنْفُسِكُمْ أَوِ الْوَالِدَيْنِ
وَالْأَقْرَبِيْنَ ۚ إِنْ يَّكُنْ غَنِيًّا أَوْ فَقِيْرًا فَاللّٰهُ أَوْلٰى بِهِمَا ۖ فَلَا تَتَّبِعُوا الْهَوٰٓى أَنْ تَعْدِلُوْا ۚ وَإِنْ تَلْوٗٓا أَوْ
تُعْرِضُوْا فَإِنَّ اللّٰهَ كَانَ بِمَا تَعْمَلُوْنَ خَبِيْرًا ○ (النساء:136)

വിശ്വസിച്ചവരേ, നിങ്ങൾ പരിപൂർണമായി നീതിപാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും; അയാൾ ധനികനോ, ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും അനുകമ്പ കാണിക്കാൻ നിങ്ങളേക്കാൾ കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ, നിങ്ങൾ സ്വേച്ഛയെ പിൻപറ്ററുത്; നിങ്ങൾ നീതി പാലിക്കുന്നതിനുവേണ്ടിയാണിത്. നിങ്ങൾ സത്യം മറച്ചുവെക്കുകയോ അത് വെളിപ്പെടുത്താതെ പിന്മാറുകയോ ചെയ്യുന്നതായാൽ അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവനാകുന്നു (4:136).

ലോകപ്രശ്നങ്ങൾക്കുള്ള പരിഹാരം ഇസ്ലാമികാധ്യാപനങ്ങളിലുണ്ടെന്ന് നമ്മൾ ലോകത്തോട് പറയുന്നു. അതിനു നമ്മൾ വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നു. എന്റെ കനഡ പര്യടനത്തിന്നിടയിൽ ഇക്കാലത്തുള്ള പ്രശ്നങ്ങൾക്ക് നിങ്ങൾ എന്ത് പരിഹാരമാണ് സമർപ്പിക്കുന്നതെന്ന് ഒരു പത്രപ്രതിനിധി ചോദിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: 'ഭൗതികരായ നിങ്ങളും വൻലോകശക്തികളും നിങ്ങളുടെ നിഗമനമനുസരിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനും ഭീകരവാദങ്ങളെ തടയുന്നതിനും സകല പരിശ്രമങ്ങളും ചെയ്തു കഴിഞ്ഞിരിക്കുകയാണ്. പക്ഷേ, പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ അങ്ങനെതന്നെ നിലകൊള്ളുന്നു. ഒരു സ്ഥലത്ത് കുറച്ചു കുറവുണ്ടെങ്കിൽ മറ്റു സ്ഥലത്ത് ജ്വാല ആളിപടരുന്നു. അവിടെ അത് നിയന്ത്രിച്ചു നിറുത്താൻ ശ്രമിക്കുമ്പോൾ ആദ്യത്തെ സ്ഥലത്ത് കലഹം പൊട്ടിപുറപ്പെടുന്നു. എല്ലാ ഭൗതിക ശ്രമങ്ങളും ഈ കലഹങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ചെയ്തു കഴിഞ്ഞിരിക്കുന്നു. ഉപയോഗിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു പരിശ്രമം മാത്രം ഇതുവരെ നടന്നിട്ടില്ല. അത് ഇസ്ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ അതിനുള്ള പരിഹാരമാണ്.' ഇതുകേട്ട് അവർ നിശ്ശബ്ദരായിപ്പോകാറുണ്ട്. പക്ഷേ, ദൗർഭാഗ്യവശാൽ മുസ്ലിം രാഷ്ട്രങ്ങളും ഇസ്ലാമിന്റെ മുദ്രാവാക്യം മുഴക്കിയിരുന്നെങ്കിലും അല്ലാഹു നല്കിയ അധ്യാപനവും ഇസ്ലാമിന്റെ ആഗ്രഹവും നബി(സ)തിരുമേനി അതിന് സ്ഥാപിച്ച മാതൃകയുമനുസരിച്ച് അവർ പ്രവർത്തിച്ചില്ല എന്നതും നമ്മൾ നോക്കിക്കാണേണ്ടതാണ്. അത് ചെയ്യാൻ പരിശ്രമിക്കുന്നതുമില്ല. ഇതിന്റെ ഫലമായി ഇക്കാലത്ത് ഏറ്റവും കൂടുതൽ ലോകത്ത് കലഹങ്ങളുടെ പിടിയിൽ മുസ്ലിം രാഷ്ട്രങ്ങൾ തന്നെയാണുള്ളത്. ഇതിനെക്കാൾ കൂടുതൽ വലിയ ദുരന്തം മറ്റെന്തുണ്ടാകാനാണ്.

ഈ കല്പനകൾക്ക് എന്തെങ്കിലും കർമപരമായ യാഥാർഥ്യമുണ്ടെങ്കിൽ ആദ്യം മുസ്ലിം രാഷ്ട്രങ്ങൾ തങ്ങളെ നന്നാക്കിത്തീർക്കേണ്ടതല്ലേ എന്ന് ഇതുവരെ ഒരു പത്രപ്രതിനിധിയും എന്നോട് നേരിട്ടൊരിക്കലും പറഞ്ഞിട്ടില്ല. പക്ഷേ, അവരുടെ മനസ്സുകളിൽ ഈ ചോദ്യം ഉയരാവുന്നതാണ്. എന്നല്ല ഉയർന്നിട്ടുണ്ടാകും. അതുകൊണ്ട് പൊതുവെ മറ്റുള്ളവരെ ഞാൻ സംബോധന ചെയ്ത് പ്രസംഗിക്കുമ്പോൾ ആദ്യം മുസ്ലിംകളുടെ അവസ്ഥ പറയുകയും പി

ന്നീട് അവർക്ക്, ആ ശക്തികൾക്ക് അവരുടെ മുഖം കാണിച്ചുകൊടുക്കുകയും ചെയ്യാറുണ്ട്. പത്രപ്രതിനിധികളുടെ മുമ്പിലും വിവിധ അഭിമുഖങ്ങളിലും മുസ്‌ലിംകൾ ഇസ്‌ലാകാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കാത്തതും ഇസ്‌ലാമിന്റേയും നബി(സ) തിരുമേനിയുടേയും സത്യതയ്ക്കുള്ള തെളിവാണെന്ന് ഞാൻ പറയാറുണ്ട്. കാരണം മുസ്‌ലിംകളുടെ അവസ്ഥ ഇപ്പോഴുള്ളതുപോലെയായിത്തീരുമെന്നും അവർ ഇസ്‌ലാമികാധ്യാപനങ്ങളുടെ യാഥാർഥ്യങ്ങൾ മറന്നുപോകുമെന്നും തങ്ങളുടെ ശാരീരികേച്ഛകൾക്കും വ്യക്തിപരമായ നേട്ടങ്ങൾക്കും മുൻഗണന നല്കുമെന്നും നബി(സ) തിരുമേനി വ്യക്തമായ നിലയിൽ പറഞ്ഞിട്ടുള്ളതാണ്.(അൽജാമിഉ ലി ശഅബിൽ ഈമാൻ വാള്യം 3 പേജ് 317-318 ഹദീഥ് 1763 ബേറൂത്ത് 2004)

അത്തരം അവസ്ഥകളുണ്ടാകുമ്പോൾ നബി(സ) തിരുമേനിയുടെ സത്യവാനായ ദാസന്റെ വെളിപ്പെടലുണ്ടാകുന്നതാണ്. അതിനെക്കുറിച്ച് വിശുദ്ധഖുർആനിലും പറയുന്നുണ്ട്. അദ്ദേഹം വെളിപ്പെടുന്ന കാലത്തിന്റെ അടയാളങ്ങൾ വിശുദ്ധഖുർആനിലും വിവരിച്ചിട്ടുണ്ട്. നബി(സ) തിരുമേനിയും വളരെ വ്യക്തമായ നിലയിൽ തുറന്ന് വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു അഹ്മദി മുസൽമാനെ സംബന്ധിച്ചിടത്തോളം ഈ അവസ്ഥകളിൽ വ്യാകുലപ്പെടുന്നതിനു പകരം ഒരു വിധത്തിൽ പറഞ്ഞാൽ സന്തോഷത്തിന്റേയും സമാധാനത്തിന്റേയും സ്ഥാനമാണുള്ളത്. അതായത് നബി(സ) തിരുമേനി മുസ്‌ലിംകളുടെ ഏതൊരു അവസ്ഥയാണോ വിവരിച്ചിട്ടുള്ളത് പ്രത്യേകിച്ചും ഉലമാഇന്റെ അവസ്ഥയെ സംബന്ധിച്ചുള്ള പ്രവചനം പുലർന്നു കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ അതിന് സാക്ഷികളായി. ഇതിപ്പോൾ അനഹ്മദിമുസ്‌ലീംകളും പറയാൻ തുടങ്ങിയിരിക്കുന്നു. പ്രത്യേകിച്ചും തങ്ങളുടെ ഉലമാഇനെ കുറിച്ചും ശബ്ദമുയർത്താൻ തുടങ്ങിയിരിക്കുന്നു; പതിഞ്ഞ സ്വരത്തിലാണെങ്കിൽത്തന്നെയും.

പക്ഷേ, നമ്മൾ അഹ്മദി മുസ്‌ലീംകൾ ഇതിന്റെ അടിസ്ഥാനത്തിലും സന്തോഷവാന്മാരാണ്. അതായത് നബി(സ) തിരുമേനിയുടെ പ്രവചനത്തിന്റെ രണ്ടാമത്തെ ഭാഗവും പൂർത്തിയാക്കുന്നവരിൽ നമ്മൾ പെട്ടിരിക്കുന്നു. നമ്മൾ അല്ലാഹു അയച്ച ദൂതനേയും നബി(സ) തിരുമേനിയുടെ സത്യവാനായ ദാസനേയും മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും അതായത് അറിയപ്പെട്ട മഹ്ദിയേയും വിശ്വസിക്കുന്നവരിൽ ഉൾപ്പെട്ടിരിക്കുന്നു. അദ്ദേഹം മുഖേന ഇസ്‌ലാമിന്റെ രണ്ടാം വിജയത്തിന്റെ കാലം ആരംഭിച്ചിരിക്കുന്നു. പക്ഷേ, ഇത്രയും കാര്യങ്ങൾ കൊണ്ടുമാത്രം നമ്മൾ നമ്മുടെ ഉദ്ദേശ്യം കരസ്ഥമാക്കുന്നവരാകുമോ? വളരെ പ്രസക്തമായൊരു ചോദ്യമാണിത്. നമ്മളിൽ ഓരോരുത്തരും ഇതിൽ ചിന്തിക്കേണ്ടതാണ്. എന്റെ ഒരുപാട് പ്രസംഗങ്ങളിൽ മറ്റുള്ളവരുടെ മുമ്പിൽ വിവരിക്കാറുള്ള ഞാൻ ഓതിയ വിശുദ്ധഖുർആനിലെ വചനത്തിൽ ഇസ്‌ലാം നീതിയിലും ന്യായത്തിലും നിലനില്ക്കണമെന്ന് പറയുമ്പോഴും അതിനുള്ള നിലവാരവും ഈ ആയത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പറയുമ്പോഴും ഭൂരിഭാഗമാളുകളും അതിൽ വളരെ ആകർഷിതരാകാറുണ്ട്. തങ്ങളുടെ അഭിപ്രായപ്രകടനങ്ങളിൽ അതെടുത്തുപറയാറുമുണ്ട്. നമ്മുടെ ജോലി വൈജ്ഞാനികമായനിലയിൽ മാത്രം മറ്റുള്ളവരെ ആകർഷിക്കുക എന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷനെ മുന്നോട്ടു വളർത്തുന്നതിനുവേണ്ടി നമുക്ക് വിശുദ്ധ ഖുർആന്റെ കല്പനകളുടെ കർമപരമായ മാതൃകകൾ നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ട് കാണിക്കേണ്ട ആവശ്യമുണ്ട്. ഭരണതലത്തിൽ ഈ കല്പനകളുടെ മാതൃക സ്ഥാപിച്ചു കാണിക്കാൻ നമ്മുടെ പക്കൽ ഭരണമൊന്നുമില്ല. ആ സമയം ഇൻശാ അല്ലാഹ് വരുമ്പോൾ ഉന്നത തലത്തിലും നമ്മൾ ഈ മാതൃകകൾ നമുക്ക് കാണിക്കേണ്ടി വരും. പക്ഷേ, ഈ നേരത്ത് ജമാഅത്തുപരവും സാമൂഹികപരവും തലത്തിൽ ഈ മാതൃകകൾ സ്ഥപിക്കേണ്ട ആവശ്യമാണുള്ളത്.

നിങ്ങൾക്കൊരു സംഘടനാപരമായ വ്യവസ്ഥിതിയുണ്ടെന്നും നിങ്ങളൊരു ജമാഅത്താണെന്നും ഒരു കൈ ഉയർത്തുമ്പോൾ എഴുന്നേല്ക്കുകയും അത് താഴ്ത്തുമ്പോൾ ഇരിക്കുകയും ചെയ്യുന്നവരാണെന്നുള്ളതാണ് നിങ്ങളുടെ വാദമെന്നും അങ്ങനെയുള്ള നിങ്ങൾ പരസ്പരം സാമൂഹികവും സംഘടനാപരവുമായ കാര്യങ്ങളിൽ ബന്ധപ്പെടേണ്ടി വരുന്ന ഘട്ടങ്ങളിൽ നീതിയോടും വിശ്വസ്തതയോടുംകൂടി ഈ നിലവാരത്തിൽ നിങ്ങളുടെ കാര്യങ്ങൾ നടത്താറുണ്ടോ? എന്ന് ലോകം നമ്മളോട് ചോദിക്കാൻ ഇടയുണ്ട്.

അല്ലാഹു ഈ ആയത്തിന്റെ തുടക്കത്തിൽ ഒരിടത്ത് 'ഖിസ്ത്' എന്ന പദം ഉപയോഗിച്ചിരിക്കുന്നു; മറ്റൊരു സ്ഥലത്ത് 'അദ്ൽ' എന്ന പദവും. ഇതിന്റെ അർഥം തുല്യത, പൂർണമായ നീതി, ധാർമികഗുണത്തിന്റെ ഉന്നത നില, ഏതു തരത്തിലുള്ള പക്ഷപാതത്തിൽ നിന്നും പൂർണമായ നിലയിൽ പരിശുദ്ധമാകൽ, ഒരു ചായ്‌വും കൂടാതേയും ഒരു സ്വാധീനവുമില്ലാതേയും പ്രവർത്തിക്കൽ എന്നൊക്കെയാണ്. ഇക്കാര്യങ്ങൾ മുന്നിൽ വെച്ചുകൊണ്ടാണോ നമ്മൾ നമ്മുടെ കാര്യങ്ങൾ പരിഹരിക്കുന്നതെന്ന് നമ്മളിലോരോരുത്തരും ഇപ്പോൾ നോക്കേണ്ട ആവശ്യമുണ്ട്. ഈ നിലവാരം സ്ഥാപിക്കാൻ, നമുക്കെതിരിൽ സാക്ഷി പറയാൻ നമ്മൾ തയ്യാറാണോ? ഈ നില സ്ഥാപിക്കാൻ, നമ്മുടെ മാതാപിതാക്കൾക്കെതിരിൽ സാക്ഷി പറയാൻ നമ്മൾ തയ്യാറാണോ? ഈ നില സ്ഥാപിക്കാൻ, നമ്മുടെ അടുത്തബന്ധുക്കൾക്കെതിരിൽ സാക്ഷി പറയാൻ നമ്മൾ തയ്യാറാണോ? അടുത്ത ബന്ധുക്കൾ എന്നതുകൊണ്ട് ഇവിടെ ഒന്നാമതായി ഉദ്ദേശിക്കുന്നത് കുട്ടികളെയാണ്. ഈ നില സ്ഥാപിക്കാൻ, നമ്മുടെ ആഗ്രഹങ്ങളെ അടിച്ചമർത്താനുള്ള കഴിവ് നമുക്കുണ്ടോ? കർമങ്ങളിലൂടെ ഇത് സ്ഥാപിച്ചുകാണിക്കാൻ നമുക്ക് കഴിയുമോ? ഇതൊന്നും നിസ്സാര കാര്യങ്ങളല്ല. ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സത്യവാനായ ദാസൻ ഈ മാതൃക നമുക്ക് സ്ഥാപിച്ച് കാണിച്ചുതന്നിരിക്കുന്നു. ഒരു സംഭവമുണ്ടായി. ഖാദിയാനിലെ കർഷകരുമായി ഒരു കുടുംബപരമായ കേസുണ്ടായി. കർഷകർക്കുവേണ്ടി സത്യം പറഞ്ഞുകൊണ്ട് ഈ കേസിൽ അവിടന്ന് തന്റെ കുടുംബത്തിന് സാമ്പത്തികമായ നഷ്ടം വരുത്താൻ ഒരു മടിയും കാണിച്ചില്ല. മറിച്ച്, ആ സാധുക്കളായ കർഷകർ അദ്ദേഹം അതിന്റെ ഉടമയാണെന്നും അതിൽ ഭാഗഭാക്കാണെന്നും അറിഞ്ഞിട്ടും അദ്ദേഹത്തിന്റെ സാക്ഷ്യമനുസരിച്ച് വിധി പറയാൻ കോടതിയിൽ പറഞ്ഞു. കാരണം ആ മഹാത്മാവ് എപ്പോഴും സത്യത്തിലും നീതിയിലും നിലനിന്നുകൊണ്ട് സാക്ഷി പറയുമെന്ന് അവർക്കറിയാമായിരുന്നു. അങ്ങനെ അവിടന്ന് ആ കർഷകർക്കനുകൂലമായി സാക്ഷി പറഞ്ഞു.(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17 പേജ് 542-543)

അതുകൊണ്ടുതന്നെ വിശ്വസിക്കുന്നവരിലും ഈ നിലവാരം സ്ഥാപിക്കാൻ ആ മഹാത്മാവ് ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ജമാഅത്തുണ്ടാക്കാനാണ് അവിടന്ന് ഉദ്ദേശിക്കുന്നത്. അവരുടെ നന്മകളുടെ നിലവാരം ഉയർന്നതായിരിക്കണം. അതിനാൽ വിശുദ്ധഖുർആന്റെ ഭരണത്തെ പരിപൂർണമായും സ്വന്തം തലയിൽ സ്വീകരിക്കുമെന്നുള്ള പ്രതിജ്ഞ ബയ്അത്തിൽ നമ്മളിൽനിന്ന് വാങ്ങി.

വിശുദ്ധഖുർആനിൽ മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു.*വലാ യജ്‌രിമന്നക്കും ശനആനു ഖൗമിൻ അലാ അല്ലാ തഅ്ദിലൂ ഇഅ്ദിലൂ ഹുവ അഖ്‌റബു ലിത്തഖ്‌വാ* (5:9)അതായത് ശത്രുജനതകളുടെ ശത്രുത അവരോടു നീതി കാണിക്കുന്നതിന് നിങ്ങൾക്ക് തടസ്സമാകരുത്. നീതിയിൽ നിലകൊള്ളുക. തഖ്‌വ അതിലാണുള്ളത്.' ഇതു സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, 'ഞാൻ സത്യം സത്യമായും പറയുന്നു. ശത്രുക്കളെ സ്വീകരിക്കുക എളുപ്പമാണ്. എന്നാൽ, ശത്രുവിന്റെ അവകാശങ്ങൾ സംരക്ഷിക്കുക എന്നതും കേസുകളിൽ നീതിയിൽനിന്നും ന്യായത്തിൽനിന്നും കൈ പിൻവലിക്കാതിരിക്കുകഎന്നതും വളരെ പ്രയാസമാണ്. ഇത് പൗരുഷമുള്ള പുരുഷന്മാരുടെ പ്രവർത്തിയാണ്.' പറയുന്നു:'ഭൂരിഭാഗമാളുകളും തങ്ങളുടെ കൂടെയുള്ള ശത്രുക്കളെ സ്നേഹിക്കുന്നുണ്ട്. മധുര മധുരമായ കാര്യങ്ങൾ പറയുന്നുമുണ്ട്. പക്ഷേ, അവരുടെ അവകാശങ്ങൾ അമർച്ച ചെയ്യുന്നു. ഒരു സഹോദരൻ മറ്റൊരു സഹോദരനെ സ്നേഹിക്കുന്നു. സ്നേഹത്തിന്റെ മറവിൽ വഞ്ചിച്ച് അവന്റെ അവകാശങ്ങൾ പിടിച്ചെടുക്കുകയും ചെയ്യുന്നു.'(നൂറുൽ ഖുർആൻ നമ്പർ 2 റൂഹാനീ ഖസായിൻ വാള്യം 9 പേജ് 409-410)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിന്റെ അംഗങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നത് അവരുടെ നിലവാരം ഉയർന്നതായിരിക്കണമെന്നാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ അനുസരിച്ചുള്ള കർമമുണ്ടാകണമെന്നാണ്. അവകാശങ്ങൾ പിടിച്ചെടുക്കുന്നവരുടേയും അനീതി കാണിക്കുന്നവരുടേയും കൂട്ടത്തിലാകാൻ പാടില്ല. വിധി പറയാനുള്ള അധികാരം കിട്ടിയാൽ എല്ലാ ബന്ധങ്ങൾക്കും അതീതമായിക്കൊണ്ട് വിധി പറയണം. ഈ വിധികൊണ്ട് തനിക്ക് നഷ്ടം ഉണ്ടായാലും തന്റെ മാതാപിതാക്കൾക്ക് നഷ്ടമുണ്ടായാലും അടുത്തബന്ധുക്കൾക്കോ സ്വന്തം കുട്ടികൾക്കോ നഷ്ടമുണ്ടായാലും ശരി! എന്തായാലും നീതിയുടെ ഉന്നതമായ സ്ഥാനത്ത് നിലകൊള്ളുകതന്നെ വേണം. അതിനാൽ ഈ മാതൃക നമ്മൾ പരസ്പരം സ്ഥാപിക്കുമ്പോഴാണ് നമ്മൾ നമ്മുടെ ഉള്ളിൽ ഈ മാറ്റം ഇന്ന് കൊണ്ടുവന്നിരിക്കുന്നുവെന്നും ഇസ്‌ലാമിക അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ച് ശത്രുക്കളോടുപോലും നീതി കാണിക്കാൻ പ്രാപ്തരായെന്നും ലോകത്തോട് പറയാൻ കഴിയുന്നത്. സ്വന്തം തനിക്കെതിരാണെങ്കിലും മാതാപിതാക്കൾക്കെതിരാണെങ്കിലും കുട്ടികൾക്കെതിരാണെങ്കിലും മറ്റ് ബന്ധുക്കൾക്കെതിരാണെങ്കിലും സാക്ഷി പറയേണ്ടിവന്നാൽ സത്യസന്ധമായ നിലയിൽ സാക്ഷി പറയുന്നതാണ്. ഭാവിയിൽ ദുൻയാവിന് മാർഗദർശനം നൽകേണ്ടവർ നമ്മളായതുകൊണ്ടാണ് ഈ മാതൃക നമ്മൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ഈ മാതൃകയില്ലെങ്കിൽ നമ്മൾ അല്ലാഹുവിന്റെ കല്പനയിൽനിന്ന് അകന്ന് നമ്മുടെ പ്രതിജ്ഞകളിൽ വഞ്ചന കാണിക്കുന്നവരായിരിക്കും.

അതുകൊണ്ട് എല്ലാ അഹ്മദികളും പ്രത്യേകിച്ച് ഭാരവാഹികൾ തങ്ങൾ എത്രത്തോളം തങ്ങളുടെ അമാനത്തുകളോടുള്ള കടമ നിറവേറ്റിക്കൊണ്ട് നീതിയുടേയും ന്യായത്തിന്റേയും ഈ നിലവാരത്തിൽ നില്ക്കുന്നുവെന്ന് നോക്കേണ്ട ആവശ്യമുണ്ട്. അവരുടെ ഓരോ വിധിയും നീതിയുടെ ഉന്നത നിലവാരം പുലർത്തുന്നതാകണം.

ഞാൻ കനഡയിൽപോയപ്പോൾ ചില ഭാരവാഹികൾ അല്ലെങ്കിൽ സ്ഥിരമായി ഭാരവാഹിത്വമൊന്നും ഇല്ലെങ്കിലും ചില സേവനങ്ങൾ ഏല്പിച്ചിട്ടുള്ളവരെ കുറിച്ച് നീതിപൂർവ്വം പ്രവർത്തിക്കുന്നവരല്ലെന്ന് അവിടേയും ആളുകൾ പരാതിപ്പെട്ടു. ചിലർ തങ്ങളുടെ ബന്ധുക്കൾക്ക് അനുകൂലമായി ചായ്‌വുള്ളവരോ വിധിക്കുന്നവരോ ആണ്. ഏതെങ്കിലും ഒരാൾക്ക് അനുകൂലമായി എന്തായാലും വിധി പറയേണ്ടി വരുന്നതാണെന്നത് ശരിതന്നെയാണ്. എതിർ കക്ഷിക്കെതിരിലും വിധി ഉണ്ടാകേണ്ടതാണ്. പക്ഷേ, തങ്ങളുടെ കാര്യം കേൾക്കപ്പെട്ടു എന്നതിൽ ഇരുകൂട്ടർക്കും തൃപ്തി വരേണ്ടതാണ്. കേട്ടതിനുശേഷം വിധിക്കുന്നയാൾ തന്റെ ബുദ്ധിയനുസരിച്ച് തീരുമാനമെടുക്കുക. ഏതെല്ലാം കാര്യങ്ങളിലാണോ പബ്ലിക് ഡീലിംഗ് (Public Dealing)ഉണ്ടാകുന്നത് അവയിൽ ഒന്ന് ഖളാ വകുപ്പാണ്. അവർ ജനങ്ങളുടെ പരസ്പരമുള്ള അഭിപ്രായ വ്യത്യാസങ്ങളിൽ വിധി പറയുന്നു. പിന്നീടുള്ളത് ഉമൂറെ ആമയുടെ വകുപ്പാണ്. അവർക്കും കുറച്ചൊക്കെ ബന്ധമുണ്ട്. പിന്നീടുള്ളത് തർബിയ്യത്ത് വകുപ്പാണ്. ഇസ്‌ലാഹി കമ്മിറ്റിയുടേയും ജോലിയുണ്ട്. പിന്നീട് ചില കാര്യങ്ങളിൽ അന്വേഷണത്തിനായി കമ്മീഷൻ ഉണ്ടാക്കാറുണ്ട്. ചിലപ്പോൾ അവർക്കും ഈ ജോലിയുണ്ടാകും. കമ്മീഷനും കക്ഷികളുടെ കാര്യങ്ങൾ കേൾക്കുന്നു. അതിനാൽ വിധി പറയുന്ന നേരത്ത് തങ്ങളുടെ എല്ലാ കഴിവുകളോടുംകൂടി ചിന്തിച്ചും ആലോചിച്ചും എല്ലാ കാര്യങ്ങളുടേയും സൂക്ഷ്മമായ വശംപോലും മുന്നിൽ വെച്ചുകൊണ്ടും വിധി പറയുക എന്നത് എല്ലാ ഓരോ വകുപ്പിന്റേയും ജോലിയാണ്. ദുആ ചെയ്യുക. ശരിയായ വിധി പറയാൻ തൗഫീഖ് കിട്ടുന്നതിന് അല്ലാഹുവിനോട് സഹായം തേടുക. കുറച്ചു നഫ്ൽ നമസ്കരിക്കാതെ തങ്ങൾ വിധി പറയാറില്ലെന്ന് പറയുന്ന ചിലരുമുണ്ട്. എന്നാൽ, അശ്രദ്ധമായോ ഏതെങ്കിലും വ്യക്തിപരമായ ചായ്‌വുകൊണ്ടോ വിധിപറയുന്നവരുമുണ്ട്.

ഇപ്രകാരം തന്നെ ജനങ്ങളോടുള്ള കാര്യങ്ങളിലും ഡീലിംഗിലും (Dealing)ജനറൽ സെക്രട്ടറിയുടെ വകുപ്പുമുണ്ട്. ജനറൽ സെക്രട്ടറിയുടേയും അദ്ദേഹത്തിന്റെ ഓഫീസിൽ ജോലി ചെയ്യുന്നവരുടേയും ജോലിയാണ് വരുന്ന ഓരോരുത്തരോടും ബഹുമാനത്തോടും ആദരവോടുംകൂടി പെരുമാറുക എന്നത്. ഇഷ്ടപ്പെട്ടവരോടും സുഹൃത്തിനോടും ഒരു രീതിയും പരിചയമില്ലാത്തവരോടും നല്ല ബന്ധമില്ലാത്തവരോടും നെഗറ്റീവായിട്ടുള്ള രീതിയും പാടില്ല. മറ്റു വകുപ്പുകളുടെ ഓഫീസർമാരും ആർക്കൊക്കെയാണോ പൊതുജനങ്ങളുമായി ഇടപെടേണ്ടി വരുന്നത് അവരോടൊപ്പം ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും സഹായിയും നീതിയുടെ തേട്ടം പൂർത്തിയാക്കിക്കൊണ്ടാണോ തങ്ങളുടെ ജോലി ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നോക്കേണ്ടതാണ്. ഇത് ജോലി ചെയ്യുന്നവരെ ഏല്പിച്ചിട്ടുള്ള അമാനത്തുകളാണ്. ഏതു സേവനവും ആരെയെങ്കിലും ഏല്പിക്കുന്ന നേരത്ത് തന്റെ ജോലി തന്റെ എല്ലാ കഴിവുകളോടുംകൂടി നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കിക്കൊണ്ട് ചെയ്യുന്നതാണെന്നുള്ള പ്രതിജ്ഞ എടുത്തിട്ടുണ്ടെ

ങ്കിലും വേണ്ടില്ല എടുത്തിട്ടില്ലെങ്കിലും വേണ്ടില്ല അയാൾ ഏതു സേവനവും ചെയ്തുകൊള്ളാമെന്ന് സമ്മതിക്കുന്നതുതന്നെ തന്റെ എല്ലാ കഴിവുകളോടും കൂടി നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കിക്കൊണ്ട് ചെയ്യുന്നതാണെന്നുള്ള പ്രതിജ്ഞയായിത്തീരുന്നതാണ്. ഇത് എങ്ങനെയുള്ള അമാനത്താണെന്നാൽ ഇതിന്റെ ഉത്തരവാദം സ്വീകരിക്കൽ അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കേണ്ടതാണ്. അല്ലെങ്കിൽത്തന്നെയും എല്ലാ മുഅ്മിനും തന്റെ അമാനത്തും പ്രതിജ്ഞയും കാത്തുസൂക്ഷിക്കാനും അതിന്റെ കടമ നിറവേറ്റാനും ബാധ്യസ്ഥനാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *വല്ലദീനഹും ലിഅമാനാത്തിഹിം വ അഹ്ദിഹിം റാഊൻ.* (23:9) സത്യവിശ്വാസി എന്നു പറയുന്നത് തങ്ങളുടെ അമാനത്തുകളേയും ഉടമ്പടികളേയും ശ്രദ്ധിക്കുന്നവനാണ്. പക്ഷേ, അല്ലാഹുവിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നവരോ അല്ലെങ്കിൽ അല്ലാഹുവിനുവേണ്ടി പ്രവർത്തിക്കുന്നവരാണെന്ന് പറയുന്നവരോ അല്ലെങ്കിൽ ആർക്കാണോ പ്രത്യേകമായ നിലയിൽ ഉത്തരവാദിത്വങ്ങൾ ഏല്പിക്കപ്പെട്ടിട്ടുള്ളത് അവരോ ഒരു സാധാരണ മുഅ്മിനെക്കാളുപരി എത്രമാത്രം സൂക്ഷ്മത പാലിക്കേണ്ടതാണ്.

ഇവിടെ കേവലം കേന്ദ്രഭാരവാഹികളോടല്ല ഞാനിത് പറയുന്നതെന്ന കാര്യം വ്യക്തമാക്കുകയാണ്. പ്രത്യുത എല്ലാ പ്രസിഡണ്ടുമാരും അവരുടെ ആമിലയിലെ അംഗങ്ങളും ഇതിൽ പെടുന്നു. തങ്ങൾ നീതിയുടെ എല്ലാ തേട്ടങ്ങളേയും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നവരാണോ എന്ന് അവർ ആത്മപരിശോധന നടത്തേണ്ടതാണ്. ഇത് വെറും കനഡയിലെ കാര്യമല്ല. ജർമനിയിലും ഇതേ പരാതികളുണ്ടായിരുന്നു. ഇവിടേയും മറ്റു ചില രാജ്യങ്ങളിലും ഇതുണ്ട്. അതുകൊണ്ട് സ്വന്തം പ്രവർത്തനശൈലി നേരേയാക്കേണ്ട ആവശ്യമാണുള്ളത്. ഇല്ലെങ്കിൽ നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കാതെ അമാനത്തുകളേയും ഉടമ്പടികളേയും സംരക്ഷിക്കുന്നവരാവുകയില്ല. എന്നല്ല വഞ്ചന കാണിച്ച് എല്ലാം നഷ്ടപ്പെട്ടവരുമാകും. താൻ വിശ്വാസവഞ്ചന കാണിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ലെന്ന് അല്ലാഹു പറയുന്നു. സേവനം ചെയ്ത് പുണ്യമെടുക്കുന്നതിനു പകരം അനീതിയും അഹങ്കാരവും കാണിച്ച് അല്ലാഹുവിന്റെ വെറുപ്പ് എടുക്കുന്നവരായി മാറുന്നു. അതിനാൽ എവിടെയാണോ തെറ്റുകളുണ്ടാകുന്നത് അവിടെ തെറ്റുകൾ മറച്ചുവെക്കാൻ ഒഴികഴിവ് അന്വേഷിക്കുന്നതിനുപകരം തെറ്റായ രീതിയിലുള്ള ഒഴികഴിവ് ചെയ്യുന്നതിനുപകരം ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് തങ്ങളെ നന്നാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് നമ്മുടെ ഭാരവാഹികൾ ആത്മപരിശോധന നടത്തേണ്ടതാണ്. അവർ അല്ലാഹു പറഞ്ഞ നിയമമനുസരിച്ച് നീതിയുടെ എല്ലാ തേട്ടങ്ങളേയും പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണോ? സ്വന്തം ജോലിയോട് നീതിപുലർത്തുന്നുണ്ടോ? ആരോടാണോ ഇടപഴകേണ്ടിവരുന്നത് അവരോടും നീതി കാണിക്കുന്നുണ്ടോ? വെറും പ്രസിഡണ്ടാകുക അല്ലെങ്കിൽ സെക്രട്ടറിയാകുക അല്ലെങ്കിൽ അമീറാകുക എന്നത് ഒരു വിലയുമില്ലാത്തതാണ്. ഈ ഭാരവാഹി എന്ന അവസ്ഥ ആർക്കും പാപപൊറുതിക്കുള്ള സാഹചര്യവും ഒരുക്കുകയില്ല. അല്ലാഹുവിന്റെമേലും അവന്റെ ഈ ജമാഅത്തിന്റെമേലും അവരുടേതായ ഒരു ഔദാര്യവുമില്ല. ഇനി ഇവർ തങ്ങളുടെ അമാനത്തുകളുടേയും ഉടമ്പടികളുടേയും കടമ അല്ലാഹു ആഗ്രഹിക്കുന്ന രീതിയിൽ നിറവേറ്റുന്നില്ലെങ്കിൽ ഒരു ഫലവുമുണ്ടാവുകയില്ല. അതുകൊണ്ട് ആത്മാർഥരായിക്കൊണ്ട് അല്ലാഹുവിനുവേണ്ടി എല്ലാ ഓരോ ഭാരവാഹികളും പ്രവർത്തിക്കേണ്ടതാണ്. എല്ലാ വിധികളിലും നീതിയുടെ എല്ലാ തേട്ടങ്ങളും പൂർത്തിയാക്കേണ്ടതാണ്. ഏതെങ്കിലും പ്രശ്നം മുന്നിൽ വന്നാൽ അതിനെക്കുറിച്ച് ആദ്യമേ തന്നെ തെറ്റുധാരണ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ പറഞ്ഞതുപോലെ തങ്ങളുടെ തെറ്റ് അംഗീകരിച്ചുകൊണ്ട് ആ വിധികൾ നേരെയാക്കേണ്ടതാണ്. നിങ്ങളുടെ സ്വഭാവങ്ങളേയും നന്നാക്കിത്തീർക്കുക. *വഖൂലൂ ലിന്നാസി ഹുസ്നാ*(2:84) എന്ന അല്ലാഹുവിന്റെ കല്പനയും ഓർക്കുക. അതായത്, ജനങ്ങളോട് മൃദുലതയോടും മയത്തോടുംകൂടി സംസാരിക്കുക. ഉന്നതസ്വഭാവത്തോടുകൂടി സംസാരിക്കുക.

ഞാൻ പറഞ്ഞതുപോലെ ലോകത്തിലെ എല്ലാ രാജ്യങ്ങളിലേയും ഭാരവാഹികൾക്ക് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. കനഡയുടെ ഉദാഹരണെ ഞാൻ നല്കിയെങ്കിൽ അല്ലെങ്കിൽ അവരെ ഓർമിച്ചത് അവിടെ ജനങ്ങളിൽ, അന്യരിൽ ജമാഅത്ത് കൂടുതൽ അറിയപ്പെടുന്നതുകൊണ്ടാണ്. ഇപ്പോൾ എന്റെ പര്യടനത്തിനുശേഷം അതിനെക്കാൾ കൂടുതൽ അറിയപ്പെടാൻ തുടങ്ങിയിരിക്കുന്നു. നമ്മൾ ജനങ്ങളുടെ ദൃഷ്ടിയിൽ അന്യരുടെ ദൃഷ്ടിയിൽ അധികമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളിലും നമ്മുടെ മാതൃക കാണിക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ എല്ലാ ഭാരവാഹികളും എല്ലാ കാര്യങ്ങളിലും നമ്മുടെ മാതൃക സ്ഥാപിക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ എല്ലാ ഭാരവാഹികളും പ്രത്യേകമായ നിലയിലും അതുപോലെ എല്ലാ അഹ്മദികളും പൊതുവായിട്ടും ലോകത്തിന്റെ മുമ്പിൽ ഒരു റോൾ മോഡൽ ആകേണ്ടതാണ്. ലോകത്ത് എവിടെയെല്ലാം ഫിത്നകളുടേയും ഫസാദുകളുടേയും ഭിന്നിപ്പുകളുടേയും അവകാശധ്വംസനത്തിന്റേയും മാതൃകകൾ കാണുന്നുവോ അവിടെയെല്ലാം ജമാഅത്തിൽ നീതിയുടേയും അവകാശം നല്കുന്നതിന്റേയും മാതൃകകൾ കാണേണ്ടതാണ്. ഈ പരിചയപ്പെടുത്തലിലൂടെ ജമാഅത്ത് എങ്ങനെയുള്ളതാണെന്നും ഓരോ വ്യക്തിയും മാതൃകയാണെന്നും ലോകം കാണുന്നതാണ്.

ഉത്തരവാദിത്വങ്ങൾ വെറും ഭാരവാഹികളുടേതല്ലെന്നും എല്ലാ അഹ്മദികളും ഉത്തരവാദികളാണെന്നും എല്ലാ അഹ്മദികളും ഓർമ്മിക്കേണ്ടതാണ്. പരസ്പരമുള്ള ബന്ധങ്ങളിൽ മാതൃക സ്ഥാപിക്കുക എന്നത് അഹ്മദിയുടെ ഉത്തരവാദിത്തമാണ്. എന്താണോ നീതി ആവശ്യപ്പെടുന്നത് അത് പൂർത്തിയാക്കുക. നിങ്ങളുടെ സ്വഭാവങ്ങൾ ഉന്നത നിലവരെ എത്തിക്കുക. പരസ്പരമുള്ള കാര്യങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള പക്ഷപാതമുണ്ടെങ്കിൽ പരിപൂർണമായും നിങ്ങളെ ശുദ്ധീകരിക്കുക. ഒരു ഭാഗത്തേക്ക് പ്രത്യേക ചായ്‌വ് നിങ്ങൾക്കുണ്ടാകരുത്. അഹ്മദിയുടെ സാക്ഷ്യവും വിവരണവും സ്വന്തം നീതിയുടേയും സത്യസന്ധതയുടേയും അടിസ്ഥാനത്തിൽ ഒരു മാതൃകയാവണം. അഹ്മദിയാണ് സാക്ഷി പറഞ്ഞിട്ടുള്ളതെങ്കിൽ പിന്നീടതിനെ വെല്ലുവിളിക്കാൻ ആർക്കും സാധ്യമല്ലെന്ന് ലോകം പറയണം. കാരണം ആ സാക്ഷ്യം നീതിയുടെ ഉന്നതനിലയിൽ എത്തിയിട്ടുള്ളതായിരിക്കും. നമ്മൾ ഇങ്ങനെ ചെയ്താൽ നമ്മുടെ പ്രസംഗങ്ങളിലും നമ്മുടെ കാര്യങ്ങളിലും നമ്മുടെ തബ്‌ലീഗിലും നമ്മൾ സത്യസന്ധരാണ്. ഇല്ലെങ്കിൽ നമ്മളും മറ്റുള്ളവരെപോലെതന്നെ!

നമ്മൾ നമ്മുടെ ബയ്അത്തിന്റെ പ്രതിജ്ഞയി ൽ എല്ലാ തരത്തിലുള്ള തിന്മകളിൽനിന്നും മാറിനില്ക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുണ്ടെന്ന കാര്യം എല്ലാ ഓരോ അഹ്മദിയും ഓർമവെക്കേണ്ടതാണ്. പ്രതിജ്ഞയിൽ ശ്രദ്ധിക്കാതിരിക്കുന്നതും മനഃപൂർവ്വം അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നതും വിശ്വാസവഞ്ചനയാണ്. നബി(സ) തിരുമേനി ഒരുയഥാർഥ സത്യവിശ്വാസിയുടെ അടയാളം വിവരിച്ചുകൊണ്ട് പറഞ്ഞു. ഒരു വ്യക്തിയുടെ മനസ്സിൽ വിശ്വാസവും അവിശ്വാസവും അതുപോലെതന്നെ സത്യവും കളവും ഒരുമിച്ചു കൂടുക സാധ്യമല്ല.(മുസനദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 3 പേജ് 320 ഹദീഥ് 8577-1998)

അമാനത്തും ഖിയാനത്തും (വിശ്വാസവും വിശ്വാസവഞ്ചനയും) ഒരുമിച്ചു ചേരുകയില്ല. ഒരു ഹദീഥിൽ അവിടന്ന് പറഞ്ഞു. ഇത് എല്ലാ ഭാരവാഹികളും ഓരോ അഹ്മദിയും അവരുടെ മുന്നിൽ വെക്കേണ്ടതാണ്. മുസ്ലിമിന്റെ മനസ്സിന് മൂന്ന് കാര്യങ്ങളിൽ വഞ്ചിക്കാൻ സാധ്യമല്ല. ആ മൂന്ന് കാര്യങ്ങൾ ഇവയാണ്. അല്ലാഹുവിനുവേണ്ടിയുള്ള ജോലിയിൽ ആത്മാർഥമായ ഉദ്ദേശ്യം(നിയ്യത്ത്). രണ്ട് എല്ലാ മുസ്ലിംകൾക്കും നന്മവരണമെന്ന ആഗ്രഹം, മൂന്ന് മുസ്ലിം സംഘത്തോടൊപ്പം ചേർന്നുള്ള ജീവിതം.(സുനനുത്തുർമുദി കിതാബിൽ ഇൽമ് ഹദീഥ് 2658)

ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ ദീനിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടതാണ്. നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കിക്കൊണ്ട് നിറവേറ്റേണ്ടതാണ്. ആത്മാർഥമായ നിയ്യത്തോടെ നിറവേറ്റേണ്ടതാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റെ അമാനത്ത് നിർവഹണം. അതുപോലെതന്നെ ഓരോ വ്യക്തിയും മറ്റുള്ളവരുടെ അവകാശം നല്കേണ്ടതും അനിവാര്യമാണ്. നമ്മളിൽ ഓരോരുത്തരും നീതിയുടെ തേട്ടം പൂർത്തിയാക്കിക്കൊണ്ട് പരസ്പരം അവകാശങ്ങൾ കൊടുക്കുന്നവരാകുമ്പോൾ അവകാശങ്ങൾ കരസ്ഥമാക്കാനുള്ള നെട്ടോട്ടം അവസാനിക്കുന്നതാണ്. എന്റെ അവകാശം തരിക, എന്നതുണ്ടാകുകയില്ല. പ്രത്യുത അവകാശം നല്കുന്നവരാകുന്നതാണ്. ഇതുതന്നെയാണ് നബി(സ) തിരുമേനി ഒരു യഥാർഥ മുസൽമാന്റെ അടയാളമായി പറഞ്ഞത്. മുസ്ലീംകളുടെ ജമാഅത്തിനോടു ഒട്ടിച്ചേർന്നിരിക്കലാണ് യഥാർഥ മുസൽമാനാക്കുന്നതെന്ന കാര്യം എല്ലാ ഓരോ അഹ്മദിയും ഓർക്കേണ്ടതാണ്.

ഇക്കാലത്ത് ലോകത്ത് വെറും ഒരു ജമാഅത്തെയുള്ളു. അത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തെന്ന് പറയപ്പെടുന്നു. ഒരേയൊരു നാമത്തിൽ തിരിച്ചറിയപ്പെടുന്ന ജമാഅത്ത് ഇതൊന്ന് മാത്രമാണ്. അതിനാൽ ഇതുമായി ചേർന്നിരിക്കുന്നതും നിളാമെ ജമാഅത്തിന്റെ ഭാഗമായിരിക്കുന്നതുമാണ് നബി(സ)തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് യഥാർഥ മുസൽമാനാക്കുന്നത്. ഈ ഭാഗ്യത്തിൽ ഒരു അഹ്മദി എത്ര നന്ദി കാണിച്ചാലും അത് കുറവായിരിക്കും. ജമാഅത്ത് വ്യവസ്ഥിതിയെ പരിപൂർണമായും അനുസരിക്കലും ഖിലാഫത്തിനെ അനുസരിക്കലുമാണ് യഥാർഥമായ നന്ദിപ്രകടനം. അല്ലാഹു എല്ലാ അഹ്മദികൾക്കും ഈ നന്ദി പ്രകടിപ്പിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അവർ നീതിയുടെ ആഗ്രഹങ്ങൾ പൂർത്തിയാക്കുന്നവരാകട്ടെ. എപ്പോഴെങ്കിലും ഏതെങ്കിലും തരത്തിലുള്ള സാക്ഷ്യം പറയേണ്ടിവന്നാൽ അതിൽ വിശ്വാസവഞ്ചനയ്ക്കിരയാകാതിരിക്കട്ടെ. ജമാഅത്തിന്റെ ഓരോ ഭാരവാഹിയും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുന്നവരാകട്ടെ. തങ്ങളുടെ പ്രതിജ്ഞകളും തങ്ങളുടെ അമാനത്തുകളും പൂർത്തിയാക്കുന്നവരും നിറവേറ്റുന്നവരുമാകട്ടെ. തങ്ങളുടെ എല്ലാ ചുമതലകളും നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കിക്കൊണ്ട് നിറവേറ്റുന്നവരാകട്ടെ. ഈ മനോഹരമായ അധ്യാപനം നമ്മുടെ മക്കളിലും നടപ്പിൽ വരുമാറാകട്ടെ. അതിനുവേണ്ടി നമ്മൾ പരിശ്രമിക്കേണ്ടതുമാണ്. സമയം വരുമ്പോൾ നമ്മൾ ലോകത്ത് യഥാർഥ നീതി സ്ഥാപിച്ചു കാണിക്കുന്നവരാകണം. ഈ നീതിയാണ് നബി(സ) തിരുമേനി സ്ഥാപിച്ചിട്ടുള്ളത്. ഇതിന്റെ മാതൃക നബി(സ) തിരുമേനിയുടെ സത്യവാനായ ദാസനും സ്ഥാപിക്കുകയുണ്ടായി. തന്നെ വിശ്വസിക്കുന്നവരിൽ നിന്ന് ഇതു പ്രതീക്ഷിക്കുകയും ചെയ്യുന്നു. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം കുറച്ച് ഗായിബ് ജനാസകൾ നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ അദ്നാൻ മുഹമ്മദ് കുർദിയാ സാഹിബിന്റേതാണ്. അദ്ദേഹം സിറിയയിലെ ഹൽബ് വാസിയായിരുന്നു. സിറിയയിൽ 2013ൽ ഒരു തീവ്രവാദ ഗ്രൂപ്പ് അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയി. അതിനുശേഷം ശഹീദാക്കി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അദ്നാൻ സാഹിബിന്റെ ജനനം 1971 സിറിയയിലെ ഹൽബ് പട്ടണത്തിലായിരുന്നു. 2003-ൽ അദ്ദേഹം തമാളുർ സാഹിബയെ വിവാഹം കഴിച്ചു. അദ്നാൻ സാഹിബിന്റെ ഭാര്യാപിതാവ് യാസീൻ ശരീഫ് സാഹിബ് 2007-ൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. പിന്നീട് അദ്ദേഹത്തിന്റെ തബ്‌ലീഗ് കൊണ്ട് അദ്ദേഹത്തിന്റെ ആൺമക്കൾക്കുപുറമെ അദ്ദേഹത്തിന്റെ മകൾ തമാളുറും അഹ്മദിയ്യ വിശ്വാസക്കാരിയായി. അദ്നാൻ സാഹിബിന്റെ വീട്ടിൽ അഹ്മദിയ്യത്തിനെക്കുറിച്ച് സംസാരങ്ങൾ ഉണ്ടാകാൻ തുടങ്ങി. പക്ഷേ, അദ്നാൻ സാഹിബ് എഴുത്തും വായനയും അറിയുന്ന ആളായിരുന്നില്ല. അധികവും മൗലവിമാരുടെ പിന്നാലെ നടന്നിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ 2010-ൽ ബയ്അത്ത് ചെയ്തപ്പോൾ മൗലവിമാരുടെ പ്രകോപനംകൊണ്ട് അദ്ദേഹം തന്റെ ഭാര്യയോടു പറഞ്ഞു, നീ വീട്ടിൽ എം.ടി.എ കാണുകയാണെങ്കിൽ അഹ്മദിയ്യത്തിനെക്കുറിച്ച് സംസാരിക്കുകയാണെങ്കിൽ ഞാൻ നിന്നെ ത്വലാഖ് ചൊല്ലുന്നതായിരിക്കും. അദ്ദേഹത്തിന്റെ ഭാര്യാപിതാവ് യാസീൻ ശരീഫ് സാഹിബ് വിശുദ്ധ ഖുർആനും സുന്നത്തും ഉദ്ധരിച്ച് മനസ്സിലാക്കിക്കൊടുക്കുമ്പോൾ നിശബ്ദനാകുമായിരുന്നു. മൗലവിമാരുടെ അടുക്കൽ പോകുമ്പോൾ എല്ലാകാര്യങ്ങളും വീണ്ടും മറക്കുമായിരുന്നു. ശഹീദിന്റെ ഭാര്യാപിതാവ് പറയുന്നു, 2011-ൽ നടന്ന സംഭവമാണ്. ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ അദ്ദേഹത്തിന്റെ ഭാര്യ അതായത് എന്റെ മകളോടൊപ്പമിരുന്നു വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. അപ്പോൾ അദ്നാനും ജോലി കഴിഞ്ഞ് വന്നു. ഞങ്ങൾ വിശുദ്ധ ഖുർആൻ ഓതുന്നത് കണ്ടിട്ട് പറഞ്ഞു, 'ഓതിക്കൊണ്ടിരിക്കുക. ഞാൻ നിങ്ങളുടെ വ്യാഖ്യാനം കേൾക്കാൻ ആഗ്രഹിക്കുന്നു.' ഞങ്ങൾ ആ നേരത്ത് സൂറ ബനീഇസ്റായീലിലെ ഈ ആയത്ത് പാരായണം ചെയ്യുകയായിരുന്നു: *ഇദ് യഖൂലുള്ളാലിമൂന ഇൻ തത്തബിഊന ഇല്ലാ റജുലൻ മ്മസ്ഹൂറാ*(17:48) അതായത് മാരണം ബാധിച്ച ഒരാളെ അല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ലെന്ന് ആ അക്രമികൾ സ്വകാര്യം പറയുമ്പോൾ. അദ്ദേഹത്തിന്റെ ഭാര്യാപിതാവ് പറയുന്നു: ഞാൻ അദ്നാനോടു പറഞ്ഞു, നബി(സ)തിരുമേനി മാരണം ബാധിച്ചയാളാണെന്ന് അദ്ദേഹത്തിനുമേൽ അപരാധം പറയുന്നവർ നഊദുബില്ലാഹ് അക്രമികളാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. എന്നാൽ, ചില മുസ്ലീംകൾ വിശ്വസിക്കുന്നത് നബികരീം (സ)ന്റെമേൽ മാരണം ഉണ്ടായി

എന്നാണ്. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസം ഇത് അടിമേൽ കളവാണെന്നാണ്. അത്തരം ഒരു രിവായത്തുകളും സ്വീകരിക്കാൻ പറ്റുകയില്ലെന്നാണ്. അദ്നാൻ ഇക്കാര്യം കേട്ടപാടെ തന്റെ ശീലമനുസരിച്ച് ഫോൺ എടുത്തു. തന്റെ മൗലവിയോടു ചോദിച്ചു, യഥാർഥത്തിൽ നബി(സ)തിരുമേനിയെ മാരണം ബാധിച്ചിരുന്നുവോ? ബാധിച്ചിരുന്നുവെന്നും അതിനെക്കുറിച്ച് ബുഖാരിയിൽ പറയുന്നുണ്ടെന്നും മൗലവി സാഹിബ് പറഞ്ഞു. അദ്നാൻ സാഹിബ് മൗലവിയോടു പറഞ്ഞു, ഞാൻ ഒരു സാധാരണക്കാരനും പാപിയുമായ മനുഷ്യനാണ്. എന്നോടു അടുത്ത ചിലയാളുകൾ എന്നിൽ മാരണം ചെയ്യാൻ ശ്രമിച്ചത് എനിക്കറിയാം. പക്ഷേ, എന്നിൽ അതിന്റെ ഒരു സ്വാധീനവും ഉണ്ടായിട്ടില്ല. നബി(സ)തിരുമേനി അല്ലാഹുവിനോടു ഏറ്റവും അടുത്തതും പ്രിയപ്പെട്ടതുമായ റസൂലായിരുന്നു. അപ്പോൾ ചിലയാളുകൾ അദ്ദേഹത്തിനുമേൽ മാരണം ചെയ്യുന്നതിൽ വിജയിച്ചിരുന്നുവെന്ന് ഞാൻ എങ്ങനെയാണ് വിശ്വസിക്കുക. ഇതുപറഞ്ഞുകൊണ്ട് അദ്ദേഹം ഫോൺ കട്ട് ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു:'ഈ സംഭവത്തിന് കുറച്ചു ദിവസത്തിനു ശേഷം അദ്നാൻ ചിന്തിച്ചും ആലോചിച്ചുമിരുന്നു. പിന്നീട് ഒരു ദിവസം എന്നോടു പറഞ്ഞു, 'എന്റെ ഭാര്യ സൽസ്വഭാവങ്ങളുടേയും സൽക്കർമങ്ങളുടേയും ഉടമയായിരിക്കണമെന്നത് എന്റെ ആഗ്രഹമായിരുന്നു. നീ അഹ്മദിയ്യത്തു സ്വീകരിച്ചതുമുതൽ നിന്റെ ഉള്ളിൽ ധാരാളം സൽസ്വഭാവങ്ങൾ ഉണ്ടായിട്ടുള്ളതായി ഞാൻ കാണുന്നു. ഇപ്രകാരംതന്നെ കുട്ടികളോടും എന്റെ ബന്ധുക്കളോടും മികച്ച സ്വഭാവത്തോടെ പെരുമാറാനും തുടങ്ങിയിരിക്കുന്നു. ഈ സ്വാധീനം അല്ലാഹുവിൽനിന്നുള്ളതാണ്. അതുകൊണ്ട് ഞാനും ഈ അനുഗൃഹീത ജമാഅത്തിൽ പ്രവേശിക്കുകയാണ്.' അങ്ങനെ അദ്ദേഹം ബയ്അത്തു ചെയ്തു. ശഹീദിന്റെ ഭാര്യ വിവരിക്കുന്നു, ഒരു ഭീകര സംഘടനയിലെ ചില അംഗങ്ങൾ ജമാഅത്തിന്നെതിരിൽ അങ്ങേയറ്റം നിന്ദ്യവും അപഹാസ്യവുമായ കാര്യങ്ങൾ പറയുന്നതുകേട്ട് എനിക്ക് വിഷമമുണ്ടായി. അതിനെക്കുറിച്ച് ഞാൻ അദ്നാനോടു പറഞ്ഞപ്പോൾ അവരെ അവരുടെ വഴിക്കു വിട്ടേക്കുക, ഒരിക്കലും അവരോടു സംസാരിക്കേണ്ടെന്നും നമ്മുടെ ജോലി അവർക്കുവേണ്ടി ദുആ ചെയ്യുക എന്നതാണെന്നും പറഞ്ഞു. പിന്നീട് 2013 ജൂൺ 20 ന് ഈ സംഘടനയിലെ ചില അംഗങ്ങൾ അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയി. ഏകദേശം രണ്ടുമാസത്തിനുശേഷം അദ്ദേഹത്തെ വെടിവച്ച് ശഹീദാക്കി.ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ ശഹാദത്തിന്റെ നേരത്ത് അദ്ദേഹത്തിന്റെ പ്രായം 42-43 വയസ്സായിരുന്നു. പറയുന്നു:'എനിക്ക് അദ്ദേഹത്തിന്റെ ശഹാദത്തിനെ കുറിച്ച് സ്വപ്നങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. പക്ഷേ, അത്തരം വാർത്തകളൊന്നു അറിയാൻ കഴിഞ്ഞിരുന്നില്ല. ഒരു ദിവസം ഞങ്ങളുടെ പ്രദേശത്തെ എതിരാളികളിൽപ്പെട്ട ഒരാൾ എന്നോടു പറഞ്ഞു, നീ ഇപ്പോഴും നിന്റെ ഭർത്താവിനെ പ്രതീക്ഷിച്ചിരിക്കുകയാണോ? അയാൾ വരികയില്ല. കാരണം അയാൾ വധിക്കപ്പെട്ടിരിക്കുകയാണ്. അഹ്മദിയ്യത്ത് ഉപേക്ഷിക്കാൻ ഞങ്ങൾ അവന് ഒരുപാട് പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. പക്ഷേ, തന്റെ കഴുത്ത് മുറിച്ചാലും താൻ അഹ്മദിയ്യത്ത് ഉപേക്ഷിക്കുകയില്ലെന്ന് അവൻ പറഞ്ഞുകൊണ്ടിരുന്നു. അതുകൊണ്ട് ഈ ശഹാദത്ത് വളരെ മുമ്പേ നടന്നതാണെങ്കിലും ഇപ്പോഴാണ് അറിഞ്ഞത്. അത് കരണത്താലാണ് ഇപ്പോൾ ജനാസ നമസ്കരിക്കുന്നത്.

ശഹീദിന്റെ ഭാര്യ പറയുന്നു:ശഹീദ് സൽസ്വഭാവിയും സ്വാലിഹും നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്ന ദേഹവുമായിരുന്നു. എപ്പോഴും വുളുവോടു കൂടി ഇരിക്കാൻ ശ്രമിച്ചിരുന്നു. സഹതാപിയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു ഭർത്താവും വാത്സല്യനിധിയായ പിതാവുമായിരുന്നു. കുട്ടികളുടെ തർബിയ്യത്തി കാര്യങ്ങളിൽ എപ്പോഴും അദ്ദേഹത്തിന് ചിന്തയായിരുന്നു. എല്ലാവരേയും സഹായിക്കുകയും എല്ലാവർക്കും സേവനം ചെയ്യുകയും കുടുംബബന്ധം പുലർത്തുന്നയാളുമായിരുന്നു. ചന്ദകൾ കൃത്യമായി കൊടുക്കുകയും ഏറ്റവും മുന്നിൽ കടക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു.' അദ്ദേഹത്തിന്റെ ഭാര്യാപിതാവ് പറയുന്നു:'അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിൽ ഒരു അത്ഭുതകരമായ ആത്മാർഥത ഉണ്ടായി. അദ്ദേഹം തന്റെ വാഗൺ അഹ്മദികൾക്കു വേണ്ടി വഖ്ഫ് ചെയ്തു. ജുമുഅ ദിവസം വിവിധ സ്ഥലങ്ങളിൽനിന്ന് അതിൽ അഹ്മദികളെ നമസ്കാര സെന്ററിൽ കൊണ്ടുവരുമായിരുന്നു. പിന്നീട് മടക്കിക്കൊണ്ടുവിടുകയും ചെയ്യുമായിരുന്നു. ഇപ്രകാരം തന്നെ സ്ത്രീകളേയും യോഗത്തിനുവേണ്ടി സ്വദർ ലജ്നയുടെ വീടുവരെ കൊണ്ടുവരുന്നതിനും തിരിച്ചു കൊണ്ടുവിടുന്നതിനും തന്റെ സേവനങ്ങൾ സമർപ്പിച്ചിരുന്നു. അഹ്മദീ സഹോദരങ്ങൾ അദ്ദേഹത്തിന് വാടക കൊടുക്കാൻ ശ്രമിക്കും. പക്ഷേ, അദ്ദേഹം അത് നിരാകരിക്കും. ആരെങ്കിലും കൂടുതൽ നിർബന്ധിക്കുകയാണെങ്കിൽ എണ്ണയുടെ ചെലവ് വാങ്ങും.ചന്ദകളിൽ അത്യുത്സാഹത്തോടെ പങ്കെടുത്തിരുന്നു. ഈ ചന്ദകൾ കാരണത്താലാണ് അല്ലാഹു തന്റെ ജോലിയിൽ ഒരുപാട് ബർക്കത്ത് തരുന്നതെന്ന് അധികവും പറയാറുണ്ടായിരുന്നു. അതിന്റെ ഉദാഹരണം അദ്ദേഹം നല്കാറുണ്ട്. അദ്ദേഹം ആരുമായോ ചേർന്ന് ഒരു വാഗൺ വാങ്ങിയിരുന്നു. അത് അദ്ദേഹമാണ് ഓടിക്കാറുണ്ടായിരുന്നത്. അതിനുശേഷം പാർട്ണർഷിപ്പ് ഒഴിവാക്കി ആ വാഗൺ സ്വന്തമായി വാങ്ങാൻ അല്ലാഹു അദ്ദേഹത്തിന് തൗഫീഖ് നല്കി. അദ്ദേഹത്തിന്റെ മറ്റൊരു ബന്ധു ഉണ്ട്. അവർ പറയുന്നു:'ചാർചയെ ചേർക്കുക എന്ന വിശേഷഗുണം അദ്ദേഹത്തിൽ വ്യക്തമായിരുന്നു.' പറയുന്നു:'കലഹങ്ങൾ വർധിക്കുകയും യുദ്ധാവസ്ഥ ഉണ്ടാകുകയും ചെയ്തപ്പോൾ ഞങ്ങളുടെ പ്രദേശത്തെ അവസ്ഥ അങ്ങേയറ്റം മോശമായി. റൊട്ടി കിട്ടാനില്ലാതായി. എവിടെയെങ്കിലും കിട്ടിയിരുന്നെങ്കിൽ അതിന് കൂടുതൽ വിലയും നല്കണമായിരുന്നു. ആ പരിതഃസ്ഥിതിയിൽ അദ്നാൻ ശഹീദ് എല്ലാ ബന്ധുക്കളേയും സേവിക്കുന്നതിൽ വ്യാപൃതനായിരുന്നു. അദ്ദേഹം ദൂരദൂര സ്ഥലങ്ങളിൽനിന്ന് റൊട്ടി വാങ്ങി ഞങ്ങൾക്കു കൊണ്ടു തരാറുണ്ടായിരുന്നു.

ശഹീദിന് ഭാര്യയും അഞ്ചു മക്കളുമുണ്ട്. രണ്ടണ്ടു പെൺകുട്ടികൾ അദ്ദേഹത്തിന്റെ മരിച്ചുപോയ ആദ്യ ഭാര്യയിലുള്ളതാണ്; രണ്ടു ആൺമക്കളും ഒരു മകളും രണ്ടാമത്തെ ഭാര്യയിൽനിന്നും. അല്ലാഹുവിന്റെ കൃപയാൽ ഇവരെല്ലാവരും കനഡയിലെത്തിക്കഴിഞ്ഞിട്ടുണ്ട്.

രണ്ടാമത്തെ ജനാസ ചൗദരി മൻസൂർ അഹ്മദ് സാഹിബ് ദർവേശ് ഖാദിയാന്റെ ഭാര്യ ബശീർ ബീഗം സാഹിബയുടേതാണ്. 2016 നവംബർ 7ന് 93-ാം വയസ്സിൽ അല്പംചില രോഗത്തിനുശേഷം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ 1923-ൽ പാക്കിസ്താനിൽ ജനിച്ചു.(അക്കാലത്ത് പാക്കിസ്താൻ നിലവിൽ വന്നിരുന്നില്ല. ഇപ്പോൾ പാക്കിസ്താൻ പ്രദേശമാണിത്. ഇന്ത്യയിൽ ജനിച്ചു).1944-ൽ ചൗദരി മൻസൂർ അഹ്മദ് സാഹിബുമായി വിവാഹം നടന്നു. ചൗദരി സാഹിബ് 1947-ൽ മർക്കസിന്റെ സംരക്ഷണത്തിനായി ഖാദിയാനിൽ വരാൻ വഖ്ഫു ചെയ്തപ്പോൾ ഇവരും 1952-ൽ ഖാദിയാനിൽ വന്ന് തന്റെ ഭർത്താവിനോടൊപ്പം ദർവേശ് കാലഘട്ടത്തിൽ ചേർന്നു. ഖാദിയാനോടു വളരെ സ്നേഹമായിരുന്നു. ഭർത്താവിന്റെ വഫാത്തിനുശേഷം അവർ 36 വർഷത്തെ സുദീർഘ കാലം അങ്ങേയറ്റം ക്ഷമയോടും ശുക്റോടുംകൂടി കഴിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അങ്ങേയറ്റം തഖ്‌വാശീലയും ദൈവസൃഷ്ടികളോടു സഹതാപിയും വളരെ നല്ല സ്ത്രീയുമായിരുന്നു. വീട്ടിൽവരുന്ന ഭിക്ഷക്കാരെ ഒരിക്കലും വെറുംകൈയോടെ മടക്കിയിരുന്നില്ല. മരിക്കുന്നതിന് ഒരു വർഷം മുമ്പേവരെ റമളാനിലെ മുഴുവൻ നോമ്പും പിടിച്ചിരുന്നു. ഒന്നിലധികം തവണ വിശുദ്ധ ഖുർആൻ ഖത്തം ചെയ്തിരുന്നു. തന്റെ മക്കളേയും നമസ്കാരം ജമാഅത്തായിട്ട് നമസ്കരിക്കാനും വിശുദ്ധ ഖുർആൻ പാരായണം ചെയ്യാനും ഖിലാഫത്തിനേയും ജമാഅത്ത് വ്യവസ്ഥിതിയേയും പൂർണമായി അനുസരിക്കാനും പിൻപറ്റാനും ഉപദേശിക്കാറുണ്ടായിരുന്നു. അങ്ങേയറ്റം ദുആ ചെയ്യുന്നവരും ആരാധനാകർമങ്ങൾ നിർവഹിക്കുന്നവരും ക്ഷമിക്കുന്നവരും നന്ദി കാണിക്കുന്നവരും അല്ലഹുവിൽ സർവവും സമർപിക്കുന്നതിന്റെ പൂർണ മാതൃകയും ചൊവ്വായ കാര്യങ്ങൾ സംസാരിക്കുന്നവരും തന്റെ മക്കൾക്ക് നല്ല തർബിയ്യത്ത് കൊടുക്കുന്നവരും ഉള്ളതിൽ തൃപ്തിപ്പെടുന്നവരും വലിയ അഭിമാനിയും വാത്സല്യനിധിയായ സ്ത്രീയുമായിരുന്നു. കശ്ഫും സ്വപ്നങ്ങളും ഉണ്ടാകുമായിരുന്നു. എല്ലാ മക്കളുടേയും വിവാഹബന്ധം അവർ എടുത്തത് ദീനീപരമായ ഉദ്ദേശ്യങ്ങളെ മുന്നിൽവച്ചുകൊണ്ടു മാത്രമായിരുന്നു. പരേത മൂസിയ ആയിരുന്നു. മൂന്നുപെൺകുട്ടികളും അഞ്ചു ആൺകുട്ടികളുമാണുള്ളത്. മൂന്നു ആൺമക്കൾ വഖ്ഫെ സിന്ദഗീ മുറബ്ബികളാണ്. അവരിൽ ഒരു മകൻ ത്വാഹിർ അഹ്മദ് ചീമ ജാമിഅ അഹ്മദിയ്യായിൽ ഉസ്താദാണ്. ഒരു മകൻ മുബാറക് അഹ്മദ് ചീമ ഇൻചാർജ് ദഫ്ത്തർ ഉൽയാ ആണ്. ഇപ്പോൾ സെക്രട്ടറി ശൂറ ഭാരതുമാണ്. അല്ലാഹു പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ.

മൂന്നാമത്തെ ജനാസ റാണ മുബാറക് സാഹിബിന്റേതാണ്. അദ്ദേഹം ലാഹോർകാരനായിരുന്നു. അതിനുശേഷം ഇവിടെ വന്നു. 2016 നവംബർ 5ന് 78-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അദ്ദേഹത്തിന്റെ പിതാവ് പരേതനായ റാണ മുഹമ്മദു യഅ്ഖൂബ് സാഹിബ് ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. അക്കാരണത്താൽ കുടുംബത്തിൽ കഠിനമായ എതിർപ്പുണ്ടായി. അദ്ദേഹത്തിന് വീടും മറ്റും ഉപേക്ഷിക്കേണ്ടിവന്നു. അതിനുശേഷം അദ്ദേഹത്തിന്റെ മാതാവും അഹ്മദിയ്യത്ത് സ്വീകരിച്ചു. റാണാ സാഹിബ് കുട്ടിക്കാലംമുതലെ ജമാഅത്തിന്റെ സേവനത്തിൽ എപ്പോഴും ഒന്നാം നിരയിലുണ്ടായിരുന്നു. തുടക്കംമുതലെ ഖിലാഫത്തിനോടും ജമാഅത്തിനോടും ആത്മാർഥതയോടും കൂറോടുമുള്ള ബന്ധം പുലർത്തിയിരുന്നു. ഔദ്യോഗികമായി ജമാഅത്തുപരമായ സേവനം 1967 മുതൽ തുടങ്ങി. അത് അവസാന ശ്വാസംവരെ തുടർന്നു. അദ്ദേഹത്തിന് ലാഹോറിലും ബഹാവുൽപൂരിലും ഖായിദ് മജ്ലിസ്, സെക്രട്ടറി മാൽ എന്നിവയ്ക്കു പുറമെ 30 വർഷംവരെ ലാഹോറിലെ അല്ലാമ ഇഖ്ബാൽ ടൗൺജമാഅത്തിന്റെ സ്വദർ എന്നനിലയിലും പ്രവർത്തിക്കാൻ തൗഫീഖ് കിട്ടി. ഇതുകൂടാതെ ദീർഘകാലം ലാഹോർ ജില്ലയുടെ സെക്രട്ടറിമാൽ, സെക്രട്ടറി തഹ്‌രീക്കെ ജദീദ്, സെക്രട്ടറി വഖ്ഫെ ജദീദ് എന്നീ നിലകളിലും സേവനത്തിനുള്ള ഭാഗ്യം കിട്ടി. റിട്ടയേർഡ്മെന്റിനുശേഷം അദ്ദേഹം തന്നെ വഖ്ഫ് ചെയ്യുന്നതിന് സമർപിച്ചു. അങ്ങനെ അൽഫള്ലിന്റെ പ്രതിനിധി എന്ന നിലയിൽ സേവനം അനുഷ്ഠിച്ചുപോന്നു. അങ്ങേയറ്റം മൃദുല സ്വഭാവിയും ദുആ ഇരക്കുന്ന ആളും കൃത്യമായി ചന്ദ കൊടുക്കുന്ന വ്യക്തിയും ഖിലാഫത്തിനെ ഹൃദയം ഗമമായി സ്നേഹിക്കുന്ന ആത്മാർഥനുമായിരുന്നു. അൽഫള്ലിൽ ലേഖനങ്ങൾ എഴുതാറുണ്ടായിരുന്നു. വളരെ നല്ല ലേഖനങ്ങളായിരുന്നു. പാക്കിസ്താനിൽ താമസിക്കുവോളം എനിക്ക് മുടങ്ങാതെ അവിടെത്തെ അവസ്ഥകളും ആരെങ്കിലും രോഗിയായാൽ അവരുടെ വിവരങ്ങളും ആദ്യം എഴുതി അറിയിക്കാറുണ്ടായിരുന്നത് ഇദ്ദേഹമായിരുന്നു. ജനങ്ങൾക്കുവേണ്ടിയും മിക്കപ്പോഴും ദുആയ്ക്ക് അപേക്ഷിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയ്ക്കുപുറമെ ഒരു മകളും മൂന്നു ആൺമക്കളുമുണ്ട്. ധാരാളം പൗത്രന്മാരും പൗത്രിമാരുമുണ്ട്. എല്ലാവരും ഇവിടെത്തന്നെയാണ്. അല്ലാഹു പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ.

ഇപ്രകാരംതന്നെ ശഹീദ് മർഹൂമിന്റേയും ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ഇപ്പോൾ കുട്ടികൾ സിറിയയിൽനിന്ന് കനഡയിലേക്കു പോയി. അല്ലാഹു ഈ അന്തരീക്ഷത്തിൽനിന്നും അവരെ രക്ഷിക്കുമാറാകട്ടെ. ഏതൊരു സദുദ്ദേശ്യത്തിനുവേണ്ടിയാണോ ശഹീദ് മർഹൂം അഹ്മദിയ്യത്ത് സ്വീകരിച്ചത് അദ്ദേഹത്തിന്റെ മക്കൾക്കും അതു തുടർന്നുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.


# ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

**മാനേജർ ബദ്ർ വീക്കിലി ഫോൺ: 094170-20616**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 5-12 January 2017 Issue-1-2

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# നിങ്ങൾക്കെതിരിൽത്തന്നെയും സാക്ഷി പറയേണ്ടിവന്നാൽ സമ്പൂർണമായും നീതി പാലിക്കുക എന്നത് വിശുദ്ധ ഖുർആനിന്റെ പാഠമാണ്. ഈ പാഠമനുസരിച്ച് പ്രവർത്തിച്ചാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഇല്ലെങ്കിൽ ഒരു ഭൗതിക നിയമത്തിനും ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല.

**അമീറുൽമുഅ്മിനീന്റെ കനഡ പര്യടന വേളയിൽ 2016 ഒക്ടോബർ 5 ന് ഗ്ലോബൽ ടെലിവിഷൻ ചാനലിന്റെ പ്രതിനിധി ഹുദ്ദൂറുമായി നടത്തിയ അഭിമുഖം**

ജേണലിസ്റ്റ് ചോദിച്ചു: തൊഴിൽ രഹിതർക്ക് ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങൾക്കു പുറമെ, ഇസ്‌ലാമിൽ ജിഹാദിനെ സംബന്ധിച്ച അധ്യാപനം ഉണ്ടെന്ന് വാദിക്കുന്ന ചിലരും ഉണ്ടല്ലോ. അതു കൊണ്ടല്ലേ ഈ തീവ്രവാദപ്രശ്നം വളരുന്നത്?

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഈ സംഗതികളെല്ലാം 2008ലെ സാമ്പത്തിക പ്രതിസന്ധിക്ക് ശേഷമാണ് ആരംഭിച്ചത്. അതിനു ശേഷം ഞാൻ നേരത്തെ പറഞ്ഞതു പോലെ, ചില മുസ്‌ലിം രാഷ്ട്രങ്ങൾ നീതിയോടെയല്ല വർത്തിച്ചത്. ഈ അനീതി കാരണം നിങ്ങളുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നുവെന്ന് പറഞ്ഞ് ചിലരെ ഇളക്കിവിട്ടു. വാസ്തവത്തിൽ മുമ്പേതന്നെ വിഷമത്തിലും ഈർഷ്യയിലും കഴിഞ്ഞിരുന്നവരെ തീവ്രവാദികളാക്കാനാണ് ചില ഗ്രൂപ്പുകൾ ശ്രമിച്ചത്. അവർ തങ്ങളുടെ രാജ്യങ്ങളിൽ മാത്രമല്ല, അതുതന്നെ യൂറോപ്പിലും പാശ്ചാത്യ നാടുകളിലും ചെയ്യുകയുണ്ടായി. അവരുടെ ദു:ഖവും കോപവും അസ്വസ്ഥതയും നിരാശയും കാരണം ജിഹാദ് ചെയ്യാൻ ഒരുങ്ങിയിരിക്കുന്ന അവസ്ഥയാണിപ്പോൾ. ഈ കാര്യങ്ങൾക്കെല്ലാം രേഖാമൂലമുള്ള സാക്ഷ്യങ്ങളുണ്ട്. നിങ്ങൾ ജനങ്ങളോട് കാണിക്കുന്ന ഈ പെരുമാറ്റം, ഈ അതിക്രമം ഖുർആനികധ്യാപനങ്ങൾക്ക് എതിരാണല്ലോ, ഇങ്ങനെ മൃഗീയമായി പെരുമാറാൻ ഖുർആനിൽ എവിടെയാണ് പറഞ്ഞിരിക്കുന്നതെന്ന് ഒരു ഫ്രഞ്ച് റിപ്പോർട്ടർ ഐ എസിനു വേണ്ടി പോരാടുന്നവരോട് അല്ലെങ്കിൽ പ്രവർത്തിക്കുന്നവരോട് ചോദിച്ചെന്ന് അദ്ദേഹം റിപ്പോർട്ട് ചെയ്യുന്നു. അതിന് അവരിൽ അധികംപേരും മറുപടി പറഞ്ഞത് 'ഖുർആനിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് ഞങ്ങൾക്കറിയില്ല. ഞങ്ങളുടെ മേലുദ്യോഗസ്ഥർ ജനങ്ങളുടെ തലയെടുക്കാനും മൃഗീയമായ കാര്യങ്ങൾ ചെയ്യാനും കൽപിക്കുന്നതു മാത്രമേ തങ്ങൾക്കറിയുകയുള്ളു എന്നാണ്.' അവരിൽ അധികമാളുകളും ഇസ്‌ലാമികാധ്യാപനങ്ങളെ സംബന്ധിച്ച് അജ്ഞരാണെന്ന് ആ ഫ്രഞ്ച് റിപ്പോർട്ടർ പറയുന്നു. ആവേശം അങ്ങേയറ്റം തലക്കു പിടിച്ചവരാണവർ. അവരുടെ ഓഫീസർമാരും മറ്റു വിമത ഗ്രൂപ്പുകളും തങ്ങളുടെ ലക്ഷ്യം കരസ്ഥമാക്കാനുള്ള ശ്രമത്തിലാണ്, തങ്ങളുടെ താൽപര്യങ്ങൾ കരസ്ഥമാക്കാനുള്ള ശ്രമത്തിലാണ്. ചാവേർ ആക്രമണങ്ങൾ ഇസ്‌ലാമിൽ അനുവദനീയമല്ലെന്നിരിക്കെ പിന്നെന്തിനാണ് നിങ്ങൾ അത് ചെയ്യുന്നതെന്ന് അവരോട് ചോദിച്ചുവെന്നും പറയപ്പെടുന്നു. അതിന് അവർ പറഞ്ഞത് ഇങ്ങനെയാണ്: 'ശരിയാണ്.ഇതെന്താണെന്ന് ഞങ്ങൾക്കറിയില്ല.പക്ഷേ, മേലുദ്യോഗസ്ഥരിൽനിന്ന് തങ്ങൾക്കുള്ള കല്പന ഇതാണെന്നാണ്.' ഇസ്‌ലാമിനെക്കുറിച്ച് വളരെ കുറച്ച് മാത്രം അറിവുള്ളവരും അവരിലുണ്ട്. അവർ പറഞ്ഞു:' ശരിയാണ്, ഇത് അനുവദനീയമല്ലെന്ന് ഞങ്ങൾക്കറിയാം. പക്ഷേ, ആരെങ്കിലും ഇതനുസരിച്ച് പ്രവർത്തിക്കുമ്പോൾ ഞങ്ങളവനെ തടയില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളത് ചെയ്യുകയില്ലെന്നാണ്.' ഇതു സംബന്ധിച്ച് പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണവരെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. ഒന്നും ഒന്നും രണ്ടാണെന്ന് വ്യക്തമായ ഭാഷയിൽ പറയാൻ അവർക്ക് സാധിക്കുന്നില്ല. സംഗതി മുഴുവനും കെട്ടുപിണഞ്ഞ് കിടക്കുകയാണ്. ആയുധശേഖരണത്തിൽ അവർക്ക് തുറന്ന അനുവാദം നൽകിയിരിക്കുന്നതിനാൽ പാശ്ചാത്യനാടുകളിലും ഇതിന് പ്രചാരം നൽകിവരികയാണ്.

ജേണലിസ്റ്റ്: മുസ്‌ലിം തീവ്രവാദികളെ ആയുധം വാങ്ങാൻ പാശ്ചാത്യർ സഹായിക്കുന്നുവെന്നാണോ താങ്കൾ പറയുന്നത്?

അമീറുൽമുഅ്മിനീൻ: പല വൻഭരണകൂടങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. ഭരണകൂടങ്ങൾ പലരും വിമത ഗ്രൂപ്പുകളെ സഹായിച്ചു കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിക് സ്റ്റേറ്റ് ഇപ്പോഴും എങ്ങനെയാണ് നിലനിന്ന് പോരുന്നതെന്ന് ചിന്തിച്ചാൽ മാത്രം മതി. എണ്ണ വിറ്റുകൊണ്ട് കോടിക്കണക്കിന് ഡോളറുകളാണ് അവർ സമ്പാദിച്ചു കൊണ്ടിരിക്കുന്നത്. ഏതുവരെയെന്നാൽ അവരുടെ ബാങ്കുകൾ മുഖേന ട്രാൻസാക്ഷനുകളും നടന്നു കൊണ്ടിരിക്കുന്നു. പ്രബല രാജ്യങ്ങളായ റഷ്യയുടേയും ഇറാന്റേയുംമേൽ നിങ്ങൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു.അവരുടെ സാമ്പത്തികാവസ്ഥയാണെങ്കിൽ വളരെ മോശവുമാണ്. പിന്നെന്തുകൊണ്ട് ഈ ഗ്രൂപ്പുകളുടെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി പ്രശ്നം പരിഹരിക്കുന്നില്ല?

ജേണലിസ്റ്റ്: ഒരുപാട് ജോലിത്തിരക്കുള്ള മനുഷ്യനാണ് താങ്കളെന്ന് എനിക്കറിയാം. അവസാനമായി ഒരു ചോദ്യം കൂടി ഉന്നയിച്ച് ഞാൻ നിറുത്താം. പ്രയാസമുള്ള ചോദ്യമാണത്. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമാകുന്ന, കുഴപ്പങ്ങൾ കുറയുന്ന ഇസ്‌ലാമിന്റെ ഞങ്ങളറിയാത്ത എന്ത് കാര്യങ്ങളാണ് കനേഡിയൻ ജനത അറിയേണ്ടതായിട്ടുള്ളത്?

അമീറുൽമുഅ്മിനീൻ: നോക്കൂ, ഈ പ്രശ്നം പരിഹരിക്കാനായി പല വിധത്തിലും നിങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു. പ്രശ്നപരിഹാരത്തിനായി ഭരണകൂടങ്ങളും പദ്ധതികൾ അവതരിപ്പിക്കുകയും നിയനിർമാണം നടത്തുകയും ചെയ്യുന്നു. വൻഭരണകൂടങ്ങൾപോലും ഇതിനെ ഗൗരവത്തിലാണ് എടുത്തിരിക്കുന്നത്. അതുകൊണ്ട് അവർ ഐ എസിന്നെതിരിൽ വിലക്കേർപ്പെടുത്തുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നു. ഈ ഗ്രൂപ്പിനെ അവസാനിപ്പിക്കാനാണ് അവർ അങ്ങനെ ചെയ്യുന്നതെന്ന് താങ്കൾക്ക് അറിവുള്ളതാണല്ലോ. ഇപ്പോൾ അവർ മുമ്പേ എന്നപോലെ ഉത്സുകരായി പ്രവർത്തിക്കുന്നില്ല.

ഇസ്‌ലാം ഈ പ്രശ്നത്തെ എങ്ങനെയാണ് പരിഹരിക്കുന്നതെന്നാണ് ഇനി താങ്കൾ ചോദിക്കുന്നത്. ഇതിന് എനിക്ക് പറയാനുള്ള ഉത്തരം ഇതാണ്: ഇക്കാര്യത്തിൽ നിങ്ങൾ എല്ലാ ഭൗതിക ശ്രമങ്ങളും നടത്തിക്കഴിഞ്ഞു. ഇസ്‌ലാമികധ്യാപനമനുസരിച്ചുള്ള പരിഹാരശ്രമങ്ങളാണ് ഇനി ബാക്കിയുള്ളത്. ആ അധ്യാപനം യഥാർഥ മുസ്‌ലിംകളിലെ കർമ മാതൃകയിലാണ് കാണപ്പെടുന്നത്. ഞങ്ങൾ അഹ്മദികൾ യഥാർഥ മുസ്‌ലിംകളാണ്. പൂർണമായ, ശരിയായ അർഥത്തിൽ നീതി നടപ്പാക്കുകയാണെങ്കിൽ, ഭരണകൂടങ്ങൾ, വിശേഷിച്ചും അറബ് രാഷ്ട്രങ്ങളും പ്രകൃതിസ്രോതസ്സുള്ള രാഷ്ട്രങ്ങളും തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾ നോക്കാതെ ശരിയായ നിലയിൽ നീതി തത്ത്വങ്ങൾ പാലിക്കുകയാണെങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് നമുക്ക് പറയാൻ കഴിയുന്നതാണ്. കോടിക്കണക്കിന് ഡോളറുകളുടെ ആയുധങ്ങളാണ് സൗദി അറേബ്യക്ക് വിറ്റിരിക്കുന്നതെന്ന കാര്യം നിങ്ങൾക്കറിയുമോ? ഇത് എന്തിനാണെന്നാണ് ചോദ്യം. യമനെതിരെ യുദ്ധം ചെയ്യാനാണോ? മറ്റു ഭരണകൂടങ്ങളുമായി നീതിപരമായ കച്ചവടമാണ് തങ്ങൾ നടത്തുന്നതെന്നാണ് അവർ പറയുന്നത്. നിരപരാധികളായ ജനങ്ങളേയും രാഷ്ട്രങ്ങളേയും ആക്രമിക്കാൻ ഉപയോഗിച്ചാലും അവരുടെ ഇഷ്ടത്തിന് ഉപയോഗിച്ചാലും തങ്ങൾ ഗൗനിക്കില്ലെന്നും ഈ ഭരണ കൂടങ്ങൾ പറയുന്നു. ഇത് അർഥമാക്കുന്നത് പൂർണമായ നീതിയില്ലെന്നാണ്. എന്നാൽ, തനിക്കെതിരിലോ തന്റെ മാതാപിതാക്കൾക്കെതിരിലോ അടുത്ത ബന്ധുക്കൾക്കെതിരിലോ സാക്ഷി പറയേണ്ടിവന്നാലും പൂർണ നീതിയോടെ ആയിരിക്കണമെന്നാണ് ഖുർആൻ സിദ്ധാന്തിക്കുന്നത്. ഈ അധ്യാപനം പ്രായോഗികമാക്കിയാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്. അല്ലാത്തപക്ഷം, മറ്റൊരു ഭൗതികനിയമത്തിനും ഈ പ്രശ്നം പരിഹരിക്കാനാവില്ല. (അവസാനിച്ചു)

(പരിഭാഷ: ആരിഫ് മുഹമ്മദ് ബി.എം കോഴിക്കോട്)

## ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

ബഹുമാന്യ റാണാ സഊദ് സാഹിബ്

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹൂ

താങ്കളുടെ കത്തു കിട്ടി. അതിൽ താങ്കൾ റേഡിയേഷന്റെ ദോഷഫലങ്ങളിൽനിന്ന് രക്ഷപ്പെടേണ്ടതിനുള്ള ഹോമിയോപ്പതി മരുന്നുകളെക്കുറിച്ച് ചോദിച്ചിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് റഹ്മഹുല്ലാഹ് പാക്കിസ്താന്റെ ആറ്റമീ പരീക്ഷണത്തിന്റെ അവസരത്തിൽ പാക്കിസ്താനിലെ അഹ്മദികൾക്ക് മരുന്നുകൾ കൊടുത്തിരുന്നു. ഞാൻ തന്നെയും അതുപയോഗിച്ചിരുന്നു. എന്റെ ഭാര്യയും മക്കളും ഉത് ഉപയോഗിച്ചിരുന്നു. ആ മരുന്നുകളുടെ വിശദവിവരമാണ് താഴെ ചേർക്കുന്നത്.

ഹുവശ്ശാഫീ

| | |
|---|---|
| ആദ്യത്തെ ആഴ്ച | Carcinosin CM |
| രണ്ടാമത്തെ ആഴ്ച | Radium Bromide CM |
| മൂന്നാമത്തെ ആഴ്ച | Carcinosin CM |
| നാലാമത്തെ ആഴ്ച | Radium Bromide CM |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M –ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

വസ്സലാം

ഖലീഫത്തുൽ മസീഹ് അൽഖാമിസ്

കോപ്പി: PS ഓഫീസ് ലണ്ടൻ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin